മഹാഭാരതത്തിലെ

കർണ്ണൻ

ഗ്രന്ഥകർത്താവ്:

കെ. എസ്. ഉണ്ണി,

ബി. എ. (ഓണേഴ്സ്) എഫ് ആർ. ഇ. എസ്.

കേരള സാഹിത്യ
അക്കാദമി

മഹാഭാരതത്തിലെ കർണ്ണൻ.

കേരളസാഹിത്യ അക്കാദമി

ഗ്രന്ഥകർത്താവ്:

കെ. എസ്. ഉണ്ണി,

ബി. എ. (ഓണേഴ്സ്) എഫ്. ആർ. ഇ. എസ്.

വില 8 അണ.

Pa
57

മഹാഭാരതത്തിലെ
കണ്ണൻ.

ഗ്രന്ഥകർത്താവ്:

കെ. എസ്. ഉണ്ണി,

ബി. എ. (ഓണേർസ്) എഫ് ആർ. ഇ. എസ്.

കേരളസാഹിത്യ
അക്കാദമി

1099

500 COPIES.

(*All rights reserved*)

PRINTED AND PUBLISHED BY C. K. DAMODARAN
AT THE VIDYA VILASAM PRESS, TELLICHERRY.

Price 8 as — വില 8 ണ.

"യദ്യദാചരതി ശ്രേഷ്ഠഃ
തത്ത ദേവേത രോജനഃ
സയൽപ്രമാണം കുരുതേ
ലോകസ്തദനുവർത്തതേ."

(ഭഗവദ്ഗീത.)

കേരള സാഹിത്യ അക്കാദമി

പ്രസ്താവന

ഭാരതകഥാപാത്രങ്ങളെ പററി ഒരു നിരൂപണം ചെയ്യുന്ന അവസരത്തിൽ അതിന്നുമുമ്പായി രണ്ടു വാക്കു പറയേണ്ടിയിരിക്കുന്നു. ഒരു ഗ്രന്ഥത്തെ പല വിധത്തിലും നിരൂപണം ചെയ്യാവുന്നതാണ്. കവിയുടെ ഉദ്ദേശം ഇന്നതാണെന്നു മനസ്സിലാക്കി, ആ ഉദ്ദേശത്തെ നിരൂപണംചെയ്യുന്ന ഗ്രന്ഥം എത്രമാത്രം വെളിപ്പെടുത്തുന്നുണ്ടെന്നു പരിശോധിച്ചു നോക്കുന്നതു സാധാരണ കണ്ടുവരുന്ന നിരൂപണരീതിയാണ്. കവിയുടെ ഉദ്ദേശം തന്നെ എത്രമാത്രം യോഗ്യതപ്പെട്ടതാണെന്നു പരീക്ഷിക്കുകയും, നിരൂപണഗ്രന്ഥത്തിലെ കഥയും കഥാപാത്രങ്ങളും ആ ഉദ്ദേശമനുസരിച്ചു യോഗ്യതയുള്ളവകൾ തന്നെയോ എന്നു പരിശോധിച്ചുനോക്കുന്നതും, മറെറാരു നിരൂപണ രീതിയാണ്. കവിയുടെ മനോഗതികളെയും ഉദ്ദേശത്തെയും അദ്ദേഹത്തിന്റെ ജീവിതകാലത്തെ ലോകനടവടികളെയും സാമുദായിക ധർമ്മങ്ങളെയും സ്വീകരിച്ചു, അവയുപ്രകാരം അദ്ദേഹത്തിന്റെ ഗ്രന്ഥത്തിലെ കഥയും കഥാപാത്രങ്ങളും എത്രമാത്രം വിശിഷ്ടങ്ങളാണെന്നു ചിന്തിക്കുന്നതും ഒരു നിരൂപണരീതി തന്നെ. ചരിത്രസംബന്ധമായ ഗ്രന്ഥങ്ങളേയും പ്രാചീനകവിതകളെയും പരിശോധിക്കുമ്പോൾ അവയതുകളിൽ പ്രസ്താവിച്ചിട്ടുള്ള സംഗതികളുടെ വാസ്തവത്തെയും കാലപൂർവ്വാപരത്തെ

രുടെ ജന്മങ്ങളെപ്പററിയുള്ള സത്യത്തേയും സൂക്ഷ്മമായി പരിശോധിക്കുന്നതിന്ന ചരിത്രസംബന്ധമായ നിരൂപണ (Historical criticism)മെന്നും പേർ പറഞ്ഞുവരാറുണ്ട്. ഇതുകൾക്ക പുറമെ കവിതാലക്ഷണങ്ങളെമാത്രം ആസ്പദിച്ച് അലങ്കാരം, ആശയം, രസം ആദിയായ കവിതാവിഭൂതികൾ ഓരോഗ്രന്ഥങ്ങളിൽ ഉള്ളതു എത്രമാത്രം വിശിഷ്ടങ്ങളാണെന്ന മാത്രവും പരിശോധിച്ചുവരാറുണ്ട്.

ഇങ്ങിനെ പലവിധം നിരൂപണം ചെയ്തുവരാറുള്ള രീതികളിൽ ഞാൻ ഇവിടെ കൈക്കൊണ്ടിട്ടുള്ളത് കവിയുടെ മനോഗതികളെയും, ഉദ്ദേശങ്ങളെയും അദ്ദേഹത്തിൻെറ ജീവകാലത്തെ ലോകനടവടികളെയും സാമുദായിക ധമ്മങ്ങളെയും, സ്വീകരിച്ച്, ആയതുപ്രകാരം ഭാരതത്തിലുള്ള കഥാപാത്രങ്ങളുടെ യോഗ്യതായോഗ്യതകളെപ്പററി വിചിന്തനം ചെയ്യുകയെന്നുള്ളതാകുന്നു. അതിനാലാണ് ഭാരതകഥ നടന്നതൊ അല്ലാത്തതൊ എന്നും ഭാരതകത്താവു വ്യാസനൊ മററു വല്ലവരുമൊ എന്നും അതിൽ പ്രസ്താവിച്ചിട്ടുള്ള ധമ്മങ്ങൾ സ്വീകാരയോഗ്യങ്ങളൊ അല്ലയൊ എന്നും മററുമുള്ള വിവാദവിഷയങ്ങളെപ്പററി ഈ പ്രബന്ധത്തിൽ ഒന്നുംതന്നെ പ്രസ്താവിച്ചിട്ടില്ലാത്തതു. എന്നു മാത്രമല്ല, ഭാരതത്തിൽ ഘോഷിക്കുന്ന ബ്രാഹ്മണപ്രശംസ, ക്ഷാത്രധമ്മം, വണ്ണാശ്രമധമ്മം, എന്നിതുകളെ അതുപോലെതന്നെ സ്വീകരിച്ചുംകൊണ്ടു കഥാപാത്രങ്ങൾ എത്രമാത്രം അതുകളോടു അനുസരിക്കുന്നവകളാണെന്നു മാത്രമാണ് ഇവിടെ നിരൂപണം ചെ

ച്ചിട്ടുള്ളത്. അല്ലാതെ നവീനധമ്മതത്വങ്ങളെ ആസ്പ്ദിച്ച നിരൂപണം ചെയ്തിട്ടുള്ളതല്ലാ. കവിയുടെ ഉദ്ദേശങ്ങളെയും ധമ്മബോധങ്ങളെയും മററും സ്വീകരിച്ചു ആയതുപ്രകാരം കഥാപാത്രങ്ങളെ പരിശോധിച്ചു നോക്കുന്നത്തന്നെയാണ് ശരിയായ നിരൂപണം എന്നത്രെ ഞാൻ വിശ്വസിച്ചുവരുന്നതു.

ശ്രീകൃഷ്ണനെപ്പററി നിരൂപണംചെയ്തിട്ടുള്ളതു, അദ്ദേഹത്തെ അവതാരപുരുഷനാണെന്നു ആദ്യമെതന്നെ സങ്കല്പിച്ചുംകൊണ്ടല്ല. ഒരാഠം അവതാരപുരുഷനാണൊ അല്ലയൊ എന്നുള്ളത് അദ്ദേഹത്തിൻെറ പ്രവൃത്തിയുടെ വിശിഷ്ടതകഠംകൊണ്ടും ബുദ്ധിഗുണംകൊണ്ടും ആണല്ലൊ നാമനുമാനിക്കേണ്ടതു. അല്ലാതെ ഒരുവൻ അവതാരപുരുഷനാണെന്നു കരുതി പിന്നീട്ടുള്ള അവൻെറ സകല പ്രവൃത്തികളെയും ന്യായീകരിക്കുവാൻ ശ്രമിക്കുന്നതു കുതിരക്കു മുമ്പിൽ വണ്ടിയെ പൂട്ടുവാൻ ശ്രമിക്കുന്നതുപോലെയിരിക്കുന്നതാണ്. പ്രവൃത്തികളിൽനിന്നു ഒരുവൻെറ സ്വഭാവം തെളിയുന്നതല്ലാതെ ആ പ്രവൃത്തികളെ തന്നെ അവൻെറ സ്വഭാവംകൊണ്ടു സമാധാനപ്പെടുത്തുവാൻ ശ്രമിക്കുന്നതു ഏററവും വിഡ്ഢിത്വം തന്നെയാണ്. ശ്രീകൃഷ്ണൻ അവതാരപുരുഷനാണെന്നു ആദ്യമേതന്നെ സങ്കല്പിച്ചു അതുപ്രകാരം അദ്ദേഹത്തിൻെറ ക്രിയകളെ പരിശോധിക്കുന്നതായാൽ ഒരു പക്ഷെ ആയവകഠംക്കു ഇതിലധികം സമാധാനം കണ്ടുവെന്നുവരാം. ശ്രീകൃഷ്ണൻ ഒരു അവതാരപുരുഷനായിരുന്നുവെന്നു അക്കാലത്തുള്ളവരിൽ തന്നെ മിക്കപേരും ധരിച്ചിരു

നില്ലെന്നും ഭാരതത്തിൽനിന്നു തെളിയുന്നുണ്ട്. ദുര്യോധനാദികൾക്കു ഒട്ടുംതന്നെ സംശയമുണ്ടായിരുന്നില്ല. ഒരു ബലവാനായ ബന്ധുവെന്നല്ലാതെ ഒരു അവതാരപുരുഷനെന്ന നിലയിൽ ശ്രീകൃഷ്ണനെ യുധിഷ്ഠിരൻ കരുതിയിരുന്നുവൊ എന്നു അവർ തമ്മിലുള്ള നടവടികൾ പരിശോധിക്കുമ്പോൾ ബലമായി ശങ്കിക്കേണ്ടിയിരിക്കുന്നു. അക്കാലത്തുള്ളവർതന്നെ ഈ വിധം ശങ്കിക്കെ നമ്മൾ ശ്രീകൃഷ്ണനെ അവതാരപുരുഷനായി കയ്യേറ്റുകൊണ്ടു അദ്ദേഹത്തിന്റെ പ്രവൃത്തികളെ ന്യായീകരിക്കുവാൻ ശ്രമിക്കുന്നതു ഒട്ടുംതന്നെ യുക്തമാവുന്നതല്ല.

ഈ പ്രബന്ധത്തിൽ ഭാരതകഥാപാത്രങ്ങളിൽ എല്ലാവരെയും ഒരുപോലെ പൂർണ്ണമായി നിരൂപണം ചെയ്തിട്ടില്ല. കർണ്ണനെപ്പററി പലർക്കും പല തെററിദ്ധാരണകളും ഉള്ളതായി അറിയുന്നതിനാൽ ആയതിനെ നീക്കേണമെന്നുള്ളത് മാത്രമാണ് ഇതിന്റെ പ്രധാന ഉദ്ദേശം. മററുള്ളവരെപ്പററി യാതൊന്നും പ്രസ്താവിക്കാതെ കർണ്ണനെമാത്രം വിസ്തരിക്കുന്നതായാൽ ആയത് പൂർത്തിയാവില്ലെന്നു കരുതി മററുള്ളവരെപ്പററിയും അല്പാല്പം ഇതിൽ പ്രസ്താവിക്കേണ്ടി വന്നതാണ്.

ഈ പ്രബന്ധത്തെ ഈ വിധം ബഹുജനസമക്ഷം സമർപ്പിക്കുന്നതിനായി എന്നെ പലവിധേന സഹായിച്ചിട്ടുള്ള മാന്യന്മാരോടു എന്റെ നന്ദി ഇവിടെ പ്രസ്താവിക്കുന്നതുകൊണ്ടു മാത്രം അവസാനിക്കുന്നതല്ലാത്തതിനാൽ ആയതിന്നു ഞാൻ ഇവിടെ തുടരുന്നതും ഇല്ല.

1099 മീനം 8-ാംനു-

ഗ്രന്ഥകർത്താവു.

മഹാഭാരതത്തിലെ കണ്ണൻ.

1. പാണ്ഡവപക്ഷം.

ഭാരതീയർ അഞ്ചാംവേദമായി ഭക്തിപുരസ്സരം കരുതിവരുന്നത് മഹാഭാരതമെന്ന ഗ്രന്ഥത്തെയാണല്ലൊ. ഈ ഗ്രന്ഥം ലോകത്തിലുള്ള മററു മഹാഗ്രന്ഥങ്ങളേക്കാൾ വിശിഷ്ടമായ ഒരു സ്ഥാനത്തെ അൎഹിക്കുന്നുണ്ടെന്നു നിസ്സംശയം പറയാവുന്നതാണ്. നടുവിൽ ഒരു വൈരവും ഇരുവശത്ത് ഓരോ മാണിക്യവും, ചുററും അനവധി പൊടിക്കല്ലുകളും ചേൎത്ത് നിൎമ്മിച്ചതായ ഒരു മോതിരം എങ്ങിനെ മററു മോതിരങ്ങളേക്കാൾ ശോഭിക്കുന്നുവോ അതുപോലെ ഭഗവദ്ഗീതാ, വിദുരവാക്യം, ഭീഷ്മോപദേശം എന്നിവകൾ കൂടാതെ അനവധി സൂക്തിരത്നങ്ങൾ കൂടിചേൎന്നു മിന്നുന്ന ഭാരതം എങ്ങിനെ മററുഗ്രന്ഥങ്ങളേക്കാൾ ശ്രേഷ്ഠമായ ഒരു പദവിയെ പ്രാപിക്കാതിരിക്കും? ഇവകളിൽ എല്ലാററിൽനിന്നും ഐഹികപാരത്രികങ്ങളായ പല സൂക്ഷ്മതത്വങ്ങളും ഖനനം ചെയ്യേണ്ടതായിട്ടുണ്ടു.

വ്യാസമഹൎഷിയാലാണു ഭാരതം നിൎമ്മിക്കപ്പെട്ടിരിക്കുന്നതെങ്കിൽ ആ വ്യാസൻ ഒരു തത്വജ്ഞാനിയൊ വേദാന്തിയോ മാത്രമായിരുന്നുവെന്നു പറഞ്ഞാൽ പോരാ.

ദൈവദത്തമായ യഥാൎത്ഥ കവിതാവാസനയും അദ്ദേഹത്തിന്നുണ്ടായിരുന്നുവെന്നുള്ളതിന്നു ആ ഗ്രന്ഥംതന്നെ സാക്ഷ്യംവഹിക്കുന്നുണ്ടു. മഹാഭാരതത്തിലെ വിഷയം വാസ്തവമായി നടന്നതോ അല്ലാത്തതോ ആയിരിക്കട്ടെ. അതിലെ കഥാപുരുഷന്മാരെ മനുഷ്യഹൃദയത്തിലെ വികാരങ്ങളായി കവി രൂപപ്പെടുത്തിയതോ അല്ലയോ എന്നും നമുക്കു ഈ അവസരത്തിൽ നിരൂപിക്കേണ്ടതായിട്ടില്ല. ഈ ഗ്രന്ഥം നമുക്കു ഒരു മുഴുവൻ ലോകത്തേയും അതിലേ നിവാസികളേയും, അവരുടെ ചരിത്രത്തേയും കാണിച്ചുതരുന്നുണ്ടു് എന്നുള്ളതിന്നു സംശയമില്ലാ. അതിനാൽ ഇതു ഏതു മനുഷ്യനേയും ആഹ്ലാദിപ്പിക്കുന്നതിന്നു ശക്തിയുള്ളതാണെന്നു പറയുന്നതിൽ ഒട്ടുംതന്നെ അന്യായമില്ല.

ഹിന്തുക്കൾ ഒരു വേദഗ്രന്ഥമെന്ന നിലയിൽ ഇതിന്നു നല്കിവരുന്ന പൂജ്യതയെ നിൎത്തിവെച്ച് ഇതിനെ വിവേകബുദ്ധ്യാ പക്ഷപാതമെന്നിയെ പരിശോധിക്കുന്നതായാൽ കഥാനിൎമ്മിതിയിലും, പാത്രസൃഷ്ടിയിലും കവി പ്രദൎശിപ്പിച്ചിട്ടുള്ള നയവും നൈപുണ്യവും ഏതു മനസ്സിനെയാണു് ആഹ്ലാദിപ്പിക്കാത്തത്! ഏതു ബുദ്ധിയേയാണു് ആവൎജ്ജിക്കാതിരിക്കുന്നത്! ഏതൊരു ഹൃദയത്തെയാണു് അത്ഭുതപരതന്ത്രമാക്കാത്തതു!! എന്നാൽ സാധാരണയായി ഈ ഗ്രന്ഥം പാരായണം ചെയ്തുവരുന്നവർ ഇതിന്റെ വിശിഷ്ടതയാൽ പരവശന്മാരായിട്ടോ, അതിലടങ്ങിയ വേദാന്തതത്വങ്ങളാൽ അടിമകളാക്കപ്പെ

ട്ടിട്ടൊ, അതല്ലാ ശ്രീകൃഷ്ണവിലാസമെന്നുകരുതി അതു കൊണ്ടുണ്ടാകുന്ന ഭക്തിയിൽ പരവശന്മാരായിതീൎന്നിട്ടൊ അതൊ ഇത് വായിച്ചറിഞ്ഞു വിവേചനാശക്തിയോടുകൂടി രസിക്കുവാനുള്ള ക്ഷമാമ്പുദ്ധി ഇല്ലാത്തവരായിട്ടൊ എങ്ങിനെയായാലും വേണ്ടതില്ല, ഇതിലടങ്ങിയ കവിതാഗുണത്തേയും, സാക്ഷാൽ പത്മാസനനെക്കൂടി അതിശയിപ്പിക്കുന്ന സൃഷ്ടിമാഹാത്മ്യത്തേയും, ആരും അത്ര ഏറെ പ്രശംസിച്ചുവരുന്നതായി കാണുന്നില്ല. അല്പംചിലർ അവരുടെ കാരണവന്മാർ പ്രകടിപ്പിച്ചതായ ചില അഭിപ്രായങ്ങളെമാത്രം മാമൂലനുസരിച്ച് കാററത്തിടാറില്ലെന്നില്ല. അവൎക്കെല്ലാം വന്ദനം പറഞ്ഞുകൊണ്ട് സ്വതന്ത്രമായി എൻെറ മനസ്സിൽ അങ്കുരിച്ചിട്ടുള്ള ചില അഭിപ്രായബീജങ്ങളെ യഥാശക്തി സാഹിത്യഭൂമിയിൽ വിതക്കേണമെന്നു കരുതീട്ടു മാത്രമാണ ഞാൻ ഇങ്ങിനെ ഒന്നിന്ന് പുറപ്പെട്ടിട്ടുള്ളത്. മഹാശയന്മാർ ഇതിനെ പതിരെന്നുകരുതി തള്ളുന്നതായാലും എനിക്കു ചാരിതാൎത്ഥ്യത്തിന്നേ അവകാശമുള്ളു. അടിമയായി സ്വൎഗ്ഗസുഖം അനുഭവിക്കുന്നതിലും ഭേദം സ്വതന്ത്രനായി നരകം അനുഭവിക്കുന്നതാണ എന്നു പറഞ്ഞിട്ടുള്ള ഒരു മഹാൻെറ തത്വത്തെ തന്നെയാണ് ഞാൻ അനുകരിപ്പാൻ വിചാരിക്കുന്നത്.

പ്രസ്തുത ഗ്രന്ഥത്തിൽ അനവധി കഥാപാത്രങ്ങളുള്ളതിൽ ബഹുജനങ്ങൾ അശങ്കിതം വിശിഷ്ടനെന്നുകരുതി പൂജിച്ചുവരുന്നത് ക്ഷാത്രധൎമ്മമെന്ന സമാധാന

ത്തോടും, സഹോദരന്മാൎക്കവേണ്ടി എന്ന ഒഴികഴിവോടും, എന്നാൽ വാസ്തവത്തിൽ രാജ്യലക്ഷ്മിയിലുള്ള ആഗ്രഹ ത്തോടുംകൂടി വൎത്തിക്കുന്ന യുധിഷ്ഠിരനെയാണല്ലൊ. ഇ ങ്ങിനെപറയുമ്പോൾ ഒരുപക്ഷെ ചിലർ എന്നെ ശകാരി ക്കമായിരിക്കാം. അതിന്ന് മുമ്പായി വായനക്കാരോട് എ നിക്കൊരപേക്ഷയുണ്ട്. ക്ഷാത്രധൎമ്മമെന്നു പറയുന്നത്, ഏതുവിധത്തിൽ നിരൂപിക്കുന്നേരതായാലും ശാശ്വതമായി ഒരു ജാതിക്കു (അതായ്ത ക്ഷത്രിയജാതിക്കു) പൊതുവിൽ ബാധകമാകുന്ന ഒരു നടവടിയോ ധൎമ്മമോ എന്നല്ലാതെ ഓരോരുത്തരുടേയും സൌകൎയ്യമനുസരിച്ചു വ്യതിചലിപ്പി ക്കാവുന്ന ഒന്നല്ലെന്നുള്ള വാസ്തവത്തെ ധരിച്ചുകൊള്ളേണ മെന്നു മാത്രമാണ്.

യുധിഷ്ഠിരൻ ക്ഷാത്രധൎമ്മജ്ഞനായിരുന്നുവെങ്കിൽ തനിക്കു അവകാശമുള്ളതെന്നു കരുതിയിരുന്ന രാജ്യത്തെ ജതുഗേഹദഹനത്തിന്നുശേഷം എന്തുകൊണ്ടു വീണ്ടെടുക്കു വാൻ ശ്രമിച്ചില്ല? ശത്രുക്കളോടു നേരിടുവാനുള്ള ശക്തി പോരാത്തതുകൊണ്ടോ അതല്ല, അവസരമില്ലാത്തത് കൊണ്ടോ ആണ് എന്നു പറയുന്നുവെങ്കിൽ ഒരു പക്ഷെ ആയത് ക്ഷന്തവ്യമായിതന്നെ കരുതാവുന്നതാണ്. എ ന്നാൽതന്റെ ഭാൎയ്യയെ ചൂതുകളി അവസരത്തിൽ ദുൎയ്യോ ധനപ്രേരിതനായ ദുശ്ശാസനൻ നഗ്നയാക്കുവാൻ ശ്രമി ക്കുന്നത് കണ്ടുനിന്നത് ഒരു ക്ഷത്രിയന്നു എന്നുവേണ്ട ഒരു പുരുഷന്നും അനുയോജ്യമായ പ്രവൃത്തിയല്ലെന്നു തീൎത്ത് പറയാവുന്നതാണ്. കൎണ്ണൻ ഭത്സിക്കുന്നതു നോക്കുക:-

“എന്തൊക്കുന്നു ജനനംകൊണ്ടുകാൎയ്യം
പരാക്രമവും വീൎയ്യവും പാണ്ഡുപുത്രൻ
ദ്യൂതികലിസ്സഭയിൽ കൃഷ്ണയാമി
പാഞ്ചാലിയെപണയംവെച്ചവിടപാൻ” (സഭാപൎവ്വം).

അതും പോകട്ടെ. വിരാടഗേഹത്തിങ്കിൽനിന്നു സഹിക്കേണ്ടിവന്ന കീചകാധിക്ഷേപവും, സാരമില്ലെന്നു കരുതത്തക്കതോ അല്ലെങ്കിൽ വല്ല ചില്ലറ ഒഴിവുകളും പറഞ്ഞ് തള്ളാവുന്നതുതന്നെയോ എന്നും നിരൂപിക്കുക. എന്നാൽ യുദ്ധാവസരത്തിൽ ക്ഷത്രിയൎക്കുചേൎന്ന കളങ്കമില്ലാത്തതായ നടവടിയോ സപന്ധോഹ്ലപരാക്രമാലംബനമോ മാത്രമാണോ നാം യുധിഷ്ഠിരനിൽ കണ്ടുവരുന്നത്? ശത്രുപക്ഷത്തിലുള്ള ഭീഷ്മരേയും ദ്രോണരേയും ചെന്നാശ്രയിച്ച് അവരുടെ വധോപായം പറഞ്ഞുതരേണമെന്നപേക്ഷിച്ചതും ക്ഷത്രിയകുലാധിക്ഷേപമായ്തീരുന്നതാണ്. എന്നിട്ടല്ലേ യുധിഷ്ഠിരൻ ക്ഷത്രിയധൎമ്മത്തിന്റെ മൂൎത്തീകരണമാണെന്നു സമൎത്ഥിക്കുവാൻ തുനിയേണ്ടതു!

രാജ്യത്തിന്നു കൊതിയില്ലാഞ്ഞിട്ടാണോ ഇങ്ങിനെ ആശ്രയിക്കുവാനിടയായത്? മഹാരഥനായ കൎണ്ണനെ യുദ്ധോദ്യമത്തിൽ തേജോവധം ചെയ്യേണമെന്നു ശല്യരോടപേക്ഷിച്ചതും ഒരു ഉത്തമക്ഷത്രിയന്നു ചേൎന്ന ധൎമ്മമാണോ? അതെല്ലാററിന്നും പുറമെ യുദ്ധാവസാനത്തിൽ തന്റെ മുമ്പിൽവെച്ച് ഭീമസേനനെകൊണ്ടു ദുൎയ്യോധനനെ അധൎമ്മമായി വീഴ്ത്തിച്ചതിന്നുശേഷം ആ തോററുവീണ പടയാളിയുടെ തലക്ക് ഭീമൻ ചവിട്ടിയപ്പോഴും യാ

തൊരു തടസ്ഥവും പറയാതെ കണ്ടുകൊണ്ടുനിന്നപ്പോഴും ഈ അധൎമ്മംകണ്ട് ബലരാമൻ അസഹ്യപ്പെട്ട്, കോപം പ്രകടിപ്പിച്ചപ്പോഴും ഈ മഹാമനസ്കന്റെ "ധൎമ്മം" എവിടെയായിരുന്നു? എന്തുതന്നെ സമാധാനം പറയുന്നതായാലും പതിമൂന്നുകൊല്ലം കൎണ്ണനെ പേടിച്ച് ഉറങ്ങാത്തതായ ഒരു ക്ഷത്രിയന്നു ക്ഷാത്രവീൎയ്യമുണ്ടെന്നും, ധൎമ്മം അറിയുമെന്നും പറഞ്ഞാൽ വിശ്വസിക്കുവാൻ ന്യായമില്ലാ, അധികം പേർ തെയ്യാറുണ്ടാകുമെന്നും തോന്നുന്നില്ല. ക്ഷാത്രധൎമ്മമെന്താണെന്നറിയേണ്ടവർ ഉദ്യോഗപൎവ്വത്തിൽ വിദുലയും തന്റെ പുത്രനുമായുണ്ടായ സംഭാഷണം വായിച്ചുനോക്കിയാൽമതി.

കേരളസാഹിത്യ അക്കാദമി

'മോന്തായം വളഞ്ഞാൽ അറുപത്തുനാലും വളയും' എന്നുള്ള സ്ഥിതിയിലാണ് മററു നാല് പാണ്ഡവന്മാരുടേയും അവസ്ഥ. അടുത്ത അനുജനായ ഭീമൻ വളരെ ശക്തിമാനെങ്കിലും, ആനയെ പാപ്പാൻ എന്നപോലെ, അയാളെ എപ്പോഴും കാത്തുകൊണ്ടിരിക്കേണ്ടിയിരിക്കുന്നു. അയാൾ ഒരു ബഹുഭക്ഷകനും അഹങ്കാരിയും വിവേചനാബോധമില്ലാത്തവനും ആയ ഒരു സ്ത്രീവശഗൻ മാത്രമാകുന്നു. അയാൾ ചെന്നുചാടുന്ന അപകടങ്ങൾക്കു സംഖ്യയില്ല. സൌഗന്ധികപുഷ്പത്തെ അപഹരിക്കുവാൻപോയ അവസരവും, അശ്വത്ഥാമാവിന്റെ പരാക്രമം അറിയാതെ അയാളുടെ ചൂഡാമണി പറിക്കുവാൻ പോയ സന്ദൎഭവും, ദ്രോണവധത്തിന്നുശേഷം അശ്വത്ഥാമാവിന്റെ നാരായണാസ്ത്രത്തോടു പൊരുതുനില്ക്കുവാൻ ശ്രമിച്ച സംഗതിയും

ഓൎക്കുന്നതായാൽ ഈ വാസ്തവം വെളിവാകുന്നതാണ്. അയാളെപ്പററി ഒരു ബഹുമാനം അയാളുടെ സ്വജനങ്ങൾക്കുകൂടി കാണുന്നില്ല. പിന്നെയാണൊ നമുക്കു?

പാണ്ഡുപക്ഷത്തിലുള്ളവൎക്ക് എല്ലാവൎക്കും അവലംബനമായിരുന്നവനും ശ്രീകൃഷ്ണൻെറ സഹായവും സാക്ഷാൽ നരൻെറ അവതാരവും ദേവേന്ദ്രപുത്രനുമായ അൎജ്ജുനനെപ്പററി വല്ല സ്വതന്ത്രചിന്തനവും ചെയ്യുന്നതായാൽ അതുതന്നെ അഹമ്മതിയായി പലരും കരുതിയേക്കാൻ മതി. ഒരു യോഗ്യൻെറ സന്താനമെന്നുകരുതിയോ നല്ല തറവാട്ടിൽ ജനിച്ചവനെന്നു കരുതിയോ അല്ലെങ്കിൽ അദ്ദേഹം വഹിക്കുന്ന സ്ഥാനമാഹാത്മ്യം കരുതിയോ ഒരാളെ ബഹുമാനിക്കാവുന്നതല്ല. അയാളുടെ നടവടികളും മനോഗുണങ്ങളുമാണ് അയാളെ യോഗ്യനാക്കിത്തീൎക്കേണ്ടത്. കൎണ്ണനെപ്പററി ചിന്തിക്കുന്ന അവസരത്തിൽ അൎജ്ജുനനുമായി താരതമ്യപ്പെടുത്തേണ്ടുന്നതാകയാൽ ഇവിടെ പ്രത്യേകം വിസ്തരിക്കുന്നില്ല. ഇദ്ദേഹത്തിൻെറ സ്വഭാവത്തിൽ പല ഗുണങ്ങളുണ്ടെങ്കിലും, ചില ദോഷങ്ങളും പൂൎത്തിയായി കാണുന്നതിനാൽ ഇദ്ദേഹത്തിനേയും ഒരു മാതൃകാപുരുഷനെന്നും നമ്മുടെ തടസ്ഥംകൂടാത്ത ബഹുമാനത്തിന്ന് യോഗ്യനെന്നും ഉള്ളനിലക്കു അൎഹതയില്ലാത്തവനായി തിരസ്കരിക്കേണ്ടിയിരിക്കുന്നു.

മററു രണ്ടു പാണ്ഡവന്മാരും കഥയിൽ പ്രധാന അംഗങ്ങളല്ലെന്നും കവി അവരെ അങ്ങിനെ ഉദ്ദേശിച്ചിട്ടില്ലെന്നും ഭാരതം വായിക്കുന്ന ഏവനും അറിവാൻ സാധി

ക്കുന്നതാകുന്നു. അതുകൊണ്ടു അവൎക്കു സ്വാതന്ത്ര്യബുദ്ധിയു ണ്ടായിരുന്നുവൊ ഇല്ലയൊ എന്നു നമുക്കു തൽക്കാലം ആ ലോചിക്കേണ്ടുന്ന ആവശ്യമില്ല. കഥാപോഷണത്തിന്നാ യി അവരുടെ യാതൊരു പ്രവൃത്തികളും സഹായിക്കുന്ന തായും കാണുന്നില്ല. ധൎമ്മപുത്രരുടെയൊ മററു രണ്ടു സ ഹോദരന്മാരുടെയൊ അഭിപ്രായങ്ങളെ അനുസരിക്കുന്ന തായും അവരുടെ പ്രവൃത്തികളെ അനുകരിക്കുന്നതായും മാത്രമാണ് നാം ഇതുവരെ കണ്ടുവരുന്നത്. അതിനാൽ അവൎക്കു നടവടിസ്വാതന്ത്ര്യമെങ്കിലും ഉണ്ടായിരുന്നതാ യി വിചാരിപ്പാൻ തരമില്ല. അങ്ങിനെയിരിക്കെ അവരെ പററി പൂൎണ്ണാഭിപ്രായം പറയുന്നത അനുചിതമായിരിക്കു മെന്നുള്ളത നിൎവ്വിവാദമാണ്. അറിയുന്നേടത്തോളം അവ ർ ധീരന്മാരും ഗുണവാന്മാരുമാണെന്നാണ പറയേണ്ടത്.

ഇനി നമുക്കു കൌരവപക്ഷത്തിൽ പ്രവേശിക്കുന്ന തിന്നു മുമ്പായി ഭാരതകഥയിലെ ഒരു പ്രധാന നായക ത്വം വഹിക്കുന്നവനും ലോകത്തിൽ ദുഷ്ടനിഗ്രഹത്തിന്നും ധൎമ്മസ്ഥാപനത്തിന്നുംവേണ്ടി അവതരിച്ച വിഷ്ണുവിന്റെ അംശമെന്നു കരുതി "ആരാധിച്ചുവരുന്നവനും, വേദാന്ത മായ ഭഗവൽഗീതയുടെ ഉടമസ്ഥനും ആയ സാക്ഷാൽ ശ്രീകൃഷ്ണനെപ്പററി തന്നെ അല്പം വിചിന്തനം ചെയ്യാം.

പാണ്ഡവകൌരവയുദ്ധമാണ് മഹാഭാരതത്തിലെ കഥാവിഷയമെന്ന് വരികിലും, കഥാരചനാരീതി നോ ക്കുന്നതായാൽ കഥാപ്രാണനായിരിക്കുന്നത്, യാദവവം ശത്തിൽ പിറന്നു വളൎന്ന അൎജ്ജുനസഖാവായിരിക്കുന്ന

കൃഷ്ണനാണെന്ന് ഏവനും സമ്മതിക്കാതെ നിവൃത്തിയില്ല. കൃഷ്ണനൊഴിഞ്ഞിട്ടുള്ള ഒരു ഭാരതചരിത്രം പ്രാണനില്ലാത്ത ലോകംപോലെ നിശ്ചേഷ്ടമാകുന്നതാണ്. സർവ്വനിയന്താവായ ജഗദീശ്വരന്റെ ആജ്ഞകൾ ഏതുവിധം ഈ ലോകത്തിൽ പരിവത്തിക്കുന്നുവൊ ആവിധം തന്നെ ഒരു അദൃശ്യശക്തിയുടേതുപോലെ കൃഷ്ണന്റെ ആജ്ഞകളും ഉപദേശങ്ങളും ഒരണുപോലും പിഴവു കൂടാതെ ഭാരതലോകത്തിലും പരിലസിച്ചിട്ടുള്ളതായിട്ടാണ് നാം കാണുന്നത്. കാഴ്ചയിൽ നിരത്ഥകങ്ങളെന്നു തെററിദ്ധരിച്ചുവരുന്ന പ്രകൃതിയിലെ പല സംഭവങ്ങളിലും പിന്നീട സൂക്ഷ്മമായ ആലോചനയുടെ ഫലമായി സർവ്വേശ്വരന്റെ പല ഗൂഢതത്വങ്ങളേയും കണ്ടെത്തിശയിപ്പാൻ നമുക്ക ഇടവരുന്നതുപോലെത്തന്നെ ഭാരതകൃഷ്ണന്റെ പല പ്രവൃത്തികളും നിരുദ്ദേശങ്ങളാണെന്നു ബാഹ്യദൃഷ്ടിയിൽ തോന്നിയേക്കാമെങ്കിലും ഗാഢചിന്തയിൽ അവ അത്ഥവത്തുക്കളായിത്തന്നെ പരിണമിക്കുന്നതായി കാണാവുന്നതാണ്. മായാബന്ധത്തിന്നും പ്രകൃതിനിയമങ്ങൾക്കും മററും ഉൽഭൂതകത്താവായ ആ പരബ്രഹ്മമൂത്തി ഏതുവിധം നിഷ്കളങ്കനായി നിമ്മലനായി ഇതുകൾ ഒന്നിലും ബാധിതനാകാതെ ഒരേ ഉന്നതസ്ഥിതിയിൽതന്നെ ആജ്ഞാകരനായി നിലനിന്നുവരുന്നുവൊ, അതേവിധം തന്നെ ഭാരതകൃഷ്ണനും ഭാരതലോകത്തിലെ കമ്മങ്ങളാൽ ബന്ധിതനാകാതെ മററാരാലും നിഷ്പ്രാപ്യമായ ഒരുന്നതസ്ഥിതിയിലാണ് കുടികൊണ്ടുവരുന്നത്. മനുഷ്യരാൽ

സുസാദ്ധ്യങ്ങളല്ലാത്ത ഈവിധം അതിശയശക്തികളുടെ ഇരിപ്പിടമായ കൃഷ്ണനെ ഒരു അസാമാന്യപുരുഷനെന്നൊ ദൈവാവതാരമെന്നൊ ജനങ്ങൾ കരുതിവരുന്നതിൽ ഒട്ടും തന്നെ ആശ്ചൎയ്യപ്പെടുവാൻ അവകാശമില്ല. ശ്രുതിസ്മൃതികളിൽ ഉൽഘോഷിക്കുന്നതായ നിഷ്കാമകൎമ്മയോഗത്തിനാൽ അഷ്ടസിദ്ധികളണഞ്ഞു ഈശ്വരസാദൃശ്യം ലഭിച്ചിട്ടുള്ള കൃഷ്ണനെ മറെറാരുവിധത്തിൽ കരുതാവുന്നതുമല്ല. പ്രാപഞ്ചികന്മാരുടെ സ്ഥൂലദൃഷ്ടിയിൽ ചിലപ്പോൾ കൃഷ്ണകൎമ്മങ്ങൾ അധൎമ്മങ്ങളായി തോന്നുന്നവകളാണെങ്കിലും, വിശിഷ്ടദേഹങ്ങളെ സാമാന്യമായ നിയമങ്ങൾക്ക് കീഴ്പ്പെടുത്തി പരിശോധിക്കാവുന്നതല്ല. അവരുടെകൎമ്മങ്ങളെ ഉദ്ദേശങ്ങൾകൊണ്ടും, ഫലങ്ങൾകൊണ്ടും, പ്രാപഞ്ചിക സൌഖ്യാനുഭവങ്ങളെക്കൊണ്ടും പരീക്ഷിക്കേണ്ടതാണ്. കൃഷ്ണനെ വിഷ്ണ്വംശമായ അവതാരമെന്ന് കരുതി നാം അദ്ദേഹത്തിൻെറ കൎമ്മങ്ങളെ ഇവിടെ പരിശോധിക്കേണ്ടുന്ന ആവശ്യമില്ല. അങ്ങിനെ അദ്ദേഹത്തെ അവതാരമായി വിശ്വസിക്കുന്നവരും ഇല്ലാത്തവരും ഹിന്ദുസമുദായത്തിൽതന്നെ ഉണ്ടായിരിക്കാം. ഭാരത കഥാരംഗത്തിലെ പ്രധാനനടനായ കൃഷ്ണനെ, ലോകത്തിലെ ഒരു മഹാൻ, അല്ലെങ്കിൽ വേദാന്തരത്നമായ ഭഗവദ്ഗീതയുടെകൎത്താവായ ഒരു മാന്യപുരുഷൻ, എന്ന് ഏതുവിധമായ നടപടിക്രമങ്ങളെകൊണ്ട് പരിശോധിക്കപ്പെടുവാൻ അർഹിക്കപ്പെടുന്നുവോ ആ നിയമങ്ങളാൽതന്നെ കൃഷ്ണനെ പരിശോധിച്ചാൽ മതിയാകുന്നതാണ്.

കൃഷ്ണന്റെ സകല കർമ്മങ്ങളിലും തിളങ്ങിക്കൊണ്ടിരിക്കുന്നത്, തന്റെനിഷ്കാമത്വവും അസ്വാർത്ഥതയും, ലോകസൌഖ്യോദ്ദേശവുമാകുന്നു. അദ്ദേഹത്തിന്റെ കർമ്മങ്ങൾ മുഴുവനും ധർമ്മാനുസരണമാണെന്ന് (സ്മൃതികളിലും പുരാണങ്ങളിലും ഘോഷിക്കുന്നതായ ധർമ്മത്തിന്ന് അനുരൂപമാണെന്ന്) വാദിക്കുവാൻ ആരുംതന്നെ പുറപ്പെട്ടുമെന്നു തോന്നുന്നില്ല. പാണ്ഡവരുടെ അജ്ഞാതവാസത്തിന്നുശേഷം വിരാടഗേഹത്തിൽവെച്ചു കൂടിയ ബന്ധുസഭയിൽ പാണ്ഡവന്മാരെ യുദ്ധോദ്യമത്തിന്നായി പ്രേരിപ്പിക്കുന്നമുതൽ കൃഷ്ണൻ ഭാരതയുദ്ധാവസാനംവരെ ചെയ്തിട്ടുള്ള പ്രവൃത്തികൾ സകലവും അധർമ്മങ്ങളാണെന്ന് ഏവനും എളുപ്പത്തിൽ പറയുവാൻ സാധിക്കുന്നതാണെങ്കിലും ആ കർമ്മങ്ങളിൽ ഓരോന്നിന്റെ ഉദ്ദേശത്തേയും ഫലത്തേയും, തന്മൂലം ലോകസിദ്ധമായ സൌഖ്യത്തേയും നോക്കുന്നതായാൽ യാതൊരുവനാണ് ആശ്ചര്യപരതന്ത്രനാവാത്തത്?

ഓരോരുത്തനും ചെയ്തിട്ടുള്ള പുണ്യപാപങ്ങൾ അനുസരിച്ചു അവന്നു സ്വർഗ്ഗനരകാനുഭൂതികളെ നിരന്തരം വേർതിരിച്ചുകൊടുത്തുവരുന്ന ധർമ്മരാജന്റെ ബുദ്ധിശക്തിയേയും നിഷ്പക്ഷപാതത്തേയും അതിശയിപ്പിക്കത്തക്ക ശക്തിയുള്ളതായിട്ടാണ് കൃഷ്ണന്റെ കൌശലങ്ങൾ ഓരോന്നും നാം കാണുന്നത്. "താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ താന്താനനുഭവിച്ചീടുകെന്നേവരൂ" എന്നുള്ള വേദതത്വത്തെ ഇതിലധികം ദൃഷ്ടാന്തമായി തെളി

യിപ്പാൻ ആരാലും സാധിക്കാത്തവിധം ഭാരത കഥാപാത്രങ്ങളിൽ എല്ലാവക്കും ബന്ധുക്കൾ, ശത്രുക്കൾ എന്നഭേദമെന്നിയെ താന്താങ്ങൾക്കനുസരിച്ച കമ്മഫലം കൃഷ്ണൻ ഓരോരുത്തനും അനുഭവമാക്കിക്കൊടുത്തിട്ടുണ്ട്. യഥാത്ഥത്തിൽ രാജ്യഭ്രാന്തനും എന്നാൽ ബഹുജനാഭിപ്രായത്തെ വശത്താക്കുവാനായി ധമ്മപ്പടയിൽ രക്ഷപ്രാപിച്ചവനുമായ യുധിഷ്ഠിരന്ന്, തന്റെ സകല ബന്ധുക്കളും കാലഗതിയെപ്രാപിച്ച്, ജ്യേഷ്ഠനേയും കൊന്ന്, മാതാവ് വനത്തിലേക്കും ഗമിക്കെ, തനിയെത്തന്നെ രാജ്യാനുഭൂതി കൈക്കൊള്ളുവാൻ ഇടവന്നതിനേക്കാൾ തക്കതായ ശിക്ഷ അദ്ദേഹത്തിന്ന് കല്പിച്ചു കൊടുക്കുന്നതിന്നു അദ്ദേഹത്തിന്റെ പിതാവിന്നും സാധിക്കുന്നതല്ലായിരുന്നു. ആ ശിക്ഷ ഏതുവിധമായിരുന്നു അദ്ദേഹത്തെ ക്ലേശിപ്പിച്ചിരുന്നതെന്ന് യുദ്ധാവസാനത്തിൽ ഉദകക്രിയക്ക് ശേഷം യുധിഷ്ഠിരസമാശ്വാസനത്തിന്നുവേണ്ടി അദ്ദേഹത്തിന്റെ സഹജന്മാരും മററു അവിടെ കൂടിയിരുന്ന മഹഷിമാരും ചെയ്യേണ്ടിവന്ന പ്രയത്നത്തിൽനിന്നും അറിയാവുന്നതാണ്. യുധിഷ്ഠിരന്റെ വാക്കുകളെതന്നെ ശ്രവിക്കുക.

"ശത്രുക്കളെ വെന്നുപിന്നെ വിജിതൻ വിലപിച്ചുതേ
ദിവ്യചക്ഷുസ്സിന്നും കാഷ്ണഗതിയങ്ങറിവാൻപണി
തോററമാറേററാർജ്ജയിക്കുന്നുജയിച്ചീഞങ്ങൾതോററുപോ
വധിച്ചിട്ടുംഭ്രാതൃസഖിസുഹൃൽപ്പിതൃതനൂജരെ യ്
ബന്ധുപൌത്രാമാത്യരേയുമൊക്കെവെന്നിന്നുതോററുനാം

അനത്ഥമതാകുമനത്ഥമതാകു മനത്ഥപോലെയത്ഥവും
ഈജയംതോലിമതെന്നാൽജയംതന്നെപരാജയം."

സൌ അ 10

"ആ ഞാൻകുററംചെയ്തപാപിഭ്രമിയൊക്കെമുടിച്ചവൻ
ഇന്നട്ടിരുന്നിട്ടുതന്നെയിദ്ദേഹംശുഷ്കമാക്കവേൻ
പ്രായോപവേശംചൂണ്ടേനിതജ്ഞറിവിൻഗുരുഘാതകൻ
കുലംമുടിപ്പോനിനിയുംപിറക്കൊല്ലനൃജാതിയിൽ
ഉണ്ണില്ലഞാൻകുടിക്കില്ലവെള്ളംപോലുമൊരിയ്ക്കലും
ഇങ്ങിരുന്നീപ്രിയപ്രാണശേഷംചെയ്യേൻമുനിന്ദ്രരേ
യഥേഷ്ടംപോകവിട്ടേൻപ്രസാദിപ്പിച്ചുനിങ്ങളെ
നിങ്ങളൊക്കെസ്സമ്മതിപ്പിനിശ്ശരീരംത്യജിയ്ക്കുവാൻ."

ശാന്തി അ 27

ഈ ശിക്ഷക്ക് കൃഷ്ണൻ ചുമതലക്കാരനായിരുന്നുവോ എന്നുമാത്രമാണ് സംശയിപ്പാറുള്ളത്. ദുര്യോധനനെ വീഴ്ത്തിയതിന്നുശേഷം കൈനിലയിൽ പ്രവേശിപ്പാൻ ഭാവിച്ച പാണ്ഡവരെ അഞ്ചാളെയും അന്നുരാത്രിമാത്രം, അതും ശത്രുക്കൾ എല്ലാം നാമാവശേഷമായതിന്നശേഷം, തടഞ്ഞു വേറെ ഗൃഹങ്ങളിൽ പ്രവേശിപ്പിച്ച്, അവരെ അശ്വത്ഥാമാവിൻെറ ഖഡ്ഗത്തിൽനിന്നു രക്ഷിച്ചത് ഈ ഉദ്ദേശത്താൽതന്നെയായിരിപ്പാനെ നിവൃത്തിയുള്ളൂ. പാണ്ഡവരേയും സാത്യകിയേയും രക്ഷിച്ച കൃഷ്ണന്ന് മററു ബന്ധുക്കളേയും രക്ഷിക്കുന്നത് അസാദ്ധ്യമായി കരുതുവാൻ പാടുള്ളതല്ലല്ലൊ.

പാണ്ഡവന്മാരിൽവെച്ച് തൻെറ പ്രിയസഖാവായ അജ്ജുനന്ന്തന്നെ കൊടുത്തിട്ടുള്ളതായ ശിക്ഷയെ

ആലോചിച്ചുനോക്കുക. അജ്ജുനന്റെ ബലം മുഴുവനും കൃഷ്ണസഖ്യത്തിലായിരുന്നു. കൃഷ്ണസഹായം കൂടാതെ അജ്ജുനനു ഒരു വീരകമ്മം ചെയ്യുവാൻ ഭാരതയുദ്ധത്തിൽ സാധിച്ചിട്ടില്ല. ഭീഷ്മവിധ്വത്തിൽനിന്ന് അജ്ജുനനെ രക്ഷിപ്പാൻ രണ്ടുതവണ കൃഷ്ണൻ തന്റെ സത്യത്തെ ലംഘിച്ച് ആയുധത്തെ എടുക്കേണ്ടിവന്നു. ദ്രോണയുദ്ധത്തിൽ അജ്ജുനൻ ചെയ്ത ജയദ്രഥവധപ്രതിജ്ഞയെ നിറവേററിയത് കൃഷ്ണനാണ്. അശ്വത്ഥാമാവിന്റെ നാരായണാസ്ത്രത്തിൽനിന്നും ഭഗദത്തന്റെ നാരായണാസ്ത്രത്തിൽനിന്നും കർണ്ണന്റെ ആഗ്നേയാസ്ത്രം, നാഗാസ്ത്രം, ഇന്ദ്രദത്തമായ വേൽ ഇതുകളിൽനിന്നും അജ്ജുനനെ രക്ഷിച്ചതു കൃഷ്ണനാണ്. ഈവിധം ശത്രുക്കളിൽനിന്ന് കാത്തുരക്ഷിച്ചുപോന്നതും, അജ്ജുനനെകൊണ്ട് തന്റെ ഓരോ കൌശലങ്ങളാൽ മഹാന്മാരായ ശത്രുക്കളെ നിഗ്രഹിപ്പിച്ചതും, കൃഷ്ണന്റെ ഉദ്ദേശസിദ്ധിക്കായിട്ടല്ലാതെ അജ്ജുനനാൽ ഉണ്ടായിരുന്ന പ്രതിപത്തിമൂലമാണെന്നു പറയാവുന്നതല്ല. കൃഷ്ണന്റെ ഉദ്ദേശം ഭാരതയുദ്ധം നടത്തേണമെന്നും ലോകത്തിന്നു ഭാരമായിത്തീന്നിരിക്കുന്ന ക്ഷത്രിയവംശങ്ങളെ സംഹരിക്കേണമെന്നുമായിരുന്നു. ആയതിന്ന് പാണ്ഡവപക്ഷത്തിൽചേരാതെ കൌരവപക്ഷത്തിൽ ചേന്നിരുന്നാൽ ആ ഉദ്ദേശം സഫലീകരിക്കുന്നതുമല്ലായിരുന്നു. പാണ്ഡവന്മാരുടെ ഇടയിൽതന്നെ തന്റെ ഉദ്ദേശം നിറവേററുന്നതിന്ന് തനിക്ക് എളുപ്പത്തിൽ ഉതകുന്നതായ പാത്രം അജ്ജുനനുമായിരുന്നുവെന്നു അദ്ദേ

ഹം കാലെ കൂട്ടിത്തന്നെ തീൎച്ചപ്പെടുത്തിയിരുന്നിരിക്കണം. എന്തുകൊണ്ടെന്നാൽ പ്രകൃതികൊണ്ട് അല്പം അഹംഭാവമുള്ളവനും തന്നാൽ സാധിക്കാത്ത കാൎയ്യങ്ങളിൽ ഏൎപ്പെടുന്നതിന്ന് മടിയില്ലാത്തവനുമായിരുന്നു അൎജ്ജുനൻ. ഈവിധം ജനങ്ങളെ, അല്പമൊന്നു പുകഴ്ത്തുന്നതായാൽ, അവർ നമുക്ക് എളുപ്പത്തിൽ വശീകൃതന്മാരാകുന്നതാണെന്നുള്ള മനുഷ്യസ്വഭാവതത്വത്തെ കൃഷ്ണൻ കാൎയ്യസിദ്ധിക്കായി ഉപയോഗിച്ചുകാണുന്നുണ്ടെങ്കിൽ ആയതിൽ അതിശയിപ്പാനുമില്ല. അൎജ്ജുനൻ വീരനാണെന്നുള്ള ബോധം അയാൾക്കുതന്നെ ഉണ്ടായിരുന്നുവെങ്കിലും ബലവാന്മാരായ ഭീഷ്മ, ദ്രോണ, കൎണ്ണ, കൃപപ്രഭൃതികളിൽനിന്ന് തന്നെത്താൻ രക്ഷിപ്പാൻ പോരാത്തവനുമാണെന്നുള്ള സൂക്ഷ്മതത്വവും കൃഷ്ണൻ മനസ്സിലാക്കിയിരിക്കുന്നതിനാലാണ് അൎജ്ജുനസാരഥിയായിതന്നെ ഇരിപ്പാൻ കാരണം. തന്റെ ഉദ്ദേശങ്ങൾക്ക് ഒരു ആയുധമായി കരുതിയിരുന്ന അൎജ്ജുനനെ രക്ഷിക്കാതിരുന്നുവെങ്കിൽ ക്ഷത്രിയവിനാശത്തിന്നായി കൃഷ്ണൻതന്നെ ആ അവസരത്തിലൊ വേറെ അവസരത്തിലൊ ആയുധം എടുക്കേണ്ടതായി വരുമായിരുന്നു. അങ്ങിനെ ക്ഷത്രിയവിനാശനത്തിന്നായി പുറപ്പെടുന്നത് തന്റെ യോഗനിലക്ക് തക്കതായിരിക്കയില്ലെന്നു മാത്രമല്ല, ഇത്ര നല്ലതായൊരവസരം, ഭാരതഖണ്ഡത്തിലെ സൎവ്വ രാജാക്കന്മാരും ഏൎപ്പെട്ടിരിക്കുന്നതായ മറെറാരു യുദ്ധാവസരം, എളുത്തിൽ കിട്ടാവുന്നതുമല്ലല്ലൊ. ഇതിന്നും പുറമെ സിദ്ധനായി, യോഗീശ്വരനായിരിക്കു

ന്ന കൃഷ്ണൻ സ്നേഹകോപാദികളായ മനോവികാരങ്ങൾക്കധീനനാകുമെന്ന് കരുതാവുന്നതുമല്ല.

കൃഷ്ണൻെറ സഹായത്താൽ ലോകൈകവീരനെന്ന് ഞെളിയുന്ന അൎജ്ജുനൻെറ പിന്നീടുള്ള അവസ്ഥ എന്തായിരുന്നുവെന്നു നോക്കുക. അശ്വമേധത്തിന്ന് അശ്വപരിപാലകനായി പോയ അവസരത്തിൽ, അൎജ്ജുനൻ ബഭ്രുവാഹനനാൽ തോല്പിക്കപ്പെട്ടു നിരായുധനായി മോഹാലസ്യമാൎന്നു നിലത്തുപതിച്ചതായി കാണുന്നു. കൃഷ്ണൻെറ സ്വൎഗ്ഗാരോഹണത്തിന്ന് ശേഷം യാദവസ്ത്രീകളെ കൊണ്ടുപോരുന്നവസരത്തിൽ വെറും കാട്ടാളന്മാരാൽ തോല്പിക്കപ്പെട്ടു തൻെറ വില്ലിനെ ഇഴച്ചുകൊണ്ട് വരേണ്ടിവന്നുവെന്നു മാത്രമല്ല തൻെറ രക്ഷയിൻകീഴിലിരുന്ന സ്ത്രീകൾക്ക് അഭയത്തെക്കൊടുപ്പാൻ സാധിക്കാതെവന്ന അൎജ്ജുനന്ന് അയാളുടെ അഹംഭാവത്തിന്നു തക്കതായശിക്ഷ അനുഭവിക്കേണമെന്ന ഉദ്ദേശത്തോടുകൂടി ആയിരിക്കണം കൃഷ്ണൻ യാദവസ്ത്രീകളെ അൎജ്ജുനൻവശമേല്പിച്ചത്.

ഈവിധം ബന്ധുക്കളേയും ശത്രുക്കളേയും ഭേദമെന്നിയെ അവനവൻെറ കൎമ്മഫലങ്ങളെ അനുഭവിപ്പിച്ചുംകൊണ്ട് അവരുടെ ജീവിതങ്ങളെ നടത്തിക്കൊണ്ടുവന്ന ആ കൃഷ്ണൻെറ ബുദ്ധിശക്തിയും ജീവിതവും അതിശയനീയം തന്നെ. എന്നാൽ ഭാരതകൃഷ്ണൻെറ ചരിത്രത്തിൽ ഏറ്റവും ആശ്ചൎയ്യജനകമായിരിക്കുന്നതു അദ്ദേഹം ഈ പ്രപഞ്ചകൎമ്മങ്ങളിൽ ഇത്രയധികം ഏൎപ്പെട്ടിരുന്നിട്ടും അതു

കളുടെ ഫലങ്ങൾ യാതൊന്നിനാലും അദ്ദേഹം ബാധിതനാകാതെ ഇരിക്കുന്നതാണു. സ്നേഹം, ദയാ, ലജ്ജ, അഭിമാനം, ക്രോധം മുതലായ മനോവികാരങ്ങൾ ഒന്നും അദ്ദേഹത്തെ ബാധിക്കുന്നില്ല. തന്റെ സ്വന്തം പടയാളികളായ സംശപ്തകന്മാരോട് യുദ്ധം നടത്തുന്നതിൽ മടിയാകട്ടെ തന്റെ പ്രിയപ്പെട്ട മരുകനായ അഭിമന്യുവിന്റെ മരണത്തിൽ വ്യസനമാകട്ടെ എന്തിന്നധികം പറയുന്നു! തന്റെ സ്വന്തം മക്കളേയും ബന്ധുക്കളേയും തമ്മിൽ തല്ലിച്ചുകൊല്ലുന്നതിൽതന്നെ ക്ലേശംപോലും വൈമനസ്യമാകട്ടെ കൃഷ്ണനുണ്ടായിരുന്നില്ല. വൃദ്ധനായ ഭീഷ്മരെ ചതിച്ചുകൊല്ലുന്നതിന്നും, ദ്രോണവധത്തെ കണ്ടുനില്ക്കുന്നതിന്നും, ഭൂരിശ്രവാവിന്റെ കൈയിനെ ചതിയാൽ വെട്ടിയറുപ്പിക്കുന്നതിന്നും, നിരായുധനായി നില്ക്കുന്ന കൎണ്ണനെ കൊല്ലിക്കുന്നതിന്നും വീരനായ ദുൎയ്യോധനന്റെ മൎമ്മത്തെ ഭീമന്നു കാണിച്ചുകൊടുക്കുന്നതിന്നും എന്നുവേണ്ട, തന്റെ സ്വന്തംപക്ഷത്തിൽതന്നെ ഘടോൽകചമരണത്തിന്ന് സാക്ഷിയാകുന്നതിന്നും, ചക്രവ്യൂഹം ഭേദിപ്പിക്കുന്നതിന്ന് അഭിമന്യുവാൽ മാത്രമേ സാധിക്കുകയുള്ളൂവെന്നറിഞ്ഞിട്ടുകൂടി അൎജ്ജുനനെ സംശപ്തകയുദ്ധമെന്ന വ്യാജേന യുദ്ധകളത്തിൽനിന്ന് ദൂരെ അകററുന്നതിന്നും, പാണ്ഡവസൈന്യവിനാശത്തിന്റെ സാക്ഷിയാകുന്നതിന്നുംതന്നെ ഒട്ടും മടി അദ്ദേഹത്തിന്നുണ്ടായിരുന്നില്ല. സാധാരണ മനുഷ്യനായിരുന്ന കൃഷ്ണൻ എന്നുവരികിൽ കഠിനഹൃദയൻ, ദിർഘസൂത്രജ്ഞൻ, എന്നും മററുമുള്ള സ്ഥാ

നങ്ങൾ ഇതിന്നു മുമ്പുതന്നെ അദ്ദേഹത്തിന്ന് ലഭിക്ക മായിരുന്നു. പക്ഷെ ഈ വക പ്രവൃത്തികളിൽ ഒന്നിലെ ങ്കിലും സ്വാതന്ത്ര്യം ഇല്ലെന്നു മാത്രമല്ല സകലകർമ്മങ്ങളും ലോകസൌഖ്യത്തിന്നാസ്പദമാകുന്ന തന്റെ പ്രധാനോദ്ദേ ശത്തെ നിറവേറുന്നതിന്നായി മാത്രം ചെയ്യിട്ടുള്ളതാക യാൽ ആവക കർമ്മങ്ങളെ നിഷിദ്ധങ്ങളും അധർമ്മങ്ങളുമെ ന്ന് കരുതി ദൂഷിക്കുന്നതിനുപകരം നാം അതുകളെ പ്ര ശംസിക്കുവാനുമിടവരുന്നു.

ഫലങ്ങൾകൊണ്ടോ ഉദ്ദേശങ്ങൾകൊണ്ടോ മാത്രം കർമ്മങ്ങൾ ശുദ്ധിയണയുന്നതാകയാൽ സാധാരണജനങ്ങളു ടേയും കർമ്മങ്ങളെ അതുവെച്ചുതന്നെ ന്യായീകരിപ്പാൻ സാധിക്കുന്നതാണെന്നു ഒരുപക്ഷെ പലർക്കും തോന്നുമായി രിക്കാം. ഉദ്ദേശങ്ങൾ പാവനതരങ്ങളായാൽ മാത്രംപോ ര, അതുകളെ സ്വാതന്ത്ര്യരഹിതമായും നിഷ്കാമമായും മനോവികാരങ്ങളാൽ ബാധിതമാകാത്തതായും ഉള്ള ക ർമ്മങ്ങളാൽ ഫലിപ്പിക്കുന്നതിനുള്ള ശക്തിയും ആവശ്യമാ ണ്. ഒരു യോഗീശ്വരനല്ലാതെ ഈവിധം കർമ്മങ്ങളെ ചെയ്യാൻ സാധിക്കുന്നതല്ല; മഹാന്മാരുടെ പ്രവൃത്തിക ളെ പിന്തുടരുന്നതിന്നു അവരുടേതുപോലെയുള്ള ചിത്ത വൃത്തിയും മഹത്വവും ആവശ്യമാണ്. ദിവ്യനായ നാറാ ണത്തുഭ്രാന്തന്റെ കർമ്മങ്ങളെ അപഹസിച്ച് നടന്നിരു ന്ന ഒരു നമ്പൂതിരി ഏതുവിധത്തിലാണ് പിന്തിരിയേണ്ടി വന്നതെന്നുള്ള കഥയെ എല്ലാവരും ഓർക്കുന്നുണ്ടായിരിക്കു മല്ലൊ. ദിവ്യനാണെന്ന് നടിക്കുവാൻ ശ്രമിച്ച നമ്പൂതി

തി ഉരുക്കിയ ലോഹത്തെ നാറാണത്തുഭ്രാന്തൻ കഴിക്കുന്നതു കണ്ടപ്പോൾ ഏതുവിധം പിൻമാറേണ്ടിവന്നുവോ, അതേവിധംതന്നെ ദിവ്യന്മാരുടെ പ്രവൃത്തികളെ അനുഗമിക്കുന്ന സാധാരണ ജനങ്ങളും അവസാനം പിൻമാറേണ്ടിവരുന്നതാണ്. അതുകൾകൊണ്ടു തന്നേയാണ് ദിവ്യന്മാരേയും, സാധാരണ ജനങ്ങളേയും ഒരേനിയമംകൊണ്ടു പരീക്ഷിക്കുവാൻ പാടുള്ളതല്ലെന്നും പറയുവാൻ ഇടയായത്.

ആദ്യമെതന്നെ ഒരു ദേഹത്തെ അവതാരമെന്നോ, യോഗീശ്വരനെന്നോ, മഹാനെന്നോ കരുതി അദ്ദേഹത്തിൻെറ കർമ്മങ്ങളെ പരിശോധിക്കുന്നതായാൽ സകല കർമ്മങ്ങളേയും ന്യായീകരിപ്പാൻ സാധിക്കുന്നതാകയാൽ അങ്ങിനെ അവതാരമോ മററോ എന്നു വിശ്വസിപ്പാൻ കാരണമാകുന്നത് തന്നെ എന്തുകൊണ്ടാണെന്നാണ് അറിയേണ്ടതു്. ഒരു കഥാപാത്രത്തിൻെറ യോഗ്യതായോഗ്യതകളെ അറിയുന്നതു ആ കഥാപാത്രത്തിൻെറവാക്കുകളിൽനിന്നും കർമ്മങ്ങളിൽനിന്നും ആണെല്ലൊ. കൃഷ്ണനും നമുക്ക് പരിചയപ്പെടുന്നതു തൻെറ വിശിഷ്ടമായ ഭഗവൽഗീതോപദേശംകൊണ്ടും ഭാരതയുദ്ധത്തിലെ കർമ്മങ്ങൾകൊണ്ടും ആണ്. ഭഗവൽഗീതയിൽ ഉപദേശിച്ചിരിക്കുന്ന തത്വമെന്താണ്? ആ തത്വത്തെത്തന്നെയാണോ കൃഷ്ണൻ അനുകരിച്ചിട്ടുള്ളതെന്നും നമുക്ക് അല്പം ഒന്ന് ആലോചിച്ചുനോക്കുക.

യുദ്ധോദ്യമത്തിങ്കൽ അർജ്ജുനന്ന് പെട്ടന്നുണ്ടായ അ

ധൎമ്മനീതിയേയും സ്നേഹപാശത്താൽ ഉണ്ടായ അവശതയേയും നീക്കുന്നതിന്നുമാത്രമായിട്ടാണോ കൃഷ്ണൻ ഭഗവൽഗീത ഉപദേശിച്ചതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. താൻ ഭാവിയിൽ അതായത് യുദ്ധാവസരത്തിൽ ചെയ്യാനിടയുള്ളതായ ഓരോ കൎമ്മങ്ങളുടേയും സൂക്ഷ്മതത്വങ്ങളെ മറ്റുള്ളവർ തെറ്റിദ്ധരിക്കാതെ ഇരിപ്പാനുള്ള ഉദ്ദേശവും കൂടെ കൃഷ്ണന്ന് ആ അവസരത്തിൽ ഗീത ഉപദേശിച്ചതിന്നുണ്ടായിരുന്നില്ലയോ എന്നും ശങ്കിക്കേണ്ടിയിരിക്കുന്നു. തന്റെ പ്രധാനകൎമ്മങ്ങൾ എല്ലാം പിന്നീടാണല്ലൊ ഉണ്ടായിട്ടുള്ളതു. അങ്ങിനെയിരിക്കെ, ആ കൎമ്മങ്ങൾക്കു മുമ്പായി താൻ ആരാണെന്നും, തന്റെ തത്വങ്ങൾ എന്തെല്ലാമാണെന്നും ജനങ്ങൾ അറിയുവാൻ ഇടയായാൽ പിന്നെ തന്നെപ്പറ്റി തെറ്റിദ്ധാരണക്ക് ഇടയാകുന്നതല്ലല്ലൊ എന്നുകൂടി കൃഷ്ണൻ ഗീതോപദേശസമയത്ത് ഓൎത്തിരുന്നിരിക്കണം.

"യദാ യദാ ഹി ധൎമ്മസ്യ
ഗ്ലാനിൎഭവതി ഭാരത
അഭ്യുത്ഥാനമധൎമ്മസ്യ
തദാത്മാനം സൃജാമ്യഹം.
പരിത്രാണായ സാധൂനാം
വിനാശായ ച ദുഷ്കൃതാം
ധൎമ്മസംസ്ഥാപനാൎത്ഥായ
സംഭവാമി യുഗേ യുഗേ."

ഭാരതഖണ്ഡം മുഴുവനും പങ്കുകൊള്ളുന്നതായ ഒരു വലിയ യുദ്ധാവസരത്തിൽ, ആയതിൽ ഏൎപ്പെടുന്നതിന്നായി ഒരുവന്നുണ്ടാകുന്ന ഉദ്ദേശം ഇതിലും മഹത്തരമായി

ഉണ്ടാകാവുന്നതാണോ? കൃഷ്ണൻ തന്റെ ഉദ്ദേശത്തേയും തന്റെ ഗ്രന്ഥതത്വങ്ങളേയും ഇതിലും വെളിവായി വിസ്തരിക്കുന്നതെങ്ങിനെ?

പറയുന്നതുപോലെത്തന്നെ പ്രവൃത്തിച്ചുവന്നിരുന്ന യോഗിപുരുഷനായിരുന്നു കൃഷ്ണൻ എന്ന് അദ്ദേഹത്തിന്റെ ഗീതയുടെ തത്വത്തേയും പ്രവൃത്തികളേയും ഒത്തുനോക്കിയാൽ അറിയാവുന്നതാണ്. ഏററവും പരിശുദ്ധമായ നിഷ്കാമകർമ്മത്തെയാണല്ലോ ഭഗവൽഗീത പ്രശംസിച്ചിട്ടുള്ളത്. കൃഷ്ണന്റെ ജീവിതംതന്നെ ഈ തത്വത്തിന്റെ ഉദാഹരണവുമാണ്. അദ്ദേഹം കർമ്മത്തിൽ ഏർപ്പെടുന്നതിനുള്ള കാരണവും അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ടു. നോക്കുക: "ഇനിക്കു ചെയ്യേണ്ടതില്ലൊന്നുമിത്ത്രൈലോക്യത്തിലിനിക്കു വരാത്തതും വരേണ്ടതായിട്ടുമിജ്ജഗത്തിലൊന്നുമില്ലെന്നാകിലും മടിക്കാതെ പ്രവൃത്തിച്ചീടുന്നു ഞാൻ കർമ്മത്തിൽതന്നെ പാർത്ഥ. മടിക്കാതൊരിക്കലെന്നാകിലും കർമ്മത്തിൽ ഞാൻ പ്രവൃത്തിക്കാതിരുന്നാൽ സർവ്വപ്രകാരവുമിമനുഷ്യരെല്ലാവരുമെന്നുടെ മാർഗ്ഗമനുസരിക്കേയുള്ളു ധരിച്ചീടുക ഫൽഗുന നീ." ഭഗവൽഗീത ദാമോദരചരിഭാഷാ കിളിപ്പാട്ട് കർമ്മയോഗം 3-ാം അദ്ധ്യായം 21 & 22.

നിഷ്കാമകർമ്മിയായ ഒരുത്തന്ന് ഈ ലോകത്തിൽ ജനങ്ങളുടെ ഇടയിൽതന്നെ കാശിയിൽപോയി വസിക്കാതെയും, പ്രാപഞ്ചികാവസ്ഥയിൽ മുക്തനാകാതേയും, ജീവിപ്പാൻ സാധിക്കുന്നതാണെന്നും, എന്നാൽ അങ്ങിനെ ജീവിക്കുന്നതു ഏതുവിധത്തിലായിരിക്കേണമെന്നും തന്റെ സ്വന്തജീവിതംകൊണ്ടു കൃഷ്ണൻ ദൃഷ്ടാന്ത

പ്പെടുത്തിയിരിക്കുന്നു. വിസ്താരഭയത്താൽ ഭഗവൽഗീതാ തത്വങ്ങളെപ്പററി ഇവിടെ അധികം വിവരിക്കുന്നില്ല. ഒരാളുടെ വാക്കുകൾക്ക് വിരുദ്ധമായ നടവടികൾ നമുക്കു അനുഭവപ്പെടുന്നതുവരെ ആ വാക്കുകളെ വിശ്വസിക്കേണ്ടുന്ന ചുമതലയും, അതുപ്രകാരം അദ്ദേഹത്തെ കരുതിവരേണ്ടുന്ന ചുമതലയും നമുക്കുണ്ട്. വാക്കുകൾക്കും പ്രവൃത്തികൾക്കും തമ്മിൽ വിരുദ്ധമായി യാതൊന്നും കാണുവാൻ സാധിക്കാത്തതിനാലാണ് കൃഷ്ണനെ ഒരു യോഗീശ്വരൻെറ നിലയിൽ കരുതി അദ്ദേഹത്തിൻെറ കർമ്മങ്ങളെ ഇവിടെ വിചിന്തനം ചെയ്തിട്ടുള്ളത്. യോഗീശ്വരനായ കൃഷ്ണൻ സർവ്വോൽക്കർഷേണ വർത്തിക്കട്ടെ! അദ്ദേഹത്തിൻെറ കർമ്മങ്ങൾ വിജയീഭവിക്കട്ടെ! ലോകവും സ്വച്ഛന്ദമായി തീരട്ടെ! കൃഷ്ണന്നു പററുന്നതായ നിയമങ്ങൾ തത്സമാനന്മാർക്ക് ഒഴികെ മററാർക്കും യോജിക്കാത്തവകളാണെന്നു ഒരിക്കൽക്കൂടി വായനക്കാരെ ഓർമ്മിപ്പിച്ചുകൊണ്ട് ശേഷം കഥാപാത്രങ്ങളുടെ നേരെ തിരിയുകതന്നെ.

൨ കൌരവപക്ഷം

ഇനി നമുക്കു കൌരവപക്ഷത്തിലേക്കു പ്രവേശിക്കുതന്നെ. കൌരവഭാഗത്തെ മുഴുവനും ദുഷ്ടക്കൂട്ടമെന്നു കരുതി തള്ളുകയാണല്ലൊ പൊതുവിൽ ചെയ്യാറുള്ളതു. അവർ ചെയ്തിട്ടുള്ള പല പ്രവൃത്തികളും ദോഷങ്ങൾതന്നെ എന്നുള്ളതിന്നു സംശയമില്ല. ഭീമസേനന്നു വിഷം കൊടുത്തതും, അയാളെ പാമ്പിനെക്കൊണ്ടു കടിപ്പിച്ചതും, വെള്ളത്തിൽകൊണ്ടുപോയി താഴ്ത്തിയതും, വേനം

കൊള്ളിവെച്ചതും, കള്ളച്ചൂത് കളിച്ചതും, പരസ്ത്രീയുടെ വസ്ത്രാക്ഷേപം ചെയ്തതും, നോക്കിയാൽ ദുഷ്ടക്രിയകളിൽ അവക്ക പരിചയമില്ലാത്ത പ്രവൃത്തികൾ വല്ലതും ഉണ്ടോ എന്നതന്നെ സംശയിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഈ വിധം പ്രവൃത്തികളുടെ ഉല്പത്തി ഏതിൽ നിന്നാണെന്നും, അതുകളുടെ കത്താവു ആരെന്നും നമുക്ക ചുരുക്കത്തിൽ ഒന്ന ആരാഞ്ഞു നൊക്കാം.

ഒരു പ്രായംചെന്ന മനുഷ്യന്റെ ഹൃദയത്തിൽ ഉത്ഭവിക്കുന്ന വികാരങ്ങളെല്ലാം ചെറുപ്രായത്തിലുള്ള അനുഭവങ്ങളെയും വിദ്യാഭ്യാസത്തെയും അനുസരിച്ചിരിക്കുമെന്നാണല്ലൊ മനഃശാസ്ത്രം (Psychology) പറയുന്നതു. ഒരുവന്റെ ജനനം മുതല്ക്ക അയാൾക്ക പൂർണ്ണവയസ്സ എത്തുന്നതുവരെയുള്ള അനുഭവങ്ങളെയും, ബാഹ്യ വസ്തുക്കളായുള്ള ഏടപെഴക്കത്തെയും, അയാളുടെ വിദ്യാഭ്യാസത്തെയും, നമ്മുടെ സ്വാധീനത്തിൽ വെച്ച ഇഷ്ടംപോലെ ഉപയോഗിക്കുന്നതായാൽ അയാളുടെ സ്വഭാവത്തെയും നടവടികളെയും നമ്മുടെ ഇഷ്ടംപൊലെ കൊണ്ടുവരാമെന്ന മാത്രമല്ലാ, ഇന്നിന്ന സന്ദർഭങ്ങളിൽ അയാൾ ഇന്നവിധം പ്രവൃത്തിക്കുമെന്നും നമുക്ക മുൻകൂട്ടി തന്നെ പറയാവുന്നതുമാണ്. ഈ മനഃശാസ്ത്രതത്വത്തെ ആസ്പദിച്ച നാം ദുര്യോധനപ്രഭൃതികളുടെ പ്രവൃത്തികൾ നോക്കുന്നതായാൽ അവരുടെ ദുഷ്പ്രവൃത്തികൾക്ക പാണ്ഡവന്മാരും അല്പം ഉത്തരവാദികളല്ലയൊ എന്ന ശക്തിപൂൎവ്വം ശങ്കിക്കേണ്ടിവരുന്നു.

പാണ്ഡവന്മാരോടുള്ള ദുൎയ്യോധനന്റെ നടവടികളിൽ മുതിൎന്നുകാണുന്നതു്, അയാൾക്കു് അവരുടെ നേരെയുള്ള അളവററ ദ്വേഷമാണല്ലൊ. ഈ വികാരം അയാളുടെ മനസ്സിൽ വിതച്ചതു് ഭീമസേനനല്ലെ? ചെറുപ്പകാലത്തു പാണ്ഡുവിന്റെ മരണശേഷം,—പാണ്ഡവന്മാർ ഹസ്തിനപുരത്തിൽ വന്നുചേൎന്നതിന്നുശേഷം,—ദുൎയ്യോധനാദികളോടുകൂടി അവർ ഒത്തൊരുമിച്ചു കളിച്ചുനടക്കുന്ന അവസരത്തിൽ രാജ്യാവകാശത്തെയൊ, ഭാവിശ്രേയസ്സിനെയൊ കുറിച്ചു യാതൊരു വിചാരവും ഉണ്ടാകുവാൻ തരമില്ലാത്തതായ ആ അവസരത്തിൽ ബലവാനായ ഭീമസേനനിൽ നിന്നു ദുൎയ്യോധനാദികൾ അനുഭവിക്കേണ്ടിവന്ന ചില്ലറ സങ്കടങ്ങളും അവമാനങ്ങളും(കുട്ടിക്കളിയെന്നു വായനക്കാൎക്കു തോന്നുമെങ്കിലും കുട്ടികളായവൎക്കു അന്യോന്യം അങ്ങിനെ തോന്നുന്നതല്ല) എത്രമാത്രം കഠിനതരങ്ങളായിട്ടുണ്ടു്! തന്നോളം ബലമില്ലാത്ത മററു കുട്ടികളെ പല വിധേന കളിയായിട്ടെങ്കിലും ഭയപ്പെടുത്തിയിരുന്ന ഭീമൻ, ആ വിധം ദ്രോഹങ്ങളിൽ നിന്നെല്ലാം മററു പാണ്ഡവന്മാരെ എപ്പോഴും ഒഴിച്ചിരുന്നതും മററും മററുള്ളവരുടെ സങ്കടങ്ങൾക്കു മൂൎഛ കൂട്ടുവാനല്ലാതെ കുറയ്ക്കുവാൻ കൊള്ളുന്നവയല്ലല്ലൊ. ഭീമസേനനിൽ പ്രത്യേകിച്ചും, പാണ്ഡവന്മാരിൽ പൊതുവിലും, ദുൎയ്യോധനപരിഷക്കു അസൂയയും ദ്വേഷ്യവും ഉണ്ടാകുവാനുള്ള കാരണവും ഉണ്ടായ അവസരവും ഇതുതന്നെയാണു്. വിതച്ചതല്ലെ കൊയ്യുവാൻ നിവൃത്തിയുള്ളൂ? അന്നു ബാലചാപല്യത്താൽ ഭീമൻ പ്രവൎത്തിച്ചതിന്റെ ഫലങ്ങളാ

ണ്. പിന്നീട്ട പാണ്ഡവന്മാരെല്ലാവരും അനുഭവിക്കേണ്ടി വന്നത്.

അതിന്നുംപുറമെ പാണ്ഡവന്മാരെ അച്ഛനില്ലാത്ത മക്കളെന്നുകരുതി പ്രായംചെന്നവരായ ഭീഷ്മദ്രോണവിദുരകൃപാദികൾ അല്പം അധികം വാത്സല്യത്തോടെ വളൎത്തിവന്നിരുന്നതും നമുക്ക് അറിയാവുന്നതാണല്ലൊ. ഒരേ പ്രായത്തിലുള്ള കുറെ അധികം കുട്ടികളിൽ ചിലരിൽമാത്രം ഗുരുജനങ്ങൾ പ്രീതിയും വാത്സല്യവും കാണിക്കുന്നതായാൽ വിവേചനാബോധമില്ലാത്തതായ മററു കുട്ടികളുടെ മനോഗതി എന്തായിരിക്കുമെന്നു വിചാരിച്ചറിയുവാനെങ്കിലും വായനക്കാർ ശ്രമിക്കുന്നതായാൽ ദുൎയ്യോധനാദികൾക്ക് പാണ്ഡവന്മാരിൽ ദ്വേഷംതോന്നിയത് മനുഷ്യസഹജമാണെന്നറിയാവുന്നതാണ്. തന്റെ സഹോദരനേയും തന്നേയും തന്റെ അച്ഛൻ മടിയിലിരുത്തിയില്ലെന്നുള്ള സംഗതിയല്ലേ ധ്രുവനെ തപസ്സിന്നായയച്ചത്? ഇതുകൾകൊണ്ടൊന്നും ദുൎയ്യോധനനേയൊ അയാളുടെ കൂട്ടുക്കാരേയൊ അവരുടെ പ്രവൃത്തികളേയൊ ആകമാനം നന്നാക്കുവാൻ ശ്രമിക്കുകയല്ല ചെയ്യുന്നത്. അവരുടെ പിന്നീടുണ്ടായിരുന്ന പ്രവൃത്തികൾ കാൎയ്യകാരണസഹിതം പരീക്ഷിക്കുന്നതായാൽ അങ്ങിനെയല്ലാതെ വരുവാൻ തരമില്ലെന്നും, അതിന്ന് യഥാൎത്ഥമായ ഉത്തരവാദികൾ അവരെ വളൎത്തിവന്നവരായിരുന്നുവെന്നും കാണിക്കുക മാത്രമാണ് ചെയ്യുന്നത്. തന്നെ ചെറുപ്രായത്തിൽ ചില്ലറ സാമാനങ്ങൾ കക്കുവാ

നായി പ്രോത്സാഹിപ്പിച്ച രമ്മയെ, പിന്നെ തനിക്ക പ്രായംചെന്നതോട്ടകൂടി വലിയ കളവുകളും കൊലപാതകങ്ങളുംമററും നടത്തിയതിന്ന് മരണശിക്ഷ വിധിച്ച കിട്ടിയ സമയത്തിൽ, ഒരു കള്ളൻ, മരിക്കുന്നതിന്നുമുമ്പിൽ അമ്മയോട്ട രണ്ടു വാക്കുപറവാനുണ്ടെന്ന നാട്യത്തിൽ, അമ്മയെ അടുക്കൽവരുത്തി ആ ദുഷ്ടയുടെ ചെവി കടിച്ചെടുത്തുവെന്നുള്ള കഥ ഈ അവസരത്തിൽ സ്മരണീയമത്രെ. അവന്നു സാധിച്ചിരുന്നുവെങ്കിൽ അവന്റെ അമ്മയെ കൊല്ലുകതന്നെ അവൻ ചെയ്യുമായിരുന്നു. എന്നാൽതന്നെ അവറാക്ക് അത് മതിയായ ശിക്ഷയാകുമായിരുന്നില്ല.

ദുഷ്കൃത്യങ്ങൾക്കെല്ലാം ആദ്യകാരണം അമ്മയായിരുന്നുവെങ്കിലും ശിക്ഷ അനുഭവിക്കേണ്ടിവന്നത് പുത്രനായത്‌പോലെതന്നെയാണ് ദുര്യോധനാദികളുടേയും കഥ. കാരണം ആരായിരുന്നാലും, ദുഷ്കീർത്തിയും ശിക്ഷയും അനുഭവിക്കേണ്ടിവന്നത് ദുര്യോധനാദികൾതന്നെ. ന്യായാധിപതി മകനെ ശിക്ഷിച്ചത്‌പോലെതന്നെ നമുക്കും ദുര്യോധനാദികളുടെ പേരിൽ മാത്രമെ ശിക്ഷവിധിപ്പാൻ തരമുള്ളു. എങ്കിലും മഹാശയന്മാരുടെ ദയയും സഹതാപവും കുററക്കാരനിലും, ദ്വേഷവും വെറുപ്പും അമ്മയിലും പതിയുന്നതുപോലെതന്നെ, തുല്യവികാരങ്ങൾ നമ്മുടെ ഭാരത കഥാപുരുഷന്മാരിലും അവസ്ഥാനുസരണം പതിയേണ്ടതാണല്ലൊ. ഹേ വായനക്കാരെ! മനുഷ്യബുദ്ധിയുടെ വളച്ച് ഇന്നവിധത്തിലാ

ണെന്നു ഇപ്പോഴെങ്കിലും ധരിക്കുവാൻ ശ്രമിക്കുവിൻ!

ദുര്യോധനന്മാർ ഗുരുജനാവന്ദ്യന്മാരായിരുന്നില്ല. സ്വമാതാപിതാക്കന്മാർ, ദിവ്യന്മാരായ ഭീഷ്മർ, ദ്രോണർ, കൃപർ, വിദുരർ മഹർഷിമാരായ വേദവ്യാസൻ, സനൽ കുമാരൻ, മാർക്കണ്ഡേയൻ എന്നിവരുടെ അഭിപ്രായങ്ങളൊന്നും ദുര്യോധനാദികൾ കയ്ക്കൊള്ളുകയുണ്ടായില്ലല്ലൊ. ദുർവ്വാശിയാണ് ഇതിന്നു കാരണമെന്നുവരികിലും, ആ ദുർവ്വാശി മുളപ്പിച്ച് വളർത്തിയത് ധൃതരാഷ്ട്രനും ഗാന്ധാരിയുമല്ലെ? അടക്ക നട്ടുമുളപ്പിച്ചാൽ അത് തേങ്ങ കായ്ക്കുകയില്ലെന്നു ധൃതരാഷ്ട്രൻ ആദ്യമെ ആലോചിക്കാഞ്ഞത് അദ്ദേഹത്തിന്ന് വന്ന അപകടമാണല്ലൊ. അതിനെപ്പററി പിന്നീടു ഖേദിക്കുന്നത് വൃഥാവിലല്ലേ? ധൃതരാഷ്ട്രൻെറ ലാളനകളാണ് ദുര്യോധനാദികളെ കേടുവരുത്തിയതെന്നു പറഞ്ഞാൽതന്നെ വായനക്കാർക്ക് മനസ്സിലാവുന്നതിനാൽ ആ ലാളനകൾ എന്തെല്ലാമായിരുന്നെന്ന് ഇവിടെ വിസ്തരിക്കുന്നില്ല.

രാജ്യത്തിന്നു ദുര്യോധനാദികൾ അവകാശം പറഞ്ഞിരുന്നത് വെറും ദുസ്തർക്കം മാത്രമായിരുന്നുവോ എന്നു സംശയം തോന്നുന്നുണ്ട്. കുരുടനാണെങ്കിലും, വിചിത്രവീര്യൻെറ മൂത്തപുത്രനും ഭാരതകഥ തുടങ്ങുന്ന അവസരത്തിൽ രാജ്യം വാണിരുന്നതും ധൃതരാഷ്ട്രനാണ്. പാണ്ഡു, രാജാവായിരുന്നുവെങ്കിൽ, അയാളെ ധൃതരാഷ്ട്രൻെറ അംഗവൈകല്യത്താൽ ഒരു പ്രതിനിധിയുടെ നിലയിലായിരുന്നുവെന്നു കരുതുവാനേ അവകാശമുള്ളു. രാജ്യാ

വകാശിയായ ധൃതരാഷ്ട്രന്ന് പ്രാപ്തിയായ മക്കളുള്ളപ്പോൾ ആ രാജ്യാവകാശം അദ്ദേഹത്തിന്റെ സന്താനങ്ങൾക്ക് പോകുന്നതല്ലാതെ അനുജന്റെ മക്കൾക്ക് പോകുന്നതെങ്ങിനെ? രാജ്യാവകാശം മൂത്തപുത്രന്റെ സന്താനങ്ങൾവഴിയല്ലെ പോകേണ്ടത്? സാധാരണയായി രാജ്യപദവിയെ ഒരു കൂട്ടുസ്വത്തിന്റെ നിലയിൽ കരുതാവുന്നതല്ല. ഇംഗ്ലീഷ് കുടുംബങ്ങളിൽ നടന്നുവരുന്ന അവകാശക്രമംപോലെ ഒരു സ്ഥാനാവകാശം മൂത്തപുത്രന്നും, അദ്ദേഹത്തിന്നു സന്താനങ്ങളുള്ളപക്ഷം അവരിൽ മൂത്തപുരുഷനും, അയാളുടെ മൂത്തസന്താനത്തിന്നും എന്ന ക്രമപ്രകാരം പോകുന്നതുകൂടാതെ മറ്റൊരാൾക്ക് (എത്രതന്നെ അടുത്ത സംബന്ധികളായിരുന്നാലും വേണ്ടതില്ല) അവകാശമില്ലാത്തതെന്നപോലെ തന്നെയാണ് ഈ സന്ദർഭത്തിലും കരുതേണ്ടത്. ഇങ്ങിനെതന്നെയാണല്ലൊ ഇപ്പോഴുള്ള വടക്കേയിന്ത്യയിലെ ക്ഷത്രിയ രാജകുടുംബങ്ങളിലും നടന്നുവരുന്നത്.

ഇങ്ങനെ ആലോചിക്കുന്നതായാൽ യുധിഷ്ഠിരന്റെ രാജ്യാവകാശവാദം കൃഷ്ണനാൽ പ്രേരിതമാണെന്നും തെളിയുന്നതാണ്. അതിന്നുംപുറമെ ഗാന്ധാരി ഗർഭംധരിച്ചിരുന്ന അവസരത്തിലാണല്ലൊ കുന്തിയെക്കൊണ്ടു ദേവന്മാരെ വരിപ്പിച്ച് പാണ്ഡുസന്താനോല്പാദനം ചെയ്യിപ്പിച്ചത്. തന്റെ പിതൃകടം വീട്ടുവാൻ മാത്രമായിരുന്നു പാണ്ഡുസന്താനത്തെ ഇച്ഛിച്ചിരുന്നതെങ്കിൽ ആയത് ഗാന്ധാരിയുടെ പ്രസവത്തിന്നുശേഷം ആവാമായിരു

ണുവല്ലൊ. തന്റെ പുത്രൻ (തന്റെ ഭാൎയ്യയിലുണ്ടായ പുത്രൻ) രാജ്യാവകാശിയുംകൂടി ആയ്തീരേണമെന്നുള്ള വിചാരംകൂടി അദ്ദേഹത്തിന്നുണ്ടായിരുന്നുവെന്ന് അദ്ദേഹത്തിന്റെ ധൃതിയിൽനിന്നു തെളിയുന്നുണ്ട്. ധൃതരാഷ്ട്രപുത്രന്മാർ ചതിക്കുവാനായി അവരുടെ ജനനത്തിന്നു മുമ്പുതന്നെ പാണ്ഡു ഈവിധം ഒരുമ്പെട്ടിട്ടുള്ളതായി ശങ്കിക്കേണ്ടിയിരിക്കുന്നു.

എന്നു മാത്രമല്ല, ഭാരതയുദ്ധത്തിൽ സൈന്യബലം അധികം ഉണ്ടായിരുന്നതും ഭാരതത്തിലെ മററു രാജാക്കന്മാരിൽ പാണ്ഡവന്മാരുടെ ബന്ധുക്കൾ ഒഴികെ മററെല്ലാവരും ചേൎന്നിരുന്നതും കൌരവപക്ഷത്തിലാണല്ലൊ. ദുൎയ്യോധനന്നു രാജ്യാവകാശം തീരെ ഇല്ലായിരുന്നുവെങ്കിൽ ഇത്ര അധികം രാജാക്കന്മാർ അദ്ദേഹത്തോടു യോജിക്കുമായിരുന്നുവെന്ന് ശങ്കിക്കുവാൻകൂടി പാടുള്ളതല്ല. ഈവിധം വാദത്തെ ആരുംതന്നെ ഭാരതത്തിൽ പ്രബലമായി പ്രസ്താവിച്ചുകാണുന്നില്ലെന്നു പറയുവാൻ വഴികാണുന്നില്ല. ദുൎയ്യോധനന്റെ വാക്കുകളെ ശ്രദ്ധിച്ചുനോക്കുക. ധൃതരാഷ്ട്രനോടു ദുൎയ്യോധനൻ ഉവാച:—

പാണ്ഡവർമുതലെന്നുഴി പാണ്ഡവൻനേടിയെങ്കിലോ
തൽപ്പുത്രന്നുംതൽസ്സുതന്നും തൽപുത്രന്നുംക്രമത്തിലാം
ഈഞങ്ങളോരാജവംശഹീനരായ് മക്കളൊത്തഹോ,
ലോകൎക്കവജ്ഞാതരായിപ്പോകുമേ ജഗതീപതേ;
എന്നുമേനരകാന്നോടുമന്യപിണ്ഡോപജീവനാം
ഞങ്ങൾക്കുപററാത്തവിധമങ്ങുനീതിനടത്തണം

മുന്നമേ നിന്തിരുവടി മന്നിടം വാണിരിക്കിലോ
നാട്ടങ്ങൾക്കായിരുന്നു നാട്ടാർപാട്ടിൽചെടാപ്പിലും
ആദി. അ 138

ഇതിന്നെല്ലാം പുറമെ, കൌരവന്മാരുടെ പക്ഷത്തിൽ പ്രബലമായ ഒരു വാദം പുറപ്പെടിക്കുവാൻ ഉള്ളത് അവരുടെ രാജ്യഭാരംകൊണ്ട് പ്രജകൾക്കു ഒട്ടുംതന്നെ ദ്രോഹമൊ അധഃപതനമൊ ഉണ്ടായിരുന്നില്ല; എന്നു മാത്രമല്ല പ്രജകളുടെ അഭ്യുദയത്തിന്നും ഉത്തരോത്തരം അഭിവൃദ്ധിയും ഉണ്ടായിരുന്നു എന്നുള്ളതാണ്. ശ്രീകൃഷ്ണൻ ദൂതിന്ന് പോകുന്ന അവസരത്തിൽ കവി വർണ്ണിച്ചിട്ടുള്ളതായ ഹസ്തിനാപുരത്തെ കാണുമ്പോഴും, വൈഷ്ണവയാഗത്തിൽ ദുര്യോധനാദികൾ പ്രദർശിപ്പിച്ച ഐശ്വര്യസമൃദ്ധിയേയും, കൌരവപക്ഷത്തിൽ പാണ്ഡവപക്ഷത്തിൽ ഉണ്ടായിരുന്നതിനേക്കാൾ ഉണ്ടായിരുന്ന അധികം സംഘബലവും, മാർദ്രരാജാവിനെ എതിരേററു സല്ക്കരിച്ച രീതിയേയും മററും ഓക്കുമ്പോഴും രാജ്യഭാരത്തെ സംബന്ധിച്ചേടത്തോളം യാതൊരു കുററവും പറയാനില്ലെന്ന്തന്നെയല്ല, അഭിവൃദ്ധിതന്നെയാണ് ഉണ്ടായിരുന്നതു എന്നുംവേണം പറവാൻ. രാജ്യഭരണത്തെപ്പററി ഭാരതത്തിൽ ഒരു ദിക്കിലെങ്കിലും കവി മോശമായി പ്രസ്താവിച്ചിട്ടും ഇല്ല.

സ്വതേ ദുഷ്ടനായ ഒരുവനായിരുന്നു രാജാവെങ്കിൽ ആ നാട്ടിലെ പ്രജകളുടെ സംതൃപ്തിക്കും വാത്സല്യത്തിന്നും അദ്ദേഹം പാത്രമാകുന്നതല്ലല്ലൊ. ഒരുവൻ ദുഷ്ടപ്രകൃതിയോടുകൂടിയവനാണെങ്കിൽ ദുഷ്ടചേഷ്ടിതങ്ങൾ അ

വന്റെ സകല പ്രവൃത്തികളിലും പ്രതിഫലിക്കാതെ ഇരിക്കുവാൻ തരമില്ല. അങ്ങിനെ കാണാത്തതിനാൽ ദുര്യോധനനും കൂട്ടരും ജന്മനാ ദുഷ്ടന്മാരായിരുന്നില്ലെന്നും പാണ്ഡവന്മാരുമായിട്ടുള്ള നടവടികളിൽ മാത്രമേ ദുഷ്ചേഷ്ടിതങ്ങൾ കാണിച്ചിരുന്നുള്ളു എന്നും നമുക്കു അനുമാനിക്കാവുന്നതാണ്. അതിനുള്ള ഉത്തരവാദിത്വംമുഴുവനും അവരുടെ പേരിൽ ചുമത്തുവാൻ പാടുള്ളതല്ലെന്നു നാം മുമ്പ് തെളിയിച്ചിട്ടും ഉണ്ടല്ലൊ.

ദുര്യോധനാദികളുടെ കർമ്മങ്ങളെ പൊതുവിലാണ നിരൂപിച്ചിട്ടുള്ളത് എന്നിരിക്കിലും അതിൽ പ്രധാനപുരുഷനായ ദുര്യോധനന്റെ സ്വഭാവനിരൂപണവുംകൂടെ അതോടുകൂടി കഴിഞ്ഞിട്ടുള്ളതായി കണക്കാക്കാം. അതിനാൽ ഇനി അയാളുടെ പക്ഷത്തിലുള്ള മറ്റു ചില മഹാന്മാരെ പററി മാത്രം അല്പം നിരൂപണം ചെയ്യേണ്ടിയിരിക്കുന്നു. ഇതിൽ മുഖ്യമായവർ ഭീഷ്മർ, ദ്രോണർ, വിദുരർ കൃപർ കർണ്ണൻ ഇവരാണല്ലൊ. ദുശ്ശാസനനെയാകട്ടെ ദുര്യോധനന്റെ കയ്യിലുള്ള ഒരു വെറും ആയുധമെന്നല്ലാതെ ഒരു പ്രധാന അംഗമായി കരുതുവാൻ പാടുള്ളതല്ല. അശ്വത്ഥാമാവ് ജന്മനാ ബ്രാഹ്മണനും അംഗീകരണം കൊണ്ടു ക്ഷത്രിയനും പ്രവൃത്തികൊണ്ടു ചണ്ഡാളനും ആകയാൽ അദ്ദേഹത്തെ നമ്മുടെ ദൃഷ്ടിപഥത്തിൽനിന്നു തീരെ അകററി നിൎത്തുന്നതാണ് നമുക്കുതന്നെ ശ്രേയസ്സ്.

ഭീഷ്മർ ബുദ്ധിഗുണംകൊണ്ടും നടവടിശുദ്ധതകൊണ്ടും, പരാക്രമംകൊണ്ടും ഹൃദയപരിഷ്കാരംകൊണ്ടും, നിരുപമമായ ഒരു വിശിഷ്ടദേഹം തന്നെയായിരുന്നു. ആരാ

ലും അദ്ദേഹത്തെ ഒരുകാലത്തും അനുകരിപ്പാൻ സാധി ക്കുന്നതും അല്ല. കർമ്മവൈശിഷ്ട്യംകൊണ്ടും മററും അദ്ദേ ഹം ഒരു മാതൃകാപുരുഷൻതന്നെയാണെന്നുവേണം പറ യുവാൻ. അയാളുടെ പേരിൽ അന്നുണ്ടായിരുന്നവൎക്കും ഇന്നുള്ളവൎക്കും ഉള്ള ഭക്തിക്ക് അദ്ദേഹം അൎഹൻതന്നെ, സംശയമില്ല. ആ വീരൻ പ്രദൎശിപ്പിച്ചിട്ടുള്ള പിതൃഭക്തി യും സംസ്കാരവും, സത്യനിഷ്ഠയും, ധർമ്മാനുഷ്ഠാനങ്ങളും കളങ്കമില്ലാത്തവകളാണ്. അദ്ദേഹത്തെ മനസാപൂജിക്കു ന്നതുതന്നെ ഒരുവൻെറ മനോഗുണത്തെ കാണിക്കുന്നതാ കുന്നു. ഇത്രയും വിശിഷ്ടനായ ഈ ദിവ്യദേഹം തന്നെയാ ണ് ഫലേച്ഛയോടുകൂടിയ എല്ലാകർമ്മങ്ങളും ധർമ്മാനു സരണങ്ങളായി വരികയില്ലെന്നും എന്നാൽ ധർമ്മാനുക്ര മമായ അല്ലെങ്കിൽ ശാസ്ത്രവിധിയായ, പ്രവൃത്തികൾ മാ ത്രം അനുഷ്ഠിക്കുന്നതാണ് ഒരുവൻെറ മുറയെന്നും നമുക്കു പറഞ്ഞുതന്നിട്ടുള്ളത്. ശ്രാദ്ധദിവസം അന്നകലമ്പത്തെ ദൎഭയിൽവെക്കുവാനായി ഭാവിച്ചപ്പോൾ തൻെറ മരിച്ചു പോയ അച്ഛൻ കൈനീട്ടിയെങ്കിലും ആ കയ്യിനെ തട്ടി യുംകൊണ്ടു ദൎഭയിൽതന്നെ വെക്കുകയാണല്ലൊ അദ്ദേഹം ചെയ്തതു. വിധിപ്രകാരമുള്ള മുറകൾ തെററിനടക്കുന്ന തു—ചീത്തയായാലും നല്ലതായാലും ശരി—പാടുള്ളതല്ലെ ന്നാണ ഇതുകൊണ്ടു അദ്ദേഹം കാണിച്ചുതരുന്നത്.

അദ്ദേഹത്തിൻെറ പ്രവൃത്തികളേയും ഉപദേശങ്ങ ളേയും പററി പ്രസ്താവിപ്പാൻ തുടങ്ങിയാൽ ഈ പ്രബ ന്ധം വിചാരിച്ചതിലധികം ദീർഘിച്ചുപോവാൻ ഇടയുള്ള

ത്തുകൊണ്ടു അതിനെക്കുറിച്ച് അധികം ഒന്നും ഇവിടെ പറയുവാൻ വിചാരിക്കുന്നില്ല. എന്നാൽ അദ്ദേഹം ഒരു മനുഷ്യൻതന്നെ ആയിരുന്നു എന്നു കാണിപ്പാൻ ആയിരിക്കാം അദ്ദേഹത്തിന്റെ ചരിത്രത്തിൽ ഒന്നുരണ്ടു മനുഷ്യസഹജമായ കളങ്കങ്ങളും കവി ചേൎത്തിട്ടുള്ളത്. യാതൊരു കളങ്കവുമില്ലാതേയും പൂൎത്തിയായ ഗുണങ്ങളാൽ വിലസുന്നതുമായ ഒരു വസ്തു ലോകത്തിൽ ഒന്നും ഇല്ലല്ലൊ. അത്തരം പാത്രപ്രതിഷ്ഠ പ്രകൃതിവിരുദ്ധമാകുമെന്ന് കരുതിയതുകൊണ്ടു വ്യാസകവിയുടെ മനഃപൂൎവ്വമായ പ്രവൃത്തിയായിരിക്കണം, നിസ്സാരങ്ങളായ ഒന്നു രണ്ടു തെറ്റുകളെങ്കിലും ഭീഷ്മരുടെ നടവടികളിലും കാണിച്ചത്. ഭാരതത്തിൽ പല ദിക്കിലും ഭീഷ്മർ കൎണ്ണന്റെ ചെറുപ്പകാലംമുതൽക്കുതന്നെ അയാളുടെ ബലത്തെ നിസ്സാരമാക്കി പറയുകയും അയാളെ അധിക്ഷേപിക്കുകയും ചെയ്തിരുന്നതായി കാണുന്നുണ്ടല്ലൊ. ഇതിന്നു കൎണ്ണൻ അൎഹനായിരുന്നുവൊ? ഇല്ലെന്ന് ഭീഷ്മർ തന്നെ തന്റെ യുദ്ധാവസാനത്തിൽ കൎണ്ണനെ അടുക്കൽ വിളിച്ചു അയാളോട സമ്മതിക്കുന്നു. "ഞാൻഇതുവരെ പല അവസരങ്ങളിലും നിന്റെ തേജോവധം ചെയ്തിരുന്നത് നിന്റെ അനുജന്മാരായ പാണ്ഡവന്മാരുടെ ജയത്തിന്നായിരുന്നു എന്നല്ലാതെ നീ അതിന്ന് അൎഹനായിട്ടല്ല" എന്നുമാണല്ലൊ അദ്ദേഹം പറയുന്നത്. ഇങ്ങിനെ ഒരു ധൎമ്മലോപനം അദ്ദേഹത്തിന്നു വരുവാൻ സംഗതിയായത്, രക്ഷിതാക്കന്മാരില്ലാത്ത പാണ്ഡവന്മാരെ മഹർഷികൾ ഹസ്തിനപുരത്തുകൊണ്ടുവന്നു പാൎപ്പിച്ചപ്പോൾ അവരുടെ പേരിൽ പ്ര

കൃതി അനുസരിച്ച് അദ്ദേഹത്തിന്ന തോന്നിയ ദയയും സ്നേ ഹവും മൂത്ത് വളൎന്നതിൻെറ ഫലമാണെന്നേ കരുതേണ്ട തുള്ളൂ. ഇതുതന്നെയാണ് താൻ കൌരവപക്ഷത്തിൽ നിന്ന യുദ്ധംചെയ്തിരുന്ന അവസരത്തിലും ആന്തരമായി പാണ്ഡവന്മാൎക്ക ജയത്തെ ആശംസിക്കുവാനുള്ള കാര ണവും. തൻെറ വധോപായത്തെ പാണ്ഡവന്മാൎക്ക പറ ഞ്ഞുകൊടുക്കുവാൻ ഇടയായതിന്നും ഹേതു ഇതുതന്നെ.

ദുൎയ്യോധനൻ ഭീഷ്മയുദ്ധത്തിൽ തൻെറ കടുവാക്കുക ൾകൊണ്ടു ഭീഷ്മരെ സങ്കടപ്പെടുത്തുമ്പോൾ ആ വയോവൃ ദ്ധനിലുള്ള ഭക്തികൊണ്ടു ദുൎയ്യോധനൻെറ നേരെ നമുക്ക ദ്വേഷ്യം ഉണ്ടാകുന്നുണ്ടെങ്കിലും ആയതിന്നുള്ള ഹേതുക്ക ൾ അകാരണങ്ങളായിരുന്നില്ലെന്ന് ഭീഷ്മരുടെ സ്ഥിതി അറിയുന്ന വായനക്കാൎക്കെല്ലാവൎക്കും അറിയാവുന്നതാണ്. ഭീഷ്മർ തൻെറ ആത്മഹത്യയാൽ പാണ്ഡവൎക്ക ചെയ്ത ഉ പകാരത്തെ നാം ഓൎക്കുന്ന അവസരത്തിൽ ദുൎയ്യോധനന്ന് താൻ കടപ്പെട്ടിരിക്കുന്നു എന്നുള്ള സംഗതി യുദ്ധോദ്യമ ത്തിൽ അദ്ദേഹം സ്ഥാപിക്കുന്നതിനോടുകൂടി അല്പം വിരു ദ്ധമായി തോന്നുന്നില്ലെ. എല്ലാററിന്നും, പുറമെ ദ്രൌപ ദീവസ്ത്രാക്ഷേപസമയത്തിൽ ദീനയായ പാഞ്ചാലി താൻ ദാസിയാണൊ അല്ലയൊ എന്ന സഭാവാസികളോടു ചോ ദിച്ചതിന്ന ഉത്തരം പറയുവാൻ മടിച്ചിരുന്ന അവസരത്തി ലും, ഭീഷ്മരുടെ ധൎമ്മത്തിന്നും സത്യത്തിന്നും മാലിന്യം ത ട്ടുന്നില്ലെന്നില്ല.

ഈ കളങ്കങ്ങളെല്ലാം അദ്ദേഹത്തെ ദേവപദവിയിൽനി ന്ന താഴ്ത്തി മനുഷ്യപദവിയിൽ ചേൎക്കുന്നുണ്ടെന്നല്ലാതെ ന

മ്മുടെ ഭക്തിക്ക് ഹാനിവരുത്തത്തക്കവണ്ണം പ്രബലങ്ങളല്ല. ഇങ്ങിനെ നിരുപമമായ ഗുണങ്ങളുടെ വിളനിലവും സാത്വികനും തപസ്വിയും വയോവൃദ്ധനും ആയ അദ്ദേഹം നമ്മുടെ ഹൃദയങ്ങളിൽ എന്നും ആരാധിക്കപ്പെടുന്നവനായിതന്നെ വത്തിക്കട്ടെ. ദൂരത്തിൽനിന്ന തൊഴുതു ആരാധിപ്പാനല്ലാതെ, അടുത്തചെന്ന് ഒന്നായി ചേന്ന അദ്ദേത്തിന്റെ പ്രവൃത്തികളിൽ പങ്കുകൊള്ളുവാൻ നമുക്ക സാധിക്കാത്തത് അദ്ദേഹത്തിന്റെ സാത്വീകഗുണത്തിന്റെയും തപോനിഷ്ഠയുടെയും വൈഭവങ്ങാം തന്നെ. അങ്ങിനെ ഒന്നായി ചേന്ന ആഹ്ലാദിപ്പാനുള്ള പുരുഷൻ ഭാരതത്തിൽതന്നെയുണ്ടു. അയാളെ പററി പ്രസ്താവിക്കുന്ന അവസരത്തിൽ നമുക്ക അദ്ദേഹത്തോടു ചേരാവുന്നതുമാണ്.

ഭീഷ്മരെക്കഴിഞ്ഞാൽ അടുത്തു ബഹു മാന്യനായി കരുതിവരുന്നത് ദ്രോണരെയാണ്. ഇദ്ദേഹം ബ്രാഹ്മണവൃത്തിയെ ത്യജിച്ച് ക്ഷത്രിയധമ്മത്തെ അനുകരിച്ച ഒരു പുരുഷനാകുന്നു. ഇദ്ദേഹവും വളരെ വിശിഷ്ടനായിരുന്നുവെങ്കിലും ചില ദോഷങ്ങളും ഇദ്ദേഹത്തിന്ന ഇല്ലാതിരുന്നില്ല. ദ്രുപദരാജാവിന്റെ തലക്ക ചവിട്ടുവാൻ ശ്രമിച്ചതു അദ്ദേഹത്തിന്റെ സ്ഥിതിക്ക ചേന്നതായിക്കരുതുവാൻ പാടുള്ളതല്ല. തന്റെ പ്രിയ ശിഷ്യനായ അജ്ജുനനേക്കാൾ സമത്ഥനായി മററു വല്ലവരേയും കാണുമ്പോൾ ഇദ്ദേഹത്തിന്ന തോന്നിയിരുന്ന അസൂയയും അതിന്നനുസരിച്ച പ്രവൃത്തികളും ഒരിക്കലും ക്ഷമിക്കാവുന്നതല്ല. ഏകലവ്യന്റെ തള്ളവിരൽ മുറിച്ച വാങ്ങിയത് ഇദ്ദേഹത്തിന്റെ അസൂയാശക്തിയുടെ തള്ളിച്ച

കൊണ്ടാണല്ലൊ. കൎണ്ണന്റെപേരിൽ തോന്നിയിരുന്ന ദ്വേഷത്തിന്ന കാരണവും ഇതുതന്നെയാണ്. വസ്ത്രാക്ഷേപാവസരത്തിൽ ദ്രൌപദിയുടെ ചോദ്യത്തിന്ന മറുപടി പറയാതിരുന്നതും മറക്കത്തക്കതല്ല. തന്റെ വധോപായവും പറഞ്ഞുകൊടുത്ത് പാണ്ഡവന്മാരെ സഹായിച്ചത് താൻ ആശ്രയിച്ച്‌വന്നവരായ കൌരവന്മാരുടെ നേരെ കാണിക്കേണ്ടതായ നന്ദികേടുകളുമായും ചേൎക്കുന്നു. ഇതുകളാലും മറ്റും ഒരുസമൎത്ഥനായ വില്ലാളി എന്നല്ലാതെ അദ്ദേഹത്തെ പൂജ്യാൎഹനായ ഒരു പുരുഷനായി കരുതാവുന്നതല്ല.

ഇവരുടെ എല്ലാവരുടെയും ആദ്യഗുരുവായ കൃപരാണല്ലൊ ഇനി നമ്മുടെ ചിന്താവിഷയമായിത്തീരുന്ന മഹാൻ. കൃപരും ദ്രോണരെപ്പോലെതന്നെ ഒരു ബ്രാഹ്മണൻ ആയിരുന്നു. അദ്ദേഹവും ക്ഷത്രിയവൃത്തിയെ അംഗീകരിക്കുകയാണ് ചെയ്തത്. പ്രായംചെന്നതിനാൽ യുദ്ധവൈദഗ്ദ്ധ്യം കുറഞ്ഞിരിക്കുന്നു. കുറെ ചാപല്യങ്ങളും ഇല്ലെന്നില്ല; അഭ്യാസ പരീക്ഷാസമയത്ത് സകല പ്രകടനങ്ങളിലും കൎണ്ണൻ അൎജ്ജുനനെ കടത്തിവെക്കുന്നതായി കണ്ടത് അദ്ദേഹത്തിന്ന് അസഹ്യമായിരുന്നു. സാധാരണജനങ്ങൾക്കെല്ലാവൎക്കും തങ്ങളുടെ ആദൎശപുരുഷന്മാരേയൊ, സ്നേഹപാത്രങ്ങളേയൊ അതിശയിക്കുന്ന സാമൎത്ഥ്യത്തോടുകൂടി മററുവല്ലവരേയും കാണുന്നസമയം അങ്ങിനെയുള്ള സമൎത്ഥന്മാരിൽ അസൂയയൊ ദ്വേഷമൊ തോന്നുന്നത് മനുഷ്യസാധാരണമാകയാൽ കൃപരുടെ ഈ ചാപല്യങ്ങളെ ക്ഷമിക്കാവുന്നതാണ്. എങ്കിലും ഒരു മ

ഋഷിയുടെ പുത്രനും വിദ്വാനുമായ വിദുരൻ അതുകൊണ്ടുമാത്രം സമാധാനിക്കാതെ കണ്ണനെ നീചകുലത്തിൽ ജനിച്ചവനെന്നുമററും പറഞ്ഞ് ആ നിറഞ്ഞ സഭയിൽ വെച്ചധിക്ഷേപിച്ചത്; പ്രത്യേകിച്ച് തന്റെ പ്രിയശിഷ്യനായ അർജ്ജുനനെ തൽക്കാലത്തെ കണ്ണനാമായുള്ള യുദ്ധോദ്യോഗത്തിൽനിന്നു രക്ഷിക്കുവാൻ മാത്രമായിരുന്നത്കൊണ്ട് ഒട്ടുംതന്നെ ക്ഷമാർഹമല്ലാ. ശാന്തിപവ്വത്തിൽ ഭീഷ്മർ നാലു വർണ്ണങ്ങളേയും അവരുടെ നടവടികളേയുംപററി വർണ്ണിച്ചതിന്നുശേഷം യുധിഷ്ഠിരനോടു പറയുന്നത്, വിദ്യകൊണ്ടോ, മററൊ യോഗ്യന്മാരായവരുടെ കുലത്തേയൊ, ജാതിയേയൊപററി ആലോചിക്കേണ്ടതില്ലെന്നല്ലെ? അതുംപോകട്ടെ. യുദ്ധാവസാനം ഉറങ്ങിക്കിടക്കുന്ന അവസരത്തിൽ പാണ്ഡവന്മാരുടെ സൈന്യങ്ങളെ കൊല്ലുവാനായി അശ്വത്ഥാമാവിനെ സഹായിച്ചത് ഏതുവിധവും ക്ഷമിക്കാവുന്നതല്ലാ. ഇതൊക്കെകൊണ്ടു അദ്ദേഹവും നമ്മുടെ ഭക്തിക്കു യോഗ്യനായിത്തീരുന്നതല്ല.

കൌരവന്മാരുടെ ഗുരുജനങ്ങളിൽ ഇനി ശേഷിപ്പുള്ളത വിദുരർ മാത്രമാണ്. അദ്ദേഹം ജന്മംകൊണ്ടു ശൂദ്രനായിരുന്നാലും കർമ്മങ്ങൾകൊണ്ടും ബുദ്ധിഗുണംകൊണ്ടും യഥാർത്ഥമായ "ബ്രാഹ്മണൻ" തന്നെ ആയിരുന്നുവെന്നു നിശ്ശങ്കം പറയാവുന്നതാണ്. പ്രസ്തുതഭാരതകഥാവിഷയത്തിൽ പ്രാധാന്യമേറിയ ഒരു ഭാരവാഹിത്വം അദ്ദേഹം വഹിച്ചിട്ടില്ലാത്തതിനാൽ അദ്ദേഹത്തെ

അറിവാൻ അധികം അവകാശമില്ലെന്ന ഒരുപക്ഷെ ചിലൎക്ക് ഒരു വാദം പുറപ്പെട്ടുവിക്കുമായിരിക്കാം. എന്നാൽ കൂടി അദ്ദേഹവും ധൃതരാഷ്ട്രനും തമ്മിലുള്ള സംഭാഷണം തന്നെ അദ്ദേഹത്തെപ്പററി നമുക്കു പൂൎണ്ണമായ പരിചയം തരുന്നുണ്ടെന്ന മറുപടിയും പറയാവുന്നതാണ്. ലോകപരിജ്ഞാനവും ശാസ്ത്രപരിജ്ഞാനവും അതിന്നടുത്ത വിനയവും വണക്കവും ഏകോപിച്ചു വിലസുന്ന ഒരു യോഗ്യപുരുഷനാണ് അദ്ദേഹം എന്ന അദ്ദേഹത്തിൻെറ വാക്കിൽ നിന്നും പ്രവൃത്തികളിൽ നിന്നും തെളിയുന്നുണ്ട്. അദ്ദേഹത്തിൻെറ വാക്കുകളിൽ നിന്ന ഏതെങ്കിലും ഒന്നോ രണ്ടോ ഇവിടെ ഉദാഹരിക്കട്ടെ എന്നുവെച്ചാൽ ഏതാണ എടുക്കേണ്ടത് എന്നുള്ള സംശയം തന്നെ തീരുന്നില്ല. വിദുരവാക്യം മുഴുവൻ ഇവിടെ ഉദ്ധരിക്കുന്നത് സന്ദൎഭയോജ്യവും ആകയില്ല. അതിനാൽ ആയതിന്നു തുനിയാത്തതാണ്.

എന്തെങ്കിലും ഒരു കുററം അദ്ദേഹത്തിൻെറ പേരിൽ ചുമത്തുവാൻ ഉണ്ടെങ്കിൽ ദ്രൌപദിയുടെ ചോദ്യത്തിന്നു ഉത്തരം പറയാതിരുന്നതായിരുന്നു. ശൂദ്രനായതുകൊണ്ടും ധൃതരാഷ്ട്രൻെറ മന്ത്രി എന്നുള്ള സ്ഥാനംമാത്രം വഹിച്ചിരുന്നതുകൊണ്ടും മററുള്ള യോഗ്യന്മാരിരിക്കെ അദ്ദേഹത്തിന്നു അഭിപ്രായം പറയാവുന്നതല്ല എന്നുള്ള സംഗതിയെ വായനക്കാർ പ്രത്യേകിച്ചു ഓൎത്തുകൊള്ളേണ്ടതുമാകുന്നു. ഉദ്യോഗപൎവ്വത്തിൽ ധൃതരാഷ്ട്രന്നു ധൎമ്മോപദേശം ചെയ്യുവാനായി സനൽകുമാര മഹൎഷി

യെ ആനയിച്ചത വിദുരക്ക് ആ ധമ്മതത്വങ്ങൾ അറിയാഞ്ഞിട്ടായിരുന്നില്ലെല്ലൊ. ശൂദ്രനാകയാൽ തനിക്ക ഉപദേശിക്കുവാൻ അഹ്ഹതയില്ലെന്ന കരുതിയല്ലെ മഹഷിയെ വിളിച്ചുവരുത്തിയത്? ഇത്രയധികം വിനയബുദ്ധിയുള്ള അദ്ദേഹം പാഞ്ചാലിയുടെ ചോദ്യത്തിന്നു ഉത്തരം പറയാതിരുന്നതിൽ ഒട്ടുംതന്നെ അതിശയം ജനിക്കുന്നില്ല. അദ്ദേഹത്തിൻെറ ബുദ്ധിശക്തികൊണ്ടു നമ്മുടെ മനസ്സിൽ ജനിപ്പിക്കുന്നത് സ്നേഹവും ബഹുമാനവും എടചേന്ന ഭക്തിയായതിനാൽ ഭീഷ്മരെപ്പോലെ തന്നെ നമുക്ക അദ്ദേഹത്തെ അല്പം അകലെ നിന്ന തൊഴുവാൻ മാത്രമാണ് സാധിക്കുന്നത്.

കൌരവപക്ഷനിരൂപണത്തെ അവസാനിപ്പിക്കുന്നതിന്നുമുമ്പായി ദുര്യോധനൻെറ ചരമാവസ്ഥയെക്കൂടി അല്പമൊന്നു നിരൂപിക്കേണ്ടതുണ്ടു. കൃപർ, കൃതവമ്മാവു, അശ്വത്ഥാമാവു എന്നീ മൂന്നു യോദ്ധാക്കൾ ഒഴിച്ച ശേഷം കൌരവപക്ഷത്തിലുണ്ടായിരുന്ന സകല യോദ്ധാക്കളും കാലഗതിയെയണഞ്ഞിരിക്കുന്നു. ലോകൈകവീരനെന്നും നിത്യബ്രഹ്മചാരിയെന്നും ശ്രുതികൊണ്ട ഭീഷ്മർ പാണ്ഡവരുടെ അധർമ്മത്താലൊ കൃഷ്ണൻെറ കൌശലത്താലൊ ചതിക്കപ്പെട്ടു ശരശയ്യയിൽ മരണത്തെ പ്രതീക്ഷിച്ചുംകൊണ്ടു കിടക്കുമാറായി. അസ്ത്രശിക്ഷയിൽ പടുവായിരുന്ന ദ്രോണനും വീരധമ്മമല്ലാത്ത ചതിയാൽ ജീവത്യാഗം ചെയ്യേണ്ടിവന്നു. ദുര്യോധനൻെറ വിശ്വസ്തമിത്രവും ദുര്യോധനപ്രതാപത്തിൻെറ കാതലും ദുര്യോധനനാൽ അജയ്യനമെന്ന കരുതിവന്നിരുന്നവനുമായ കണ്ണനും അ

ജ്ജുനന്റെ ക്ഷാത്രധൎമ്മമല്ലാത്ത പ്രവൃത്തിയാൽ വധിക്കപ്പെട്ടു. തന്റെ സഹജന്മാരായ ദുശ്ശാസനൻ മുതൽ പേൎകളും, സൈന്യത്തിലെ മററു വീരന്മാരും ഈ വിധം പാണ്ഡവന്മാരുടെ ഓരോ ചതിപ്രവൃത്തികളാലോ, ധൎമ്മയുദ്ധത്താലൊ വീരസ്വൎഗ്ഗമണയുക കഴിഞ്ഞിരിക്കുന്നു. ശേഷിച്ചിട്ടുള്ളവരായ തങ്ങളും നാലു പേരുകളാൽ മാത്രം പാണ്ഡവരോടു എതിൎത്തുനില്ക്കുന്നതു സാദ്ധ്യമല്ലെന്നു കരുതി ദുൎയ്യോധനൻ, കൃപർ, ഭോജൻ, ദ്രൗണി എന്നിവർ യുദ്ധക്കളത്തിൽനിന്നു പിൻമാറുകയും ചെയ്തു.

കൌരവകുലത്തെ ഉന്മൂലനാശംചെയ്യുന്നതാണെന്നു പ്രതിജ്ഞചെയ്തിട്ടുള്ള പാണ്ഡവന്മാൎക്കു ദുൎയ്യോധനനെ ജീവനോടെ വിട്ടയക്കുന്നതിൽ അശേഷം തൃപ്തിയില്ലായിരുന്നു. ആയതിനാൽ ഭീമനോടു ഗദായുദ്ധത്തിൽ ദുൎയ്യോധനനു ഏൎപ്പെടേണ്ടതുമായിവന്നു. ബലഭദ്രാദി മഹാന്മാരാൽ അലംകൃതമായ ആ സദസ്സിൽവെച്ചും അധൎമ്മം ചെയ്യുന്നതിന്നു പാണ്ഡവന്മാൎക്കു മടി കാണുന്നില്ല. അരക്കു കീഴ്പ്പെട്ട് ഗദകൊണ്ടു തല്ലിയതും വീണ യോദ്ധാവിന്റെ തലക്കു ചവിട്ടിയിരുന്നതും "സത്യസന്ധന്മാരായ" പാണ്ഡവന്മാരുടെ യുദ്ധകൎമ്മങ്ങളിൽവെച്ചു മകുടാലങ്കാരങ്ങളായിതന്നെ എന്നെന്നും ശോഭിക്കുന്നതാണ്. ദുൎയ്യോധനനെ കൊല്ലേണ്ടതിന്നു കൃഷ്ണനായിരുന്നു ഭീമന് ദുൎയ്യോധനന്റെ മൎമ്മം കാണിച്ചുകൊടുത്തിരുന്നതെങ്കിലും, ഒടുവിലത്തെ നീചപ്രവൃത്തിക്കു കൃഷ്ണൻ ഒട്ടുംതന്നെ ഭാഗഭാക്കല്ലായിരുന്നു.

"ധർമ്മരാജഭവാനെന്തീയധർമ്മം സമ്മതിപ്പതും
ബന്ധുക്കൾചത്തുതാൻവീണമങ്ങും ദുര്യോധനന്റെ
തലയ്ക്കുഭീമൻകാൽകൊണ്ടു ചവിട്ടിത്തട്ടിടുന്നതും
ധർമ്മജ്ഞനാംഭവാനെന്തോ കണ്ടുനില്ക്കുന്നു മന്നവ"

(ശല്യം അ. 60)

ഒട്ടുംതന്നെ മനഃപരിഷ്കാരമില്ലാത്ത ചണ്ഡാളർക്കുകൂടി ലജ്ജാവഹമായി പ്രവൃത്തിച്ചത്—നിസ്സഹായനായി രണഭൂമിയിൽ മുറിവേററുകിടക്കുന്ന ഒരു ശത്രുവിന്റെ തലയിൽ ചവിട്ടി അധിക്ഷേപിച്ചത്—ഏതുകാലത്തും ക്ഷമിക്കത്തക്കതല്ല. ബലദേവരുടെ അഭിപ്രായവും ഇതുതന്നെയാണല്ലോ.

"അധർമ്മത്താൽധാർമ്മികനാം ദുര്യോധനനരേന്ദ്രനെ
കൊന്നീപ്പാരിൽജിഹ്മയോധിയെന്നോതപ്പെടും പാണ്ഡവ
ദുര്യോധനൻധർമ്മശീലൻനിത്യയാംഗതിപൂകിടും ർ
നേർപൊരുന്നോൻഹതൻഭൂപൻധാർത്തരാഷ്ട്രൻനരേശ്വ
യുദ്ധംദീക്ഷിച്ചുടർനിലത്തടർയജ്ഞംനടത്തിയും രൻ
ശത്രുതീയ്യിൽസ്വാഹുതിചെയ്താറാക്കുപുകൾനേടിനാൻ"

(ശല്യം അ 60)

അതിനെ മുടക്കുവാൻ ശ്രമിക്കാതെ കണ്ടുകൊണ്ടു നിന്നു രസിച്ചിരുന്ന,

"അതിനാൽപ്രജ്ഞയില്ലാത്തലുബ്ധനാമതിമോഹിയെ
കൊന്നിഷ്ടംഭീമനേകട്ടെധർമ്മമോചെയ്കധർമ്മമോ"

(ശല്യം അ. 60)

എന്നുപറഞ്ഞ യുധിഷ്ഠിരനെയാണോ 'ധർമ്മപുത്രൻ' എന്നു വിളിക്കേണ്ടത്! കാമക്രോധങ്ങളടങ്ങിയ രാജർഷി

എന്ന യുധിഷ്ഠിരനെ ഇനിയും കരുതിവരുന്നുണ്ടെങ്കിൽ ആയതു നമ്മുടെ ആലോചനക്കുറവുകൊണ്ടുതന്നെയാകു വാനെ അവകാശം കാണുന്നുള്ളൂ.

ദുൎയ്യോധനന്നാകട്ടെ അദ്ദേഹത്തിൻെറ ജീവിതത്തി ന്നു യോജിച്ചതു തന്നെയായിരുന്നു അദ്ദേഹത്തിൻെറ മര ണവും. വളരെകാലം പ്രതാപത്തോടുകൂടി രാജ്യം ഭരി ച്ചതിന്നു ശേഷവും, യുദ്ധത്തിൽ തൻെറ സംബന്ധുക്ക ളായവർ സൎവ്വവും മരിച്ചതിന്നു ശേഷവും അദ്ദേഹവും ര ണഭൂമിയിൽ യുദ്ധദേവതക്കായി തൻെറ ദേഹത്തെ ബലി കഴിച്ചതു് ഒരു ക്ഷത്രിയകുലത്തിൽ ജനിച്ചവന്നു് യോജി ച്ചതായ ധൎമ്മംതന്നെയായിരുന്നുവെന്നു ഏവനും സമ്മ തിക്കാതെ നിവൃത്തിയില്ല. അദ്ദേഹത്തിൻെറ പൂൎണ്ണ ബോദ്ധ്യവും ഇതുതന്നെയായിരുന്നു. പാണ്ഡവന്മാരെയാ ശ്രയിപ്പാനായി അദ്ദേഹത്തോടു് ഉപദേശിച്ചവരായ കൃ പാദികളോടു ഉണ്ടായിട്ടുള്ള അദ്ദേഹത്തിൻെറ മറുപടി യെ ശ്രദ്ധിക്കുക.

“ആഴിചൂഴുമൊരീയൂഴിയെല്ലാമനുഭവിച്ചുഞാൻ
പാണ്ഡുപുത്രപ്രസാദാൽനിഷ്കണ്ടകംവാഴ്കതെങ്ങിനെ
മന്നവന്മാൎക്കുപരിയായൎക്കനുട്ടിൽജ്വലിച്ചുഞാൻ
പിന്നെധൎമ്മജനെദ്ദാസനുട്ടുപിന്തുടരാവതോ
സ്വയംഭോഗങ്ങളേററവും ഭൃത്യദായംകൊടുത്ത ഞാൻ
കൃപണംകൃപണന്മാരോടൊത്തുജീവിപ്പതെങ്ങിനെ
കടംതീൎത്തുപിതൃക്കൾക്കും ക്ഷത്രധൎമ്മത്തിന്നുംശരി
ശാശ്വതംസുഖമില്ലിങ്ങുരാജ്യമെങ്ങെങ്ങുകീൎത്തിയും
ഇങ്ങുകീൎത്തിപുലൎത്തേണംപോരിലല്ലാതെയോൎത്തിടാ

ഈഞാനിമ്മട്ടുലോകൎക്കപരാഭവമണച്ചവൻ
ഉടൻനൽപ്പോരിനാൽവാനിൽച്ചെൽവേൻമറെറാന്നു
ചെയ്യിടാ
(ശല്യം അ. 60)

വീരധൎമ്മത്തിന്നും, ശൌൎയ്യത്തിന്നും, പ്രതാപത്തിന്നും അല്പംപോലും ഹാനിക്കൂടാതെ അദ്ദേഹം തന്റെ ജീവദശയെകഴിച്ചുകൂട്ടി. വിശ്വസൎഗ്ഗത്തെ ദേവകളുടെ പുഷ്പവൃഷ്ടിയോടും പ്രശംസയോടുംകൂടി പ്രാപിച്ചതു് പാണ്ഡവന്മാൎക്ക കണ്ണുതത്തേയുംഅസൂയയേയും ഉണ്ടാക്കിത്തീൎത്തുവെന്ന സംഗതി ഒട്ടുംതന്നെ ആശ്ചൎയ്യജനകമല്ല.

‘ചെയ്തുനന്നായധ്യയനംകൊടുത്തുകാത്തുപാൎത്തടകം
നിന്നൂ ശത്രുത്തലസ്ഥിഞാനെന്നമട്ടാൎക്കന്തമുത്തമം
സ്വധൎമ്മംനോക്കിടുംക്ഷത്രിജാതിക്കാൎക്കിഷ്ടമെങ്ങിനെ
ആയുധ്യനിധനംപൂണ്ടേനെന്നമട്ടാൎക്കന്തമുത്തമം
വിണ്ണോൎക്കതക്കതാംമൎത്ത്യഭോഗംമന്നോൎക്കുദുല്ലഭം
നേടിയത്യൈശ്വൎയ്യമാണ്ടേനെന്നമട്ടാൎക്കന്തമുത്തമം
സ്വഹൃൽസ്സോദരരൊക്കംഞാൻസ്വൎഗ്ഗംപൂക്കീടുമച്യുത
സങ്കല്പവുംകെട്ടുദുഃഖപ്പെട്ടുനിങ്ങൾകഴിച്ചിടും
ധീമാൻകുരുഷ്ഠാപനത്തുചൊല്ലിത്തീരുന്നനേരമേ
പുണ്യഗന്ധമെഴുംപുഷ്പവൎഷംവീണിതുഭൂമിയിൽ
കൊട്ടീമനോഹരംവാദ്യംഗന്ധൎവ്വന്മാർകളപ്പൊഴേ
ധരാരാവിൽകീൎത്തിപരമായപാടിനാരപ്സരസ്സുകൾ
സിദ്ധരുംവാഴ്ത്തിനാരപ്പോൾനന്നുനന്നെന്നുമന്നവ
പുണ്യഗന്ധംപൂണ്ടുമൃദുസുഖക്കാററങ്ങുവീശിതേ.

ദിക്കൊക്കെയുംപ്രകാശിച്ചുവൈഡൂര്യ്യാഭംനഭസ്സുമെ
ദുര്യ്യോധനന്റെയാപ്പൂജകണ്ടുലജ്ജിച്ചുപോയിതെ
അധർമ്മത്താൽകൊന്നതായകേട്ടാർത്തരായമാഴ കിനാ
രവർ”

(ശല്യം അ. 61)

ഈവിധം ഇഹത്തിലും പരത്തിലും ഒരുപോലെ തന്റെ ബന്ധുമിത്രകളത്രങ്ങളോടുകൂടി സുഖം അനുഭവിപ്പാനിടയായിട്ടുള്ള ദുര്യ്യോധനാദികൾതന്നെയാണ്, പിറവിമുതൽ മരണംവരെ കഷ്ടപ്പാടുകളാൽ കാലംകഴിക്കേണ്ടിവന്നവരായ പാണ്ഡവന്മാരേക്കാൾ ഭാഗ്യശാലികൾ.

“കാട്ടിൽപാർപ്പുംപരഗൃഹത്തിങ്കൽദാസ്യപ്രവൃത്തിയും
വേഷംമാറലുമുണ്ടാക്കിത്തീർത്തുനിങ്ങൾക്കുഞാൻബലാൽ
ചത്തുബാന്ധവർനിങ്ങൾക്കൊന്നൊമ്മൾക്കുതുല്യമാംവിധം
ഇപ്പോളിപ്പോരിൽഞാനിന്നുവീണുപോയെന്നിരിക്കിലൊ
അതുമേറ്റംഭാഗ്യമത്രെകാലമാണിഹകാരണം
ഇന്നുമെന്നെപ്പോർക്കളത്തിൽധർമ്മത്താൽവെൽ
കയില്ലൊരാൾ
ചതിയാൽനിങ്ങൾവെന്നീടിൽദുഷ്കീർത്തിനിലനിന്നിടും

(ശല്യം. അ. 33)

ഭാരതയുദ്ധത്തിലുള്ള കൌരവരുടെ അപജയം അവർക്കയശസ്കരമായിത്തീരുകയും പാണ്ഡവരുടെ ജയം അവർക്കനിഷ്ടപ്രദമായിത്തീരുകയും ചെയ്തിട്ടുള്ളതു അവരവരുടെ കർമ്മാനുയോഗ്യമായ ഫലങ്ങളാണെന്നു കാണുന്നതിൽ സർവ്വാന്തര്യാമിയായിരിക്കുന്ന ജഗദീശ്വരന്റെ മഹിമാവി

ശേഷത്തെപ്പററി അതിശയം തോന്നുകയും മനുഷ്യബുദ്ധിയുടെ നിസ്സാരതത്വത്തെപ്പററി ഓമ്മവരികയുമാണു നമുക്ക് ചെയ്യുന്നതു. കമ്മസാക്ഷിയായ ഭഗവാൻ നിഷ്പക്ഷവാദിയാണെന്നു എല്ലാവരും ഓത്തുകൊള്ളട്ടെ.

3 കണ്ണൻ.

ഭാരതകഥാപുരുഷന്മാരിൽ നേതാക്കന്മാരായവരിൽ ഇനി ശേഷിപ്പുള്ളത് കണ്ണനാണ്. ഇദ്ദേഹംതന്നെയാണ് ഭാരതകഥാപാത്രങ്ങളിൽവെച്ച് നമുക്കു അടുത്തുചെറുമാററി ഒന്നായി യോജിച്ച അനുകമ്പയോടും അത്ഭുതത്തോടും സ്നേഹത്തോടുംകൂടി കൊണ്ടാടുവാനുള്ള പാത്രവും. ഇദ്ദേഹത്തെപ്പററി പലക്കും പല തെററിദ്ധാരണകളും ഉള്ളതായി അറിയുന്നതിനാലാണ ഇദ്ദേഹത്തെപ്പററി ഇങ്ങിനെ പ്രത്യേകം ഒരു അദ്ധ്യായം തന്നെ എഴുതുവാൻ ഇടയായത്.

കണ്ണന്റെ ജനനത്തെപ്പററി ഇവിടെ തക്കിക്കേണ്ടുന്ന ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അയാളുടെ ബുദ്ധികൊണ്ടും നടപടികൾകൊണ്ടും അദ്ദേഹം യോഗ്യനൊ അയോഗ്യനൊ എന്നു നോക്കുകയല്ലാതെ അദ്ദേഹത്തിന്റെ ജനനത്തെപ്പററിയുള്ള വൈകല്യവും മററും നോക്കി നമുക്ക് അയാളെ നിരസിപ്പാൻ പാടുള്ളതല്ലാ. ഭീഷ്മരുടെ ഉപദേശവും ഇപ്രകാരംതന്നെയാണല്ലൊ. സ്വന്തം മാതാവ് ഉപേക്ഷിച്ചതിന്നുശേഷം തന്നെ എടുത്ത വളത്തിയ മാതാപിതാക്കന്മാർ സൂതകുലത്തിൽ ഉ

ളളവരായിരുന്നതിനാൽ ഇദ്ദേഹത്തെ സൂതപുത്രൻ എന്നും രാധേയൻ എന്നും മററും പേർ വിളിപ്പാൻ ഇടയായതാണ്. അതിനാൽ ജനിച്ച ഉടനെതന്നെ കുലമഹിമയാലും ജാതിവൈശിഷ്ട്യത്താലും മററും ഒരു ക്ഷത്രിയകുമാരന്ന് സിദ്ധിക്കുന്ന വിശിഷ്ടഗുണങ്ങൾക്ക് അദ്ദേഹം അൎഹനല്ലാതായിത്തീൎന്നു എന്നു മാത്രമല്ല, ആയതുകൊണ്ടു അദ്ദേഹത്തിന്നു വളരെ അസ്വാതന്ത്ര്യതയും അനുഭവിക്കേണ്ടതായി വരികയും ചെയ്തു.

എങ്കിലും ഇദ്ദേഹത്തിന്റെ വളൎത്തച്ഛൻ ധൃതരാഷ്ട്രരുടെ ആശ്രിതനായിരുന്നതിനാലും, കൎണ്ണൻ സ്വതേ ചെറുപ്പകാലത്ത് തന്നെ കാണിച്ചിരുന്ന ബുദ്ധിശക്തിയാലും സാമൎത്ഥ്യത്താലും അയാൾക്ക് നൂററുവരുടെയും പാണ്ഡവന്മാരുടെയും കൂടെ കളിച്ചുനടക്കുവാൻ ഇടയായിത്തീൎന്നിരിക്കണം. കൌരവപാണ്ഡവന്മാരുടെ വിദ്യാഭ്യാസകാലത്ത അവരൊന്നിച്ച് കൎണ്ണനും ചെറുപ്പത്തിൽ ദ്രോണരുടെ അടുക്കൽ പഠിച്ചിരുന്നു എന്ന സംഗതിയും പിന്നെ പ്രസ്താവിച്ചുകാണുന്നുണ്ടു. അങ്ങിനെ അവർ ഒന്നിച്ചഭ്യസിച്ചിരുന്ന സമയത്ത ദ്രോണർ, അൎജ്ജുനന്റെ പേരിൽ പ്രത്യേകം കാണിച്ച വാത്സല്യത്താലും മററും വൈരുപ്യം പശ്ചാത്താപവും തോന്നി കൎണ്ണൻ അവിടെനിന്നും പിരിയുകയാണല്ലൊ ചെയ്തത്. സമൎത്ഥന്മാരായ കുട്ടികളിൽ ചിലരിൽമാത്രം വാത്സല്യം കാണിച്ചു അവൎക്കു മാത്രം ഗുരുനാഥൻ ഗുഢവിദ്യകൾ ഉപദേശിച്ചുകൊടുക്കുമ്പോൾ അന്യബാലന്മാൎക്കുണ്ടാവാറുള്ള സാധാരണ വി

കാരം മാത്രമാണ കർണ്ണനെയും ബാധിച്ചതെന്നു കുട്ടികളുടെ മനസ്സിനെ അറിവാൻ ശ്രമിച്ചിട്ടുള്ള ഏവൎക്കും അറിയാവുന്നതാണു്.

കർണ്ണന് ബ്രഹ്മാസ്ത്രം ഉപദേശിക്കുവാൻ ജാതികൊണ്ടു അർഹതയില്ലെന്നാണ ദ്രോണർ പറഞ്ഞു ഒഴിഞ്ഞതു് എങ്കിലും വാസ്തവത്തിങ്കൽ അർജ്ജുനന്നു് കർണ്ണനേക്കാൾ മെച്ചം സിദ്ധിക്കേണമെന്ന വിചാരത്താലായിരുന്നു ദ്രോണർ ആവിധം പ്രവൎത്തിപ്പാനിടയായതെന്നു പിന്നീടുള്ള സംഭവങ്ങൾ നോക്കുമ്പോൾ നമുക്കു് തെളിയുന്നുണ്ടു്. ദിവ്യചിഹ്നങ്ങളുള്ള കർണ്ണൻ ഒരു സൂതപുത്രനാണെന്നു് മാത്രമെ ദ്രോണൎക്കു വിചാരിപ്പാനിടയുള്ളൂ എന്നു കരുതുന്നതു് അയാളുടെ ബുദ്ധിശക്തിയെ കുറിച്ചു് നമുക്കുള്ള അവജ്ഞതയാണെന്നെ വിചാരിക്കേണ്ടതുള്ളൂ. ഗുരുജനങ്ങളുടെ ഇമ്മാതിരി പ്രവൃത്തികളാലാണ കർണ്ണന്നു് അർജ്ജുനന്റെ നേരെ വൈരമാത്സൎയ്യങ്ങൾ ജനിക്കുവാൻ ഇടയായതും. ഒരു ക്ലാസ്സിലെ ബുദ്ധിയുള്ള കുട്ടികൾക്കെല്ലാവൎക്കും ഒന്നാമനാകേണമെന്നു തോന്നുന്നതു സാധാരണയാണല്ലൊ. പക്ഷെ ഗുരുനാഥൻ ഒരുവനെ മാത്രം അധികം ജാഗ്രതയോടെ പഠിപ്പിക്കുന്നതായാൽ ആ ഗുരുനാഥനോടും അദ്ദേഹത്തിന്റെ സ്നേഹഭാജനമായ ആ ശിഷ്യനോടും മററു കുട്ടികൾക്കു് വെറുപ്പു തോന്നുന്നതും സാധാരണയാണു്. അർജ്ജുനന്റെ കഥ തന്നെ ആലോചിക്കുക; വിദ്യാഭ്യാസകാലത്തു തന്നേക്കാൾ ആശ്ചൎയ്യസാമൎത്ഥ്യങ്ങൾ കാണിച്ചിരുന്ന ഏകലവ്യനെ കണ്ടപ്പോൾ അർജ്ജുനൻ

പ്രവൃത്തിച്ചതെന്തായിരുന്നു? ദ്രോണരേകൊണ്ടു ഏകലവ്യൻെറ തള്ളവിരൽ മുറിച്ചു മേടിക്കുകയാണല്ലൊ ചെയ്തത്. ഇത്ര നീചകർമ്മം ചെയ്യുവാൻ മാത്രം കർണ്ണൻ ബുദ്ധിഹീനനായിരുന്നില്ലെന്നുള്ള സംഗതി സ്മരണീയമത്രെ. ഈ വിധം പ്രവൃത്തിച്ചിരുന്ന ദ്രോണരുടെ പേരിൽ കർണ്ണന് വെറുപ്പു തോന്നാതിരുന്നതാണ് അത്ഭുതം! ദ്രോണരിൽ കർണ്ണനുണ്ടായിരുന്ന ഭക്തി കർണ്ണൻെറ മനോഗുണത്തെ അല്ലാതെ മറെറന്തിനെയാണ് പ്രകാശിപ്പിക്കുന്നത്?

ദ്രോണർ കർണ്ണനെ അഭ്യസിപ്പിക്കയില്ലെന്നു തീർച്ചയും പറഞ്ഞതിന്നുശേഷം കർണ്ണന്നു വിദ്യാഭ്യാസം പൂർത്തിയാക്കേണമെങ്കിൽ അന്യനെ ആശ്രയിക്കുകയല്ലാതെ വേറെ വഴിയില്ലെന്നും വന്നു. അതിന്നു തക്ക യോഗ്യന്മാരും ചുരുക്കം. ധനുർവ്വേദത്തിൻെറ അവസാനം കാണേണമെന്നു മോഹമുള്ള കർണ്ണന്നു ദ്രോണരുടെതന്നെ ഗുരുനാഥനും സാക്ഷാൽ പരമേശ്വരൻെറ പ്രിയശിഷ്യനായ പരശുരാമനെയുമല്ലാതെ മററാരെ ആശ്രയിച്ചാലാണ് ആ മോഹം സാദ്ധ്യമാകുന്നതു. പരശുരാമനാണെങ്കിൽ ക്ഷത്രിയന്മാരുടെ ജന്മവൈരിയാണ് താനും. ബ്രാഹ്മണൻ എന്നു പറഞ്ഞല്ലാതെ അദ്ദേഹത്തിൻെറ ശിഷ്യസ്ഥാനം ഒരു ക്ഷത്രിയന്നു കിട്ടുന്നതും അല്ല. അസത്യം പറയുകയല്ലാതെ മറെറന്താണു കർണ്ണന്നു ഇവിടെ ഗതി. സൂര്യദേവൻ ബ്രാഹ്മണനാണെന്നു കരുതി കർണ്ണൻ ബ്രാഹ്മണപുത്രൻ എന്നു പറയുന്നതിൽ സത്യാംശം അല്പം ഉണ്ടെന്നു ചിലർ കരുതുന്നതായാൽക്കൂടി ആ പറഞ്ഞത്

അസത്യം തന്നെയാണെന്നേ നമുക്കു സത്യനിയമത്തെ സംബന്ധിച്ചേടത്തോളം കരുതുവാൻ തരമുള്ളൂ. ആ സത്യത്തിൻെറ ഫലമായിട്ടാണ് ഗുരുശാപം കിട്ടിയതും. വിദ്യാഭ്യാസത്തിലുള്ള മോഹം കൊണ്ടും ദ്രോണൻെറ കഠിനകൃത്യം കൊണ്ടു ഉണ്ടായിട്ടുള്ള വാശികൊണ്ടും ചെറുപ്പകാലത്തെ വിവേചനാ ശക്തിക്കുറവുകൊണ്ടുമാണ് ഇതൊക്കെ വന്നുപോയിട്ടുള്ളതെന്നു കരുതി മാത്രം ഈ അസത്യത്തെ ക്ഷമിക്കാവുന്നതാണ്. സത്യത്തിൻെറമഹിമയും ശരിയായ സത്യധർമ്മവും അറിയുവാൻതരമില്ലാത്ത പ്രായത്തിൽ ചെയ്തതാകകൊണ്ടു ആയത് ക്ഷമാർഹമാണെന്നാണ് വിചാരിക്കേണ്ടത്.

കേരള സാഹിത്യ അക്കാദമി

ഗുരുവിൻെറ അടുക്കൽ അഭ്യസിക്കുന്നകാലത്തു തൻെറ ഭക്തിയാലും ശുശ്രൂഷയാലും സാമർത്ഥ്യത്താലും ബുദ്ധിവിശേഷതയാലും ഗുരുവിനെ അതിയായി സന്തോഷിപ്പിക്കുവാനും തന്നിമിത്തം അദ്ദേഹത്തിൻെറ അടുക്കൽ നിന്നു അതിഗൂഢമായ പല വിദ്യകൾ കർണ്ണന്നു അഭ്യസിക്കുവാനും തരപ്പെടുകയും ചെയ്തു. പരശുരാമന്നു ഇത്ര പ്രിയപ്പെട്ട ശിഷ്യൻ വേറെ ആരും ഉണ്ടായിട്ടും ഇല്ലാ. ഈ പ്രീതിതന്നെയാണ് കർണ്ണൻെറ വാസ്തവം വെളിപ്പെട്ട അവസരത്തിൽ അയാളെ പരശുരാമൻെറ കോപത്തിൽ നിന്നു രക്ഷപ്പെടുത്തിയതും. ക്ഷത്രിയകുലത്തെ ഉന്മൂലം ചെയ്ത ഭാർഗ്ഗവന്നു ഇത്രമാത്രം പ്രീതി തോന്നേണമെങ്കിൽ കർണ്ണന്നു എത്രമാത്രം സ്വഭാവഗുണവും ബുദ്ധിഗുണവും ഉണ്ടായിരുന്നിരിക്കേണ്ടതാണ്?

വിദ്യാഭ്യാസം ചെയ്യുന്നകാലത്ത് തനിക്കുപററിയ ബ്രാഹ്മണശാപം യദൃച്ഛയായി വന്നുചേൎന്ന ആപത്തല്ലാതെ അതിന്ന് കൎണ്ണനെ ഉത്തരവാദിയാക്കുവാൻ പാടുള്ളതല്ല. അവനവൻ മനസ്സറിഞ്ഞു ബുദ്ധിപൂൎവ്വം പ്രവൎത്തിക്കുന്നതിൽ മാത്രമേ ഒരുവനെ ഉത്തരവാദിയായി കരുതുവാൻ പാടുള്ളതുള്ളൂ. താപസപുത്രനെ കൊന്ന ദശരഥനേയോ, മന്മഥക്രീഡാവശഗന്മാരായിരുന്ന മഹൎഷിയേയും പത്നിയേയും വധിച്ച പാണ്ഡുവിനേയോ ആ കൎമ്മങ്ങൾക്ക് നാം ഉത്തരവാദികളാക്കുന്നില്ലല്ലൊ. അതുപോലെതന്നെ കൎണ്ണന്റെകൎമ്മത്തേയും കരുതുന്നതിൽ അന്യായമെന്തുള്ളൂ. ആയത് (ബ്രാഹ്മണശാപം ലഭിച്ചത്) അദ്ദേഹത്തിന്റെ കാലക്കേട് എന്നല്ലാതെ വേറെ യാതൊന്നും പറയുവാൻ കാണുന്നില്ല.

ഗുരുനാഥന്റെ നിദ്രക്ക് തടസ്ഥം വരുത്തുവാൻ പാടില്ലെന്നുള്ള മനോഗതിയോടുകൂടി ഒരു "രാക്ഷസകീട"ത്തിന്റെ കടിയും സഹിച്ച് രക്തം ഒലിപ്പിച്ചിരുന്നിട്ടും അശേഷം മനശ്ചാഞ്ചല്യവും ദേഹചലനവും കൂടാതെയിരുന്ന കൎണ്ണന്റെ മനോഗുണവും ധീരതയും ഗുരുഭക്തിയും എത്രയൊ മഹത്തരമായിട്ടുണ്ടെന്നു വിശേഷിച്ചു പറയേണമെന്നില്ല. സ്വന്ത ജ്യേഷ്ഠഭ്രാതാവായ യുധിഷ്ഠിരൻ അൎജ്ജുനന്റെ ഗുരുവല്ലേ? അദ്ദേഹം കൎണ്ണനോടു പൊരുതുതോററ് വളരെ മനഃക്ലേശത്തോടും ദേഹക്ഷീണത്തോടും കൂടി ഇരിക്കുന്ന അവസരത്തിൽ പാരുഷ്യമായി അൎജ്ജുനനോടു വില്ലും ശരവും കൃഷ്ണന്റെ കയ്യിൽ കൊടുക്കുവാൻ പറ

ഞ്ഞ സംഗതിക്കാണല്ലൊ അജ്ജുനൻ ഗുരുവിനെ വെട്ടു വാനായി വാളോങ്ങിയത്. പ്രവൎത്തിച്ചില്ലെങ്കിലും, അതിന്ന് തുനിയിപ്പിച്ച ആ മനോഗതിയും ഗുരുഭക്തിയും കൎണ്ണന്റെ ഗുരുഭക്തിയും തമ്മിൽ അല്പവും താരതമ്മ്യപ്പെടുത്തുവാൻ പാടുണ്ടൊ? ഗീതോപദേശം കഴിഞ്ഞതിന്നശേഷമാണ് അജ്ജുനന്റെ ഈ പ്രവൃത്തി ഉണ്ടായിട്ടുള്ളത് എന്നും കൂടെ വായനക്കാർ ധരിക്കേണ്ടതാണ്.

വിദ്യാഭ്യാസം കഴിഞ്ഞു ഗുരുവിന്റെ അനുഗ്രഹത്തോടുകൂടി കൎണ്ണൻ മടങ്ങിവന്നതിന്നൊപ്പം അയാളുടെ ജീവിതദശയിൽ ഒരു പടവകഴിഞ്ഞ രണ്ടാമത്തേതിലേക്കതാൻകാലെടുത്തവെച്ചതായി വിചാരിക്കാവുന്നതാണ്. വിദ്യാഭ്യാസാനന്തരം കൎണ്ണൻ ഹസ്തിനപുരത്തിൽ പ്രവേശിക്കുന്നത് അഭ്യാസപരീക്ഷാവസരത്തിലാണ്. ഇദ്ദേഹത്തിന്റെ രൂപഗുണവും അഭ്യാസപാടവവും കണ്ട് ജനങ്ങൾ ഈ യോഗ്യപുരുഷൻ ആരായിരിക്കുമെന്ന ബലമായി സംശയിക്കുന്നു. അഭ്യാസപ്രകടനത്തിൽനിന്ന് കൎണ്ണാജ്ജുനന്മാരുടെ ബലാബലങ്ങൾ ജനങ്ങൾക്ക തീരുമാനിക്കുവാൻ സാധിക്കാതെ കുഴങ്ങുമ്പോഴാണ് ആയത് തെളിയിക്കുവാനായി കൎണ്ണൻ അജ്ജുനനെ ദ്വൈരഥത്തിന്ന് വിളിക്കുന്നത്. ഈപോർ വിളിയെ സഹിക്കാഞ്ഞതിനാലും അവസാനഫലത്തിൽ സംശയം ഉള്ളതിനാലും അജ്ജുനനെ രക്ഷിക്കാനായിട്ടാണ് ഈ അവസരത്തിൽ കൃപരും മററും കൎണ്ണന്റെ കുലാധിക്ഷേപം ചെയ്യുന്നത്. ഭീമസേനന്റെ ഈ വാക്കുകളെ എങ്ങിനെയാണു സഹിക്കുന്നത്!

"ഭീമസേനൻ ചിരിച്ചും കൊണ്ടിമട്ടന്നേരമോതിനാൻ
പാർത്ഥന്റെകയ്യാൽനീ സൂതപുത്ര! പോരിൽമരി
ക്കൊലാ
കുലത്തിനൊത്തചമ്മട്ടിക്കോലുകയ്യിലെടുക്കടോ
അംഗരാജ്യംവാഴുവാനങ്ങനർഹൻനരാധമ"
ശ്വാവധ്വരാഗ്നിയ്ക്കരികേഹവിസ്സേൽക്കുംപ്രകാരമേ
ആദി. അ. 138.

അതിയായ മാനഭംഗവും അധിക്ഷേപവും ലഭിച്ചു. ഈ അവസരത്തിൽപോലും കർണ്ണൻ തന്റെ വാസ്തവം പുറത്തറിയിക്കുന്നില്ല. തന്നെ ഉപേക്ഷിച്ചുവളെങ്കിലും മാതാവായ കുന്തിയെ ബഹുജനസമക്ഷം അവമാനിക്കേണ്ടന്ന് കരുതിയുള്ള വിശിഷ്ടവൃത്തിയല്ലേ ഇത്? ഈ മഹാമനസ്കതയെ എങ്ങിനെ അഭിനന്ദിക്കാതിരിക്കും!

ഈ അവസരത്തിൽ തന്നെയാണ് ദുര്യോധനൻ ഇദ്ദേഹത്തിന്റെ സഖ്യത്തെ പ്രാർത്ഥിക്കുന്നതും. അദ്ദേഹത്തിന്റെ ബലത്തേയും ധനുർവ്വേദത്തിലുള്ള പാടവത്തേയും കണ്ട് അർജ്ജുനനെ വെല്ലുവാനുള്ള പുരുഷൻ ഇദ്ദേഹംതന്നെ എന്നുറപ്പുതോന്നി അദ്ദേഹത്തിന്റെ സഖ്യത്തെ എങ്ങിനെയെങ്കിലും വരിക്കേണമെന്നാഗ്രഹത്തോടുകൂടിയ ദുര്യോധനൻ കർണ്ണനെ അംഗരാജാവാക്കി അഭിഷേകം ചെയ്ത് കൃപരുടെ അധിക്ഷേപത്തിൽ നിന്നും അവനെ രക്ഷിക്കുന്നു.

"ഈ രാജ്യദാനത്തിന്നെന്തുചേരാവൊന്നേകിടേണ്ടു ഞാ
രാജശാർദ്ദൂലചൊന്നാലു വ്യാജംവിട്ടതുചെയ്യുവൻ (ൻ

പാരമത്യന്തമാംസഖ്യംചേരുമെന്നാൻസുയോധനൻ
എന്നുകേട്ടങ്ങിനെതന്നെയെന്നുകൎണ്ണനുമോതിനാൻ"

ആദി. അ. 136.

തനിക്കവന്ന അവമാനത്തിൽ നിന്ന തന്നെ രക്ഷിച്ച പുരുഷന്റെ സഹോദരനായി എന്നെന്നും താൻ വൎത്തിച്ചുകൊള്ളാമെന്നുള്ള കൎണ്ണന്റെ സത്യം അയാൾക്ക് സ്വതസിദ്ധമായ മനോഗുണത്തെയല്ലെ നമുക്ക കാട്ടിത്തരുന്നത്? കൃതജ്ഞതയെന്ന ഗുണം മൃഗങ്ങളിൽ കൂടികണ്ടുവരുന്ന അവസ്ഥക്ക് മഹാമനസ്കനായ കൎണ്ണൻ തന്റെ കൃതജ്ഞതയെ കാണിപ്പാൻ കൌരവപക്ഷത്തിൽ ചേൎന്നതിൽ നമുക്ക അദ്ദേഹത്തെ ഒരിക്കലും കുറ്റപ്പെടുത്തുവാൻ പാടുള്ളതല്ല.

ഇതിന്നു പിന്നീടാണെല്ലൊ ജതുഗേഹത്തെദഹിപ്പിച്ചതും പാണ്ഡവന്മാർ ഒളിച്ചോടേണ്ടിവന്നതും. ഇതിൽ കൎണ്ണൻ ഒരിക്കലും ഉത്തരവാദിയാകുന്നതല്ല. കൎണ്ണനും ദുൎയ്യോധനന്റെ പ്രവൃത്തികൾ അറിഞ്ഞിരുന്നുവെന്നുമാത്രം പറയുകയല്ലാതെ അതൊക്കെ കൎണ്ണന്റെ ഉപദേശപ്രകാരം ചെയ്തതായിരുന്നുവെന്നു പറയുന്നതിൽ ന്യായം ലേശവുമില്ല. അങ്ങിനെ ഒരു ചതിപ്രവൃത്തിക്ക് കൎണ്ണൻ ദുൎയ്യോധനനെ പ്രേരിപ്പിച്ചതായി ഭാരതത്തിൽ എവിടേയും പ്രസ്താവിച്ചതായും കാണുന്നില്ല. അദ്ദേഹത്തിനോട അഭിപ്രായം ആവശ്യപ്പെട്ടിരുന്ന സമയങ്ങളിലെല്ലാം ശൂരന്മാൎക്കും ക്ഷത്രിയന്മാൎക്കും ചേരുന്ന അഭിപ്രായങ്ങളെ മാത്രമേ അദ്ദേഹം പറഞ്ഞുകാണുന്നുള്ളു. നേരിട്ടുനിന്നുള്ള

യുദ്ധം അല്ലാതെ കള്ളപ്രവൃത്തികൾക്ക് അദ്ദേഹം കൌരവന്മാരെ വല്ലപ്പോഴും ഉപദേശിച്ചുകാണുന്ന ഒരു സന്ദർഭം ഭാരതത്തിൽ ഇല്ല.

കള്ള പ്രവൃത്തികൾക്കു പ്രേരിപ്പിക്കേണമെന്നില്ല. അത്തരം പ്രവൃത്തികൾ അറിഞ്ഞിരുന്നാൽതന്നെ ആയത് കുററമായിത്തീരുന്നതാണെന്നു വല്ലവരും അഭിപ്രായപ്പെടുന്നതായാൽ അവരോടു കർണ്ണൻെറ അവസ്ഥ എന്തായിരുന്നുവെന്നു നല്ലവണ്ണം നിരൂപിച്ചുകൊള്ളുവാൻ അപേക്ഷിക്കുന്നു. കർണ്ണൻ തൻെറ ഉപജീവനത്തിന്നും രാജ്യത്തിന്നും ദുര്യ്യോധനന്നു കടപ്പെട്ടവനായിരിക്കെ, അദ്ദേഹം ദുര്യ്യോധനൻെറ ഒരു ഉത്തമനായ ആശ്രിതനെന്നല്ലാതെ, ദുര്യ്യോധനൻെറ പ്രവൃത്തികളില്ലാതാക്കുവാനോ മറേറാ അധികാരിയായ ഒരു സ്വാമിയായിരുന്നില്ല. യജമാനൻെറ പ്രവൃത്തികളെ തടയുവാനുള്ള അധികാരം ആശ്രിതന്നുണ്ടാകുന്നതല്ലല്ലൊ. ദ്രൌപദീ സ്വയംബരത്തിന്നശേഷം പാണ്ഡവന്മാരെ ഏതുവിധത്തിലാണ് രാജ്യത്തിൽ നിന്നു തടയേണ്ടതെന്നു ദുര്യ്യോധനാദികൾ ആലോചിച്ച അവസരത്തിൽ കർണ്ണൻെറ അഭിപ്രായം അദ്ദേഹത്തിൻെറ ക്ഷാത്രവീര്യത്തിന്നു ചേർന്നതല്ലെന്നു ആരെങ്കിലും പറയുന്നതാണൊ? നോക്കുക.

"ദുര്യ്യോധന ഭവൽബുദ്ധി നന്നല്ലായെന്നു മന്മതം.
വിക്രമത്താലവരെ വെന്നീ ക്ഷോണിയ്ക്കീശനാകനീ
അല്ലാതെ മററുപായം ഞാൻ കാണുന്നില്ല ജനാധിപ.
ഭരതൻവിക്രമംകൊണ്ടു വീരൻ പാരൊക്കെനേടിനാൻ
വിക്രമം കൊണ്ടു മൂപ്പാരു മടക്കീ പാകശാസനൻ

വിക്രമം ശസ്ത്രമാണത്രെ ക്ഷത്രിയൎക്ക് മഹീപതേ
സ്വധൎമ്മമാണു ശൂരൎക്ക് വിക്രമം പാൎത്ഥിവൎഷഭ."

ആദി—അ. 206.

ദ്രൌപദീ സ്വയംബരാവസരത്തിൽ പാഞ്ചാലി കൎണ്ണനെ അധിക്ഷേപിച്ചത് വളരെ നയക്കേടായിപ്പോയി എന്നു ആൎക്കും സമ്മതിക്കാതെ നിവൃത്തിയില്ല. ലക്ഷ്യഭേദം ചെയ്യുവന്ന് കന്യകയെ ദാനംചെയ്യുന്നതാണെന്നു ധൃഷ്ടദ്യുമ്നൻ പറഞ്ഞതനുസരിച്ചാണല്ലൊ എല്ലാവരും അതിന്നായി ശ്രമിച്ചത്. ജരാസന്ധൻ, ശിശുപാലൻ മുതലായ മഹാന്മാരാൽ തൊടുവാൻകൂടി സാധിക്കാത്ത ധനുസ്സിനെ കൎണ്ണൻ നിഷ്പ്രയാസം എടുത്തു തൊടുത്തതു കണ്ടപ്പോൾ അദ്ദേഹത്തിന്റെ ലാക്ക് തെറ്റിപ്പോകുന്നതല്ലെന്നറിഞ്ഞു ദ്രൌപദി, താൻ ഒരു സൂതപുത്രനെ വിവാഹം കഴിക്കുന്നതല്ലെന്നു പറഞ്ഞു അധിക്ഷേപിച്ചു കൎണ്ണനെക്കൊണ്ടു തൊടുത്ത ആയുധത്തെ പ്രയോഗിപ്പിക്കാതെ താഴത്തു ഇടുവിക്കയാണല്ലൊ ചെയ്തത്.

"ലാക്കെയ്തു വീഴ്ത്താനിവനെന്നുറച്ചാർ
അച്ചണ്ണമായവനെക്കണ്ടു കൃഷ്ണ
യുച്ചം ചൊന്നാൾ സൂതനെ ഞാൻ വരിയ്ക്കാ
അമൎഷഹാസത്തൊടു മൎക്കനെത്താൻ
നോക്കീട്ടു വില്ലിട്ടു തിരിച്ചു കൎണ്ണൻ".

ആദി. അ. 187.

അപ്പോൾ പാഞ്ചാലി നൽകിയ അപമാനത്തിന്റെ ഫലമായിട്ടാണ് ചൂത്കളി അവസരത്തിൽ കൎണ്ണനിൽ നിന്നു അവൾക്കു അധിക്ഷേപം സഹിക്കേണ്ടി വ

ന്നതു്. പാഞ്ചാലിയെ ദാസിയെന്നു വിളിച്ചു അധിക്ഷേപിച്ചതു കൎണ്ണൻ തന്റെ പകയൊഴിച്ചതായി മാത്രമാണു് നാം വിചാരിക്കേണ്ടതു. ഒരു സ്ത്രീയായതിനാൽ കൎണ്ണൻ അതിനെ ക്ഷമിക്കേണ്ടതായിരുന്നതല്ലയോ എന്നു സംശയം തോന്നുന്നപക്ഷം മഹാരാജാക്കന്മാരും വിശിഷ്ടബ്രാഹ്മണന്മാരും മററു നാനാജാതികളും നിറഞ്ഞിരുന്ന ഒരു സദസ്സിൽ വെച്ചു ഒരു വീരപുരുഷനെ അധിക്ഷേപിക്കുവാൻ ധൈൎയ്യപ്പെട്ട ഒരു വനിത, സ്ത്രീ സഹജമായ ലജ്ജയൊ വിനയമൊ എന്തെന്നറിവില്ലാത്തവളല്ലെ? അതിന്നുചിത ശിക്ഷയാണു് കൎണ്ണൻ നൽകിയതും.

സാക്ഷാൽ കൃഷ്ണനുകൂടി തോല്പിക്കുവാൻ സാധിക്കാത്ത ജരാസന്ധനെ പൊരുതു ജയിച്ചവനും രാജസൂയയാഗത്തിന്നു വേണ്ടി നാലു പാണ്ഡവന്മാർ കൂടി ജയിച്ച രാജാക്കന്മാരെ എല്ലാം ദുൎയ്യോധനന്റെ വൈഷ്ണവയാഗത്തിന്നായി ഒററക്കു ജയിച്ചവനും ആയ കൎണ്ണന്റെ ശൌൎയ്യത്തിന്നു തുല്യമായ ഒരു അപരപരാക്രമം വേറെ ആരിലെങ്കിലും കാണുന്നുണ്ടൊ?. യുധിഷ്ഠിരന്റെ രാജസൂയാവസരത്തിൽ കൎണ്ണനെപ്പററിയുള്ള ശിശുപാലപ്രശംസ ഇതിന്നു ദൃഷ്ടാന്തവുമാണു്.

"പതിമൂവ്വാണ്ടുറങ്ങാതെ കഴിച്ചേൻ ബഹുദുഃഖമായി
ഇന്നുറങ്ങാംസുഖം രാത്രിനിൻ പ്രസാദാൽ മഹാഭുജാ."

(കൎണ്ണപൎവ്വം. അ. 96)

കൎണ്ണന്റെ പരാക്രമത്തെ പററി മേല്പറഞ്ഞവിധം യുധിഷ്ഠിരൻ പറയുന്ന സന്ദൎഭത്തിൽ അദ്ദേഹത്തിനെ കൊന്ന അൎജ്ജുനനെയാണല്ലൊ ഓൎമ്മവരുന്നതു്. അവരെ

അന്യോന്യം താരതമ്യപ്പെടുത്തുന്നതായാൽ കർണ്ണന്റെ വീ ര്യം എത്രയോ ഉയർന്നതായിരുന്നുവെന്നും അറിയാവുന്ന താണ്. കർണ്ണൻതന്നെ ശല്യരോടു അർജ്ജുനന്റെയും ത ന്റെയും ബലാബലങ്ങളെ പററി വിചിന്തനംചെയ്തു പ റഞ്ഞിട്ടുള്ളത് എത്രയും വാസ്തവമത്രെ.

ജനിക്കുമ്പോൾ ഉണ്ടായിരുന്നതായ അഭേദ്യകവച വും സർവ്വരോഗഹാരികളായ കുണ്ഡലങ്ങളും ഉപേക്ഷി ച്ചതോടുകൂടി ദിവ്യത്വത്താൽ ഉള്ളതായ വിശേഷ ഗുണ ങ്ങൾ മുഴുവൻ പോയി. കർണ്ണൻ ഒരു വെറും മനുഷ്യന്റെ നിലയിലായിത്തീർന്നു.

ചട്ടപോയി കുണ്ഡലവുമില്ലാതായി പാണ്ഡുനന്ദന
മർത്ത്യനായി ശക്രദത്തവേലും പോയപ്പോളിന്നിവൻ"
(ദ്രോണം അ. 181)

അതിൽപിന്നെ അദ്ദേഹത്തിന്നുണ്ടായിരുന്ന ബലകാരണ ങ്ങൾ പരശുരാമങ്കൽനിന്ന് അഭ്യസിച്ച വിദ്യയും സ്വബാ ഹുപരാക്രമവും മാത്രമായിരുന്നു. അർജ്ജുനന്നാകട്ടെ അ ഗ്നിദത്തമായ ചാപവും, ശരങ്ങളും, രഥവും, ദേവേന്ദ്രദ ത്തമായ വിദ്യയും, കിരീടവും, ശംഖും, പരമശിവപ്രസാദ ലബ്ധമായ പാശുപതവും, കൃഷ്ണന്റെ നിരന്തരസാന്നിദ്ധ്യ മെന്നിതുകളുമായിരുന്നു. ഇതുകൾ എല്ലാം ഉണ്ടായിട്ടുകൂ ടി കർണ്ണന്റെ പരാക്രമത്തോടു എതിർത്തുനില്പാൻ അർജ്ജു നന്ന് സാധിച്ചില്ലെന്നറിയുന്നതിൽ നിന്നുതന്നെ കർണ്ണ ന്റെ പരാക്രമം എത്രമാത്രം വിശേഷപ്പെട്ടതായിരുന്നുവെ ന്ന് നമുക്കു അനുമാനിക്കാമല്ലൊ. കർണ്ണന്റെ നാഗാസ്ത്രം

അജ്ജുനന്ന് തടുപ്പാൻ സാധിച്ചില്ലെന്നുള്ള സംഗതി സുപ്രസിദ്ധമാണ്. ആഗ്നേയാസ്ത്രമയച്ചപ്പോഴം അതിൽനിന്നും അജ്ജുനനെ രക്ഷിച്ചതും കൃഷ്ണൻതന്നെയാണല്ലൊ. യുദ്ധാവസാനത്തിൽ പ്രത്യക്ഷമായി, ആയത് കൃഷ്ണൻ കാണിച്ചുകൊടുകകയും ചെയ്തു. കണ്ണാജ്ജുനന്മാരുടെ മഹത്തായ ബ്രഹ്മാസ്ത്രപ്രയോഗങ്ങൾതന്നെ നോക്കുക. രണ്ടുപേരുടേയും ബ്രഹ്മാസ്ത്രപ്രയോഗങ്ങളിലുള്ള വ്യത്യാസം കണ്ടതിന്നുശേഷമാണല്ലൊ ഭീമസേനൻ അജ്ജുനനെ നിന്ദിക്കുന്നത്. ദിവ്യായുധങ്ങളുടെ സിദ്ധിയും അഭ്യാസപാടവവും അജ്ജുനന്നു കണ്ണനെപ്പോലെ ഉണ്ടായിരുന്നില്ലെന്നല്ലെ ഇതിൽനിന്നും മനസ്സിലാക്കാവുന്നത്. "കണ്ണനെ വധിച്ചത് എങ്ങിനെയായാലും അജ്ജുനനല്ലെ?" എന്നു പറയുന്നപക്ഷം, അതിനെ വിസ്മരിക്കുന്നതുതന്നെ ലജ്ജാവഹമായി തോന്നുന്നു.

"ഇമ്മട്ടുശക്തൻനിന്നണ്ണൻപലർക്കൂടിച്ചതിച്ചവൻ
ശോച്യനല്ലാനരവ്യാഘ്ര! യുദ്ധംകൊണ്ടുമരിച്ചവൻ"
(ശാന്തി അ. 5)

എന്നു നാരദൻ പറഞ്ഞിട്ടുള്ളതു് ഈ ഘട്ടത്തിൽ സ്മരണീയംതന്നെ. ഒരു ക്ഷത്രിയൻ എന്നുവേണ്ട ഒരു യോദ്ധാവിന്നുകൂടി യോഗ്യമല്ലാത്ത കമ്മമാണ് ആ അവസരത്തിൽ അജ്ജുനൻ ചെയ്തത് എന്നുമാത്രം പറഞ്ഞുകൊള്ളട്ടെ.

അജ്ജുനനുമായി ഇതിന്നുമുമ്പു പലതവണയും കണ്ണൻ പൊരുതു തോറേറാടുകയാണെല്ലൊ ചെയ്തിട്ടുള്ളത്, എന്നു വായനക്കാർ പറയുമായിരിക്കാം. എന്നാൽ ദ്രോ

ണപർവ്വത്തിൽ ഘടോൽക്കചവധാനന്തരം കൃഷ്ണാർജ്ജുനസംവാദത്തിൽനിന്നും മററും അതിൻെറ വാസ്തവാവാസ്തവങ്ങൾ വെളിപ്പെടുന്നുണ്ട്. കൃഷ്ണൻ അർജ്ജുനനെ ദ്വൈരഥത്തിന്നു അനുവദിക്കാത്തതുകൊണ്ട് അർജ്ജുനനുമായി ദ്വൈരഥം ഇതിന്നുമുമ്പായി ഒരിക്കലും കർണ്ണൻ ചെയ്തിട്ടില്ലെന്നാണ് ആ സംവാദത്തിൽനിന്നും പ്രത്യക്ഷപ്പെടുന്നത്. പാശുപതാസ്ത്രത്തിനുവേണ്ടി അർജ്ജുനൻ തപംചെയ്തതും ദേവേന്ദ്രൻ കർണ്ണൻെറ കവചകുണ്ഡലങ്ങളെ ഇരന്നുവാങ്ങിയതും അർജ്ജുനന് കർണ്ണനെ ജയിക്കേണ്ടതിന്നായിരുന്നുവല്ലൊ? ഈ അവസ്ഥക്ക് ഇതിന്നുമുമ്പ് കർണ്ണനുമായി അർജ്ജുനൻ ദ്വൈരഥം ചെയ്യാൻ വഴിയുണ്ടെന്നു വരുന്നില്ല. അവിടേയും ഇവിടേയും വെച്ചു പലരോടും സംകുലമായി പൊരുതുന്ന അവസരങ്ങളിൽ അർജ്ജുനനുമായി പൊരുതുവാൻ സംഗതിയുണ്ടായിട്ടുണ്ടെന്നുവരികിലും ആ സന്ദർഭങ്ങളിലെല്ലാം കർണ്ണന് തൻെറ പരാക്രമപ്രദർശനത്തിന്ന് സമയം കിട്ടീട്ടുമില്ല. ഒരു സൈന്യത്തിൻെറ നേതാവായിരുന്നുംകൊണ്ടു കർണ്ണൻ ഇതിന്നു മുമ്പ് ഒരിക്കലും അർജ്ജുനനുമായി പോർചെയ്തിട്ടുണ്ടായിരുന്നില്ല. ദേവേന്ദ്രദത്തമായ വേല് ഉപയോഗിക്കുവാൻ അവസരം കിട്ടാഞ്ഞതും ഇതു കാരണംതന്നെയാണ്.

"ആകർണ്ണനോ മഹാബുദ്ധിസർവ്വശസ്ത്രധരോത്തമൻ
അമോഘമാംശക്തിയെന്തേസൂത! ചാട്ടാഞ്ഞുപാർത്ഥനിൽ"
എന്ന ധൃതരാഷ്ട്രൻെറ ചോദ്യത്തിന്നു സഞ്ജയൻെറ മറുവടി കേൾക്കുക:—

"കൌന്തേയനാമർജ്ജുനനെകാപ്പൂ കേശവനെപ്പൊഴും
കർണ്ണൻെറമുമ്പിലിവനെപ്പോരിൽനിർത്താൻനിനച്ചിടാ
മാറുതേരാളിവീരരെ യങ്ങോട്ടുവിട്ടുമച്യുതൻ
അമോഘയാംശക്തി മോഘമാക്കുവാൻകരുതിപ്രഭോ
കർണ്ണങ്കൽനിന്നർജ്ജുനനെകാപ്പൂകർണ്ണൻമഹാശയൻ"

ദ്രോണം അ. 183

പലരിൽ ഒരുവൻ എന്നമാത്രമേ ഗോഗ്രഹണത്തിലും മററു അവസരങ്ങളിലും കർണ്ണനെ കരുതുവാൻ പാടുള്ളൂ.

കർണ്ണാർജ്ജുനയുദ്ധത്തിൽ ബന്ധുക്കളും വിധിയും കർണ്ണന്നുവിപരീതമായിരുന്നു. കാലക്കേടോടുകൂടിയാണ് അയാൾ യുദ്ധം തുടന്നത് തന്നെ. ഒരു കാര്യത്തിന്നായി ശ്രമിക്കുന്ന അവസരത്തിൽ അതിന്നായി ആ കർത്താവിനെ ഉത്സാഹിപ്പിക്കുകയല്ലാതെ ബന്ധുക്കൾ അതിന്ന് തടസ്സങ്ങൾ പറഞ്ഞു ഭീരുത്വമുള വാക്കുന്നതായാൽ ആ കർത്താവിൻെറ മനോഗതിയെന്തായിരിക്കും? അർജ്ജുനനുമായി ദ്വൈരഥത്തിന്ന കർണ്ണൻ കോപ്പിട്ട അവസരത്തിൽ അദ്ദേഹത്തിൻെറ തേജോവധം ശല്യർ ചെയ്തത് കാലച്ചതിയും വിശ്വാസവഞ്ചനയും അല്ലെ? ബന്ധുക്കളിൽനിന്ന്, ഒരു വിഷമഘട്ടത്തിൽ പ്രവേശിക്കുന്ന അവസത്തിൽ ലഭിക്കേണ്ടുന്ന സഹായം ഇപ്രകാരമാണൊ? നാഗാസ്ത്രം തൊടുത്തപ്പോൾ ശല്യർ തടഞ്ഞത് ഏററവും അശുഭസൂചകമായിരിക്കുന്നു. ഇതുനിമിത്തം ശല്യർ പറഞ്ഞിട്ടാണൊ കൃഷ്ണന്ന് നാഗാസ്ത്രമയക്കുന്നതായ വിവരം കിട്ടിയ

ത്, എന്നുകൂടി ഊഹിക്കേണ്ടിയിരിക്കുന്നു. രൌദ്രാസ്ത്രം എന്നു ലാക്ക് നോക്കീട്ടാണ് അയച്ചിരിക്കുന്നതെന്നു മറുപക്ഷത്തിലുള്ള ഒരു സാരഥിക്ക് അറിയുവാൻ പാടുള്ളതല്ല. അജ്ജുനനെ രക്ഷിപ്പാനും കണ്ണന്റെ അസ്ത്രത്തെപാഴാക്കുവാനും കൂടി രണ്ടു സാരഥികൾ ഒത്തുചേർന്നുപ്രവൎത്തിക്കയല്ലയൊ ചെയ്തത്? യുദ്ധംമുറുകി നടക്കുന്ന അവസരത്തിൽ കണ്ണരഥം ചളിയിൽ താണുപോയത് എത്രയും കഷ്ടംതന്നെ. അതിനേയുയൎത്തുവാനായി അസ്ത്രങ്ങൾ വെച്ച് നിലത്തിറങ്ങി നിരാധാരനായി തേർ ചക്രത്തെ ചുമലിലേററിയ അവസരത്തിലാണല്ലൊ ചതിയായി അവനെ കൊലചെയ്യുവാൻ അജ്ജുനന്ന് അവസരംകിട്ടിയതു.

"ഈശ്ശത്രുവിൻതലയമ്പെയ്തറുക്കു
വൃഷൻതേരിൽക്കേറിടുംമുമ്പുതന്നെ"

(കണ്ണപൎവ്വം അ. 91)

"മരിയ്ക്കിലുംമഹാരാജ! പടയിൽസൂതപുത്രനെ
ത്രസിച്ചുയോധരെല്ലാരും സിംഹത്തെമാൻകൾപോലവേ"

(കണ്ണപൎവ്വം അ. 94)

വിധിബലം അലംഘനീയംതന്നെ!

കണ്ണൻ യുദ്ധത്തിൽ തന്റെ സ്വന്തം ബാഹുബലത്തെ മാത്രമാണ് ആശ്രയിച്ചിരുന്നതെന്നുള്ളതിന്നും അദ്ദേഹത്തിന്റെ ധമ്മനിഷ്ഠക്കു ഒരു മുഖ്യ ഉദാഹരണം അജ്ജുനശത്രുവായ നാഗത്തോടുള്ള അദ്ദേഹത്തിന്റെ മറുപടിതന്നെയാണ്. തന്നെ അസ്ത്രമായി ഉപയോഗിച്ച മന്ത്രസന്ധാരണം ചെയ്തു അയക്കുന്നതായാൽ ശത്രുവിനെ കൊല്ലുന്നതാണെന്നു പറഞ്ഞ നാഗത്തോടുള്ള

"നാതില്ലകൎണ്ണൻപടയിൽ പരന്റെ
ബലം തുണച്ചുള്ള ജയം കൊതിക്കാ
തൊട്ടത്തിടാ രണ്ടു പാടമ്പുനാഗ!
ന്യറജ്ജുനന്മാർകളെ കൊൽകിലും ഞാൻ."

കൎണ്ണപൎവ്വം അ. 90.

മറുപടി എല്ലാ വീരയോദ്ധാക്കൾക്കും ഒരു മാതൃകാപാഠമാണ്. അതുപോലെതന്നെ വിശിഷ്ടമാണ്. നാഗാസ്ത്രത്തെ രണ്ടാമത് ഒരു ലക്ഷ്യത്തോടു ചേൎക്കില്ലെന്നു ശല്യരോടു പറഞ്ഞ മറുപടിയും, ഇത്ര ശുദ്ധമായ ക്ഷത്രിയധൎമ്മം വേറെ ആരിലാണ് തെളിഞ്ഞുകാണുന്നതു?

ദ്രോണപൎവ്വത്തിൽ ചക്രവ്യൂഹഭേദനം ചെയ്ത അഭിമന്യുവിന്റെ വില്ല് ഭേദിച്ചതിന്നു കൎണ്ണനെ കുററപ്പെടുത്തേണ്ടതാണെന്നു വല്ലവരും അഭിപ്രായപ്പെടുന്നപക്ഷം അതിന്നും വഴിയില്ലെന്നു പറയേണ്ടിയിരിക്കുന്നു. അഭിമന്യു ബാലനായിരുന്ന സംഗതിയെ ആസ്പദിച്ചാണല്ലോ ഈ വാദം പുറപ്പെടുവിക്കുന്നത്. യുദ്ധത്തിൽ ബാലനെന്നും വൃദ്ധനെന്നും കരുതേണ്ടതില്ലെന്നു ക്ഷത്രിയധൎമ്മംതന്നെ പറയുന്നില്ലേ? ബാലനായ അഭിമന്യുവിനോടു പൊരുതുവാൻ പാടില്ലെങ്കിൽ വൃദ്ധനായ ഭീഷ്മരോടും യുദ്ധംചെയ്യാൻ പാടുള്ളതല്ല. അങ്ങിനെ വിചാരിക്കേണ്ടതില്ല. യുദ്ധം തുടങ്ങിയാൽ യുദ്ധംചെയ്യുന്ന എല്ലാ ശത്രുക്കളും ഒരുപോലെത്തന്നെ. വില്ലുമുറിച്ച സംഗതിയാണ് രണ്ടാമത്തെ ആക്ഷേപം. യുദ്ധത്തിൽ ശത്രുക്കളുടെ ആയുധങ്ങളെ ലക്ഷ്യമാക്കി അസ്ത്രങ്ങൾ പ്രയോഗിച്ചു അവരെ തല്ക്കാലം ക്ഷീണിതരാക്കുന്നതു എല്ലാ യോ

ധാക്കളും പ്രവത്തിച്ചതായി കാണുന്ന സംഗതിയാണ്. അതും, കണ്ണൻ അഭിമന്യുവിൻെറ അസ്ത്രങ്ങൾക്കു ലാക്കായി നിന്നു നേരിട്ട് പോർചെയ്യുന്ന അവസരത്തിലാണ് താനും. വല്ല സംശയമൊ ധമ്മശങ്കയൊ അരുതെന്നു കരുതി ബാലവാത്സല്യത്താൽ കണ്ണൻ ദ്രോണരോടു ധമ്മശങ്കയെ ചോദിക്കുകയും ദ്രോണർ ധമ്മലോപമല്ലെന്നു വിധിക്കുകയുംചെയ്തതിന്നുശേഷവുമാണ് കണ്ണൻെറ ഈ പ്രവൃത്തി. ഇവകളാൽ കണ്ണൻെറ പരാക്രമം എതിരില്ലാത്തതെന്നും അദ്ദേഹത്തിൻെറ ക്ഷാത്രധമ്മം കളങ്കരഹിതവുമായിരുന്നുവെന്നും നിസ്തക്കം നമുക്കു തീരുമാനിക്കാവുന്നതുമാണ്.

പരാക്രമികളിൽ അഗ്രേസരനെന്നപോലെ ദാതാക്കളിൽവെച്ചും കണ്ണൻ കിടയററവനായിരുന്നു. ബ്രാഹ്മണക്കു കൊടുക്കുകവയ്യാത്ത ഒരു വസ്തുപോലും കണ്ണനുണ്ടായിരുന്നില്ല. ദേവേന്ദ്രൻ കവചവും കുണ്ഡലവും യാചിക്കുവാൻ വരുന്നതാണെന്നും അതു കൊടുത്തുപോകരുതെന്നും, അങ്ങിനെ കൊടുത്തുപോകുന്നതായാൽ തനിക്കു അജ്ജുനനെക്കാൾ മെച്ചമുള്ള ഗുണങ്ങൾ ഇല്ലാതായി തീരുന്നതാണെന്നും മററും ഉപദേശിച്ച സൂയ്യദേവൻെറ വാക്കുകൾ സത്യനിഷ്ഠയാലും ദാനശീലംകൊണ്ടും വകവെക്കാതിരിക്കയാണല്ലൊ ചെയ്തത്.

"ജീവൻകളഞ്ഞുംകാക്കേണം കീത്തിയെന്നറികെൻവ്രതം
ആ ഞാൻബ്രാഹ്മണനായെത്തും ശക്രന്നീനല്ലഭിക്ഷയെ
കൊടുത്തു ദേവലോകത്തിൽപ്പരസ്സൽഗ്ഗതി നേടുവൻ"

(ആരണ്യം അ. 300)

ഇതാണല്ലൊ കൎണ്ണന്റെ മറുപടി. തന്റെ ജീവിതസൎവ്വസ്വവും ഇങ്ങിനെ കൃത്രിമബ്രാഹ്മണവേഷധാരിയായ ദേവേന്ദ്രന്നു ദാനം ചെയ്യുന്ന സമയം തന്റെ ശരീരത്തിൽനിന്നു കവചത്തെ ഈൎന്നെടുക്കേണ്ടിവന്നപ്പോൾ ഒരു തുള്ളിവെള്ളം കണ്ണിൽനിന്നു വീഴുകയാകട്ടെ, ഒരു ചാഞ്ചല്യം ദേഹത്തിന്നൊ മനസ്സിന്നൊ ഉണ്ടാവുകയാകട്ടെ ചെയ്യാഞ്ഞതിനാലാണല്ലൊ കൎണ്ണൻ എന്ന പേർ തന്നെ നമ്മുടെ നായകന്നു സിദ്ധിച്ചത്. ഉശീനരനായ ശിബിക്കോ, കൎണ്ണനൊ ആൎക്കാണ് ദാനമാഹാത്മ്യം ഏറുകയെന്നു നിൎണ്ണയിക്കാവുന്നതല്ല.

ദാനശീലത്തിലെന്നപോലെ തന്നെ ധൎമ്മനിഷ്ഠയിലും ഗുരുജനഭക്തിയിലും അനുപമനായിരുന്ന കൎണ്ണൻ അദ്ദേഹത്തെ ധൎമ്മപന്ഥാവിൽനിന്നു തിരിക്കുന്നതിന്നു ദൈവത്തിന്നുംകൂടി സാധിക്കാത്തതായിരുന്നു. കൎണ്ണനെ യുധിഷ്ഠിരാദികളോടു യോജിപ്പിക്കുവാനായി സൂൎയ്യദേവൻ എത്ര വളരെ പ്രയാസപ്പെട്ടു. മാതാവായ കുന്തി എത്ര താഴ്മയായി അപേക്ഷിച്ചു? പാണ്ഡവദൂതനായ കൃഷ്ണൻ എന്തെല്ലാം തന്ത്രങ്ങൾ പ്രയോഗിച്ചു നോക്കി. യുധിഷ്ഠിരനുമായി ഇണക്കി അയാളുടെ ജ്യേഷ്ഠഭ്രാതാവിന്റെ നിലക്കു രാജാവായി വാഴാവുന്നതാണെന്നുപറഞ്ഞു മോഹിപ്പിച്ചു നോക്കി. അത് ഫലിക്കില്ലെന്നു കണ്ടപ്പോൾ സുന്ദരിയായ പാഞ്ചാലിയുമായി എണക്കാമെന്നും പറഞ്ഞുനോക്കി. ഒടുവിൽ അൎജ്ജുനനെക്കൊണ്ടു കൊല്ലിക്കുന്നതാണെന്നും പറഞ്ഞു ഭയപ്പെടുത്തുവാനും ശ്രമിച്ചു. ഒന്നുകൊണ്ടും കൎണ്ണന്നു ചാഞ്ചല്യം ഭവിച്ചില്ല. താൻ

നിരാശ്രയനായിരിക്കുന്നകാലത്തു തന്നെ അവമാനത്തിൽ നിന്നു രക്ഷിച്ചതും തനിക്കു രാജ്യപദവിയും മററു പല മാന്യസ്ഥാനങ്ങളും, സുഖഭോഗങ്ങളും നല്കി വളത്തിവന്നതു മായകത്താവിനെ അയാൾക്കു ആപത്തുവന്നടുത്ത സമയത്തിൽ നിസ്സാരങ്ങളായ സുഖഭോഗങ്ങൾക്കുവേണ്ടി അയാളെഉപേക്ഷിച്ച് ശത്രുപക്ഷത്തിൽ ചേരുകയെന്നുപറഞ്ഞു കേൾക്കുന്നതുതന്നെ അദ്ദേഹത്തിന്നു അസഹ്യമായിരുന്നു. അങ്ങിനെ ചെയ്തിരുന്നുവെങ്കിൽ അദ്ദേഹത്തെ ഭീരുവെന്നും നികൃഷ്ടൻ എന്നും പറയുകമാത്രമല്ല നമ്മുടെ വാത്സല്യത്തിന്നു ഒരിക്കലും ആ കണ്ണൻ പാത്രമാവുകയുമില്ലായിരുന്നു. അദ്ദേഹത്തിന്റെ ധർമ്മബുദ്ധിയിലുള്ള സ്ഥിരത ഏററവും പ്രശംസനീയം തന്നെ. ഉത്തമന്മാർ മരണത്തെക്കാൾ അധികം ഭയപ്പെടുന്നതു അവമാനത്തെയാണല്ലൊ.

കൌരവപക്ഷത്തിൽ കണ്ണൻ ചേരുവാൻ ഇടയായത് അഭ്യാസപരീക്ഷാസമയത്തു ദുര്യോധനന്നു കൊടുത്ത സഖ്യവരംമൂലമാണു. ദുര്യോധനനിൽനിന്നു ലഭിച്ച് ഗുണങ്ങൾക്കു പൂർത്തിയായ കൃതജ്ഞതയും കണ്ണൻ കാണിച്ചു. അയാളെ ഏതവസരത്തിലും നിഷ്കളങ്കമായി സഹായിച്ചിരുന്നു എന്നു മാത്രമല്ല ഇത്രസത്യമായി ദുര്യോധനപക്ഷത്തിൽനിന്നു യുദ്ധം ചെയ്തവർ ആരുംതന്നെ വേറെ ഉണ്ടായിരുന്നതുമില്ല. തിന്ന ചോറിന്നു ചളിക്കൂടാതെ കൂറ കാണിച്ചത കണ്ണൻമാത്രമായിരുന്നു. ഭീഷ്മദ്രോണാദികൾ കൌരവപക്ഷത്തിൽനിന്നു യുദ്ധംചെയ്തു ജീവത്യാഗം

ചെയ്തുവെങ്കിലും പാണ്ഡവരോടുള്ള സ്നേഹം മൂലം യുദ്ധപാടവത്തെ അവർ മുഴുവൻ പ്രദൎശിപ്പിച്ചിരുന്നില്ലെന്നമാത്രമല്ല, ഒടുവിൽ സഹായിച്ചതുംപാണ്ഡവരെയായിരുന്നു. കൎണ്ണന്റെ പേരിൽ ആക്ഷേപത്തിന്നു വഴിയില്ല. അദ്ദേഹം നാലു് സഹോദരന്മാരെ തന്റെ കയ്യിൽ അകപ്പെട്ടിട്ടും കൊല്ലാതെ വിട്ടയച്ചതു് ദുൎയ്യോധനജയകാംക്ഷിയുടെ നിലക്കു് യോഗ്യമല്ലാത്തതായിരുന്നുവെന്നു ചിലർ പറയുമായിരിക്കാം. എന്നാൽ കൎണ്ണനെ ദുൎയ്യോധനൻ ഏല്പിച്ചിരുന്ന പ്രവൃത്തി അൎജ്ജുനവധം മാത്രമായിരുന്നു. മറ്റുള്ളവരെ നിസ്സാരന്മാരെന്നു കരുതിയൊ അൎജ്ജുനശക്തിയെകണ്ടുള്ള ഭയം നിമിത്തമൊ എന്തു കാരണത്താലായിരുന്നാലും അൎജ്ജുനനോടു എതിരിടുവാനുള്ള വില്ലാളിയായിട്ടാണു് കൎണ്ണനെ ദുൎയ്യോധനൻ കരുതിയിരുന്നതു്. യുദ്ധത്തിന്നുപോകുമ്പോഴും അതുതന്നെയാണു് ചുമതല ഏല്പിക്കുന്നതും. മറ്റുള്ള പാണ്ഡവന്മാരെ കൂടെ ഹനിക്കേണമെന്നുള്ള ചുമതലകൾ കൂടി ഏല്പിച്ചിരുന്നുവെങ്കിൽ കൎണ്ണൻ വല്ലാതെ ധൎമ്മസങ്കടത്തിൽ പെട്ടുഴലുമായിരുന്നു.

ഒരു ക്ഷത്രിയന്നു് വധത്തെക്കാൾ അധികം ഭയവും ലജ്ജയും ഉണ്ടാവുക പരാജയത്തെ കുറിച്ചാണല്ലൊ. നാലുപാണ്ഡവന്മാരേയും നിരായുധന്മാരാക്കി പിന്തിരിയിച്ചു് ഓടിച്ചതുകൊണ്ടുതന്നെ കൎണ്ണൻ തന്റെ പേരിൽ ദുൎയ്യോധനനുള്ള വിശ്വാസത്തിന്നു വഞ്ചനചെയ്തു എന്നു പറയുവാൻ പാടുള്ളതല്ല. ആ അവസരങ്ങളിൽ അവരെ കൊല്ലുവാനും ധൎമ്മയുദ്ധമുറകൾ പ്രകാരം പാടില്ലാത്ത

ത്തമായിരുന്നു. ധർമ്മമുറകളെ ഒരെള്ളോളമെങ്കിലും തെററി നടക്കാത്തവനുമാണല്ലൊ കർണ്ണൻ. അതിനാൽ ആ വാഗം സാധുവായിത്തീരുന്നതല്ല.

നാലു പാണ്ഡവന്മാരുടെ ആയുസ്സിനെ രക്ഷിച്ചത് കർണ്ണൻ കുന്തീദേവിയോടും കൃഷ്ണനോടും ചെയ്ത വാഗ്ദത്ത പ്രകാരവുമായിരുന്നു. ആ വാഗ്ദത്തം തന്നെ അദ്ദേഹത്തിൻെറ ഗുരുജനഭക്തി അളവററതായിരുന്നുവെന്നും അദ്ദേഹം മഹാമനസ്കനായിരുന്നുവെന്നുമുള്ള വാസ്തവത്തെ ആണ് നമുക്ക് കാണിച്ചുതരുന്നത.

“പിറയ്ക്കുമമ്മയോടോതിധീമാൻ കൈകൂപ്പിനിന്നവൻ
നാൽവരേയുംപോട്ടിൽവന്നാൽകൊല്ലാഞൊൻനിൻെറമക്ക
സ്ഥിരന്മാരായ്നില്ക്കുമഞ്ചുമക്കൾദേവീനിനക്കിഹ [ളെ
കർണ്ണൻചത്താൽസാർജ്ജുന,രർജ്ജുനൻചാകിൽസകർണ്ണരാം
ആപ്പുത്രനോടമ്മ വീണ്ടും പറഞ്ഞു പുത്രവത്സല
സ്വസ്തിചെയ്തീടണം സ്വസ്തിചെയ്വാൻകണ്ടേനജ്ജക്കനീ
എന്നോതിവിട്ടേച്ചുപ്രഥ ഗൃഹത്തേയ്ക്കങ്ങുപോയിപോൽ”

(ശാന്തി അ. 2)

ഒരു ഉത്തമകുലത്തിൽ ജനിച്ചവനായ തന്നെ, കുലമില്ലാത്തവനാക്കിത്തീർത്തവളും, കുട്ടികാലത്ത് അമ്മയുടെ ശുശ്രൂഷകൾകൊണ്ടു സുഖിച്ചു വളരുവാനുള്ള ഭാഗ്യത്തെ ഇല്ലാതാക്കിയവളും, തനിക്ക് പിന്നീടു വളരെ അധിക്ഷേപങ്ങൾക്കും അപമാനങ്ങൾക്കും കാരണമാക്കിയവളും, തൻെറ സ്വന്തം ജനങ്ങളോടുകൂടിസഹവസിക്കുവാൻ തരമില്ലാതാക്കിത്തീർത്തവളും, എന്നുവേണ്ട തൻെറ ജീവിതശ

യിലുള്ള സകല കഷ്ടാനുഭവങ്ങൾക്കും മൂലഹേതുവായ ആ കമ്മത്തിന്റെ കത്രിയുമായ, ആ കുന്തിയെ ആ മഹാനായ കണ്ണനല്ലാതെ വേറെയാക്കെങ്കിലും മാതാവെന്നുള്ള ബഹുമാനത്തോടുകൂടി കരുതുവാൻ സാധിക്കുന്നതാണോ? ആ വിശിഷ്ടപുരുഷനല്ലാതെ വേറെയാക്കാണ അവളുടെ അപേക്ഷകളെ നൽകുവാനായി ഹൃദയം സമ്മതിക്കുക? കണ്ണന്റെ മുമ്പിൽ ഗമിക്കുവാനായി കുന്തീദേവി വളരെ ശങ്കിച്ചു. പ്രവേശിച്ചപ്പോൾതന്നെ ഭയത്താൽ ദേഹംവിറച്ചിരുന്നുവത്രെ. ഇതിൽ ഒട്ടുംതന്നെ അത്ഭുതപ്പെടുവാൻ ഇല്ല. തന്റെ പ്രവൃത്തിയുടെ കാഠിന്യം അറിഞ്ഞിരുന്നിട്ടും കണ്ണന്റെ മുമ്പിൽചെല്ലുവാനുണ്ടായ ധൈയ്യത്തെ കുറിച്ചാണ് നാം അത്ഭുതപ്പെടേണ്ടത്. മററു മക്കളുടെ ജീവരക്ഷയിലുള്ള മോഹം മാത്രമാണ് ഇതിന്നു അവൾക്കധൈയ്യം നൽകിയതും.

എന്നാൽ കണ്ണനാകട്ടെ, തന്റെ മാതാവ തന്റെ മുമ്പിൽവന്ന് കുററം സമ്മതിച്ചപ്പോൾ വലിയ ക്ഷോഭം ഒന്നും കാണിച്ചില്ല. അദ്ദേഹം മുമ്പ് തന്നെവാസ്തവം അറിഞ്ഞിരിക്കുന്നുവെന്ന സംഗതിയായിരിക്കാം ഇതിന്നുകാരണം. എങ്കിലും, കുററംചെയ്ത ആളെ മുമ്പിൽ കാണുന്ന അവസരത്തിൽ ഉണ്ടാവുന്നക്ഷോഭത്തെ അദ്ദേഹംപ്രദശിപ്പിച്ചുകാണാത്തതിൽ ആത്മസംയമം ഒരുവിധംപൂത്തിയായി കണ്ണന്നു സിദ്ധിച്ചിരിക്കുന്നുവെന്നുവേണം നമുക്കുകരുതുവാൻ. കുന്തിയെ അധികമായി പഴിച്ചില്ലെന്നല്ല അവളുടെ അപേക്ഷകളിൽ ധമ്മാനുസരണം കൈക്കൊള്ളാവുന്നവ

യെ സ്വീകരിക്കുകയും ചെയ്തു. ഉപേക്ഷിക്കേണ്ടിവന്നതായ അപേക്ഷകൾക്ക് തക്കതായ സമാധാനം പറഞ്ഞുകൊടുത്ത സമാധാനിപ്പിക്കുകയും ചെയ്തുവെല്ലൊ. എത്ര തന്നെ കുററക്കാരിയായിരുന്നാലും, മാതാവ് എപ്പോഴും ഒരു പുത്രന്നു വന്ദ്യതന്നെ എന്നുള്ള ശ്രേഷ്ഠമായ പാഠത്തിന്നു ഇതിലും വലുതായ ഉദാഹരണം കാണുവാൻ പ്രയാസമാണ്. കർണ്ണനല്ലാതെ ഭാരതത്തിൽ യാതൊരു കഥാപുരുഷന്നും ഈ ഉപദേശം നൽകുവാനുള്ള യോഗ്യത ഇല്ലെന്നുമാണ് എനിക്കു തോന്നുന്നത്.

എന്നാൽ ഒരു ചോദ്യത്തിന്നുകൂടി ഒരവകാശമുണ്ടെന്നു ചിലർ കരുതുമായിരിക്കാം. ഭീഷ്മർ ദ്രോണർ മുതലായവർ ഇത്ര വളരെ ധീരന്മാരായിരുന്നിട്ടും അവർ അവരവരുടെ വീര്യപരാക്രമങ്ങളെ പറഞ്ഞു കാണുന്നില്ലല്ലൊ. പിന്നെ കർണ്ണൻ ഇത്രമാത്രം പരാക്രമിയായിരുന്നുവെങ്കിൽ എന്തിന്നു തന്നത്താൻ അത് എപ്പോഴും പറഞ്ഞിരുന്നു? ഇതിന്നുള്ള മറുപടിയെന്തെന്നാൽ കർണ്ണൻ മററുള്ളവരെപോലെ ഭാഗ്യശാലിയായിരുന്നില്ല. അയാളുടെ കുലവൈകല്യം കൊണ്ടും, ദുര്യോധനപക്ഷപാതിത്വം കൊണ്ടും, അർജ്ജുനവൈരംകൊണ്ടും, അദ്ദേഹത്തെ മററുള്ളവർ അവസരമുള്ളപ്പോഴെല്ലാം അധിക്ഷേപിക്കുകയാണ് ചെയ്തുവന്നിരുന്നത്. തന്റെ ഗുരുജനങ്ങളും മററും ഈ വിധം അധിക്ഷേപിച്ചിട്ടും കൂടി അദ്ദേഹം ധൈര്യത്തെ വെടിയാതിരുന്നതിനാലാണ് നാം അത്ഭുതപ്പെടേണ്ടത്. നാലാളുകൾ ഒരേവിധംതന്നെ പറയുന്നതായാൽ അതിനെ വിശ്വസിക്കുന്നതു മനുഷ്യ സാധാരണമാണ് താനും.

ആടിനെ പറ്റിയാക്കിയ കഥ എല്ലാവരും ഓക്കുന്നുണ്ടായിരിക്കാം. അവർ കണ്ണനെ അധിക്ഷേപിച്ചിരുന്നാലും വാസ്തവം അങ്ങിനെതന്നെയായിട്ടൊ അല്ലയോ എന്നുള്ളതിന്നു ഭീഷ്മരുടെ കണ്ണനുമായുള്ള ഒടുവിലത്തെ സംവാദം തന്നെ സാക്ഷിയാണ്. മററുള്ളവരുടെ അധിക്ഷേപങ്ങൾക്കിടയിൽ തൻെറ ധൈയ്യം നിലനിത്തുവാനായി മാത്രമാണ് കണ്ണൻ തൻെറ വീയ്യപരാക്രമങ്ങളിലുള്ള വിശ്വാസത്തെ പററി തന്നത്താൻ പറഞ്ഞുവന്നിരുന്നതെന്നുമാത്രമെ അദ്ദേഹത്തിൻെറ വാക്കുകളിൽനിന്നു നാം ഗ്രഹിക്കേണ്ടതുള്ളു. യുദ്ധത്തിൽ ആദ്യമായി അജ്ജുനനുമായി ദ്വൈരഥം ചെയ്യുവാൻ പോകുന്ന അവസരത്തിൽ ശല്യരുമായുണ്ടായ സംവാദം, താനെത്രയൊ കാലമായി പ്രതീക്ഷിച്ചുവരുന്ന ഒരു സന്ദഭം, തനിക്കു അടുത്ത് ലഭിക്കുവാൻ പോകുന്നു എന്നുള്ള അറിവിൻെറ ഫലമായി ഉണ്ടായിരുന്ന ഉത്സാഹത്തിൻെറ ഒരു പ്രകാശനം മാത്രമാണ്. ആ വിധ സന്ദഭങ്ങളിൽ ഉത്സാഹം ഉണ്ടാകുന്നതും ആയതിനെ വാക്ക്മൂലമൊ മറെറാ പ്രകാശിപ്പിക്കുന്നതും മനുഷ്യ സഹജമാണ്. അല്ലാതെ അത് ഒരു നീചസ്വഭാവമെന്നു പറഞ്ഞു നമുക്കു അദ്ദേഹത്തെ അധിക്ഷേപിക്കാവുന്നതല്ലാ.

മേൽപറഞ്ഞ സംഗതികൾകൊണ്ടു കണ്ണനെപ്പോലെ ഭാരതത്തിൽ വിശിഷ്ടവും, നിഷ്കളങ്കവുമായ ഒരു പാത്രം വേറെയില്ലെന്നു തെളിയുന്നതാണ്. ധമ്മനീതികളിൽ നിന്നു ഒരു എൾമണിക്കുപോലും തെററാതെ, സ്വ

ത്ത്യത്തോടും, അധമ്മഭയത്തോടും വീയ്യത്തോടുംക്രൂടി പ്ര കാശിച്ചു കാണുന്ന കണ്ണൻ തന്നെയാണ് നമുക്ക കൊ ണ്ടാടുവാനുള്ള പാത്രവും. സത്യത്തെയായിരുന്നു അദ്ദേ ഹം ജീവനേക്കാൾ അധികം വിലമതിച്ചിരുന്നതു. സ ത്യമെന്നതു യാതൊരു ഒഴികഴിവുകളും ഇല്ലാത്ത ധമ്മമാ കുന്നു. വാക്കുകൾ ഉച്ചരിക്കുന്നതിൽ മാത്രമെ സത്യത്തെ കൈക്കൊള്ളേണ്ടതുള്ളൂ എന്നു വിചാരിക്കുന്നത് മൂഢത്വ മാണ്. സത്യം മനസ്സിലെ വിചാരങ്ങളിലും വാക്കുകളി ലും പ്രവൃത്തികളിലും അന്യരുമായുള്ള സംബന്ധങ്ങളിലും എല്ലാം ഒരുപോലെ യാതൊരു വ്യത്യാസവും കൂടാതെ അനുഷ്ഠിക്കേണ്ടുന്ന ഒരു മനുഷ്യധമ്മമാകുന്നു. അശ്വ ത്ഥാമാവു എന്ന ഒരാനയെ കൊന്നതിന്നുശേഷം ദ്രോണ രുടെ മുമ്പാകെ ചെന്നു അശ്വത്ഥാമാവ് ഭീമനാൽ കൊ ല്ലപ്പെട്ടു എന്നു ഉച്ചത്തിലും "മെല്ലെ കുഞ്ജരമെന്നുമെ" എന്ന ധമ്മപുത്രൻ പറഞ്ഞത് ഒരിക്കലും സത്യമായി വ രുന്നതല്ലാ. മനഃസാക്ഷിയുടെ തൽക്കാല ശല്യത്തെ അ ടക്കുവാൻ കൂടി ഇമ്മാതിരി പ്രയോഗങ്ങൾ കൊണ്ടു സാ ധിക്കുമൊയെന്നും സംശയമാണ്. നേരുപറകയെന്നതി ന്നുവേണ്ട മനോധൈയ്യം പോലും ഈ വിധമസത്യത്തി ൽകാണാത്തതിനാൽ ഇമ്മാതിരിയുള്ള ഭീരുക്കളുടെ അസ ത്യവചനങ്ങളെ ഏറ്റവും നികൃഷ്ടങ്ങളായിട്ടാണ് കരു തേണ്ടത്. സത്യത്തെ ആശ്രയിച്ചിട്ടാണല്ലൊ മറ്റെല്ലാ ധമ്മങ്ങളും നിലനില്ക്കുന്നതു. അതുതന്നെയാണ് സത്യത്തി ന് ശതപത്രസമ്മതുവൻ, മറ്റെല്ലാ പുണ്യങ്ങളേക്കാളും പ്രാധാന്യം വിധിച്ചിട്ടുള്ളതും സത്യനിയമങ്ങൾ അന്നു

ഷ്ടിക്കുന്നത് ഒട്ടുംതന്നെ എളുപ്പമൊ സുഖകരമൊ ആയ പ്രവൃത്തിയില്ലെന്നു വായനക്കാൎക്കു അനുഭവങ്ങൾ കൊണ്ടു തന്നെ മനസ്സിലായിട്ടുണ്ടായിരിക്കേണം. ആയതിനാൽ ആ സത്യപന്ഥാവിൽ നിന്നു ഒട്ടുംതന്നെ പിഴക്കാതെ ജീവിച്ചിരുന്ന കൎണ്ണൻ, ഹരിശ്ചന്ദ്രൻ, ശിബി, ദധീചി, എന്നിവരെപോലെ തന്നെ നമ്മുടെ അളവററ സ്നേഹത്തിന്നും ആദരവിന്നും പാത്രമാകുന്നതുമുണ്ട്. അദ്ദേഹം വൃഷൻ എന്നുള്ള പേരിന്നു, അൎത്ഥനായതും ഇതുകൊണ്ടുതന്നെയാണ്. "ബ്രഹ്മണ്യൻ സത്യമോതുന്നോൻ തപസ്വി നിയതവ്രതൻ

ദയാലു ശത്രുക്കളിലും കൎണ്ണനായതിനാൽ വൃഷൻ"

(ദ്രോണം. അ 181)

എന്നാണല്ലൊ കൃഷ്ണൻതന്നെ പറയുന്നതു.

സത്യം, ദയ, ധൎമ്മം, ശൌൎയ്യം എന്നീ ഗുണങ്ങൾ പൂൎത്തിയായി വിളങ്ങുന്ന ഇദ്ദേഹത്തിൻെറ നേരെ ബഹുമാനത്തിന്നും സ്നേഹത്തിന്നും പുറമെ നമുക്കു വിശിഷ്യ ഒരു പ്രിയവാത്സല്യവും തോന്നുന്നുണ്ട്. നമുക്കു അടുത്തു പെരുമാറി കൊണ്ടാടുവാനുള്ള പാത്രവും ഇദ്ദേഹംതന്നെയാണെന്നു മുമ്പ് പറഞ്ഞിട്ടുള്ളതിന്നു കാരണവും ഈ വാത്സല്യം തന്നെയാണ്. തുല്യഗുണവാന്മാരായ ഭീഷ്മരിലും, വിദുരരിലും വാത്സല്യം തോന്നാതിരിപ്പാനുള്ള കാരണവും കൎണ്ണനിൽ ഇങ്ങിനെ ഉണ്ടാകുവാനുള്ള കാരണവുമാണ് ഇനി നമുക്കു ആലോചിക്കുവാനുള്ളത്. കൎണ്ണൻ പൌരുഷത്തിൻെറ മൂൎത്തീകരണമാണ്. അദ്ദേഹത്തിൻെറ സകല പ്രവൃത്തികളും മനുഷ്യവീൎയ്യത്തിൻെറ പ്രതി

ഛായകളാണ്. അദ്ദേഹത്തിൻെറ പൌരുഷമാകട്ടെ ശുദ്ധമായിരിക്കുന്നു. അന്യസഹായം യാതൊന്നും ഇല്ല. ദൈവകല്പിതമായ സംഭവങ്ങളോട് എപ്പോഴും പോരിട്ടുകൊണ്ടുതന്നെയിരിക്കുന്നു. അദ്ദേഹത്തിൻെറ ജീവചരിത്രം തന്നെ നോക്കുക. ഒരു സൂതപുത്രൻെറ നിലയിൽനിന്നു ലോകവന്ദിതനായ ഒരു പുരുഷനായിതീൎന്നത് അദ്ദേഹത്തിൻെറ സ്വന്തം പൌരുഷം കൊണ്ടു മാത്രമാണു. ഇങ്ങിനെ ദൈവഹിതത്തിന്നു എതിരായിനിന്നു യുദ്ധം ചെയ്യുന്ന ആകൎമ്മപൌരുഷമാണു അദ്ദേഹത്തെ നമ്മുടേ വാത്സല്യഭാജനമാക്കി തീൎക്കുന്നത്. എന്നതിന്നും പുറമെ ദൈവഗത്യാ വന്നുചേൎന്ന ആപത്തുകളും കഷ്ടപാടുകളും അദ്ദേഹം അനുഭവിപ്പാൻ ഇടയായികാണുന്നതിൽ അദ്ദേഹത്തിൻെറ നേരെ സഹതാപവും നമ്മുടെ മനസ്സിൽ ജനിക്കുന്നുണ്ട്. അയാളുടെ പൌരുഷത്തിൽ നമുക്കുള്ള ബഹുമാനത്തിൻെറയും, കഷ്ടപ്പാടുകളിലുള്ള അനുകമ്പയുടേയും ഫലമാണു നമുക്കു അദ്ദേഹത്തോടുള്ള വാത്സല്യം.

ഇത്രയും നിൎമ്മലതേജസ്വിയായ അദ്ദേഹത്തിൻെറ ചരമശേഷമുള്ള വൃത്താന്തവും നോക്കുക. ലോകത്തിന്നെല്ലാം ആദികൎത്താവെന്ന് ഋഗ്വേദത്തിൽ ഘോഷിക്കുന്നേതും സകലചരാചരങ്ങൾക്കും ആധാരഭൂതമായതും എല്ലാപ്പോഴും തിളങ്ങികൊണ്ടിരിക്കുന്നതുമായ ആ സൂൎയ്യമണ്ഡലത്തോടണെല്ലൊ അദ്ദേഹം ചെന്നുചേരുന്നത്. സൂൎയ്യതേജസ്സിനോടുകൂടി വ്യാസൻ കൎണ്ണനെ സംയോജിപ്പിച്ചതിൽ അൎത്ഥമില്ലെന്നു കരുതുവാൻ തരമില്ല. സൂൎയ്യതേജസ്സ്

എങ്ങിനെ എന്നെന്നും മനുഷ്യൎക്ക് പ്രത്യക്ഷമായി നിലനില്ക്കുന്നു എന്നുമാത്രമല്ല, അവൎക്ക ജീവനെതന്നെ ദാനം ചെയ്യുന്നുവോ, അതുപോലെതന്നെ, കൃഷ്ണനും നിൎമ്മലതേജസ്സോടുകൂടി എന്നെന്നും ഹാനിതട്ടാത്തനിലയിൽ തന്നെ നിന്ന് ലോകൎക്ക ആഹ്ളാദത്തെ ഉണ്ടാക്കികൊടുക്കുന്നതാകുന്നു. മററു യാതൊരു പാത്രത്തിന്നും കവി ഇത്ര ഉയൎന്ന ഒരു പദവിയെ അവരുടെ ജീവിതാനന്തരം കല്പിച്ചുകൊടുത്തിട്ടില്ല. അതിന്നു വേറെയാൎക്കും അൎഹതയും ഉണ്ടായിരുന്നില്ല. കവിതന്നെ കൃഷ്ണനെയാണ് ഭാരതത്തിൽവെച്ചു ഉത്തമപാത്രമായി കരുതിയിരുന്നിരുന്നതെന്നാണ് ഈ വിധം ചിന്തനകൾകൊണ്ടു നമുക്ക് തെളിയുന്നത്.

അങ്ങിനെ കൃഷ്ണനെ ഭാരതത്തിൽവെച്ചു ഏററവും ഉത്തമപാത്രമായിട്ടാണ് കവി വിചാരിച്ചിരുന്നതെങ്കിൽ അദ്ദേഹത്തെ കഥയുടെ നടുവിൽവെച്ചു പരലോകത്തേക്ക പറഞ്ഞയച്ചത് എന്തുകൊണ്ടായിരുന്നുവെന്നു ചിലൎക്ക സംശയംതോന്നിയേക്കാം. അതിന്നു സമാധാനവും പറഞ്ഞുകൊണ്ട് ഈ പ്രബന്ധത്തെ ഉപസംഹരിച്ചുകൊള്ളുന്നതാണ്.

ഭാരതഗ്രന്ഥം നമുക്ക ഒരു മുഴുവൻ ലോകത്തെയാണ് കാണിച്ചുതരുന്നതെന്നു ഞാൻ ആദ്യമേ പ്രസ്ഥാപിച്ചിട്ടുള്ളത് വായനക്കാർ ഓൎക്കുന്നുണ്ടായിരിക്കുമല്ലൊ. ലോകത്തിലെ നടവടികളുടേയും സമ്പ്രദായങ്ങളുടേയും ഒരു പ്രതിബിംബമായ ഈ ഗ്രന്ഥത്തിൽ ലോകനിയമങ്ങളെ ശരിയായി കവി അനുഷ്ഠിച്ചു എന്നു മാത്രമേയുള്ളു. ലോ

കയുദ്ധത്തിൽ ധാൎമ്മികന്മാർ ജയം പ്രാപിച്ചുകാണുന്നത് ചുരുക്കമാണല്ലൊ. ധൎമ്മം ജയിക്കുമെന്നു പറയുന്നതു ഇഹത്തിലേക്കാൾ പരത്തിലെ വൃത്താന്തത്തെയാണ് അധികം ആശ്രയിക്കുന്നത്. സാമൎത്ഥ്യത്തോടുകൂടി അധൎമ്മങ്ങൾ ചെയ്യുന്നവരെയാണെല്ലൊ സംസാരയുദ്ധത്തിൽ വിജയികളായി നാം സാധാരണയായി കാണുന്നത്. ആ ലോകതത്വത്തിന്റെ ദൃഷ്ടാന്തമാണ് കൎണ്ണന്റെ ചരിത്രം.

വീണ്ടും മറെറാരുലോകതത്വം കൎണ്ണന്റെ ചരിത്രത്തിൽനിന്നു വെളിപ്പെടുന്നതെന്തെന്നാൽ; പൌരുഷം എത്രതന്നെ ശക്തിയുള്ളതായാലും ദൈവവിധിയെ തടുക്കുവാൻ സാധിക്കില്ലെന്നുള്ളതാണ്. കൎണ്ണന്റെ പൌരുഷശക്തിക്കു അശേഷം കുറവു ഉണ്ടായിരുന്നില്ലല്ലൊ. എന്നിട്ടുംകൂടി അദ്ദേഹം എത്ര കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടിവന്നു. ഒടുവിൽ അൎജ്ജുനന്റെ കയ്യിൽനിന്നു മരണവും സ്വീകരിക്കേണ്ടിവന്നില്ലെ? മനുഷ്യബലം തുഛമാണെന്നും, സൎവ്വേശ്വരനായ ദൈവത്തിന്റെ ശക്തിയോടു മനുഷ്യബലത്തിന്നു എതിൎത്തുനില്ക്കുവാൻ സാധിക്കുന്നതല്ലെന്നും കവി എത്ര വിശദമായി ഇതിനാൽ ദൃഷ്ടാന്തപ്പെടുത്തിയിരിക്കുന്നു. ശ്രീരാമനെ കാട്ടിലേക്കു പോകുവാനായി ദശരഥൻ കല്പിച്ചിരിക്കുന്നുവെന്ന വൎത്തമാനം ലക്ഷ്മണൻ കേൾക്കുമ്പോൾ, ദൈവഹിതത്തെ പൌരുഷംകൊണ്ടു ഇല്ലാതാക്കുന്നുണ്ടെന്നു ലക്ഷ്മണൻ പറഞ്ഞിട്ടുള്ളത്, അദ്ദേഹത്തിന്റെ വ്യസനാധിക്യംകൊണ്ട് പെട്ടെന്നു പറഞ്ഞുപോയിട്ടുള്ളതാണ്. ദൈവഹിതത്തെ പൌരുഷത്താൽമാ

റുവാൻ സാധിക്കില്ലെന്നുതന്നെയാണ് ശ്രീവാത്മീകിയും നമുക്ക ശ്രീരാമചരിതത്താൽ ഉദാഹരണപ്പെടുത്തികാണി ച്ചുതരുന്നത്. പക്ഷെ രണ്ടു ദിവ്യകവികളും രണ്ടുവിധ ത്തിലാണ ആ തത്വം ഉപദേശിച്ചിരിക്കുന്നതെന്നേയുള്ളു. ദൈവഹിതം കൊണ്ടുവരുന്നസങ്കടത്തെ പൌരുഷത്തോ ടുകൂടിതന്നെ പ്രയത്നിച്ചിരിക്കുന്നതായ ദൈവഹിതം അനുകൂലമായിവരുന്ന അവസരത്തിൽ ആ സങ്കടത്തെ മാററാവുന്നതാണെന്നാണ് രാമായണംകഥ നമ്മളെ പഠിപ്പിക്കുന്നത്. അതിനാൽ നിരാശപ്പെടേണ്ടതില്ലെ ന്നും അത്യാപത്തുകളിൽ കൂടി സ്ഥിരപ്രയത്നം ചെയ്യേ ണ്ടുന്നതാണെന്നും അങ്ങിനെ ചെയ്തിരുന്നാൽ ഒടുവിൽ ദൈവംതന്നെ അനുകൂലിക്കുന്നതാണെന്നും രാമായണം നമുക്ക ഉപദേശിച്ചുതരുന്നു. കർണ്ണചരിത്രമാകട്ടെ നമ്മൾ ഫലത്തെ നോക്കേണ്ടതില്ലെന്നും അപജയം വരുന്നതാ യാൽതന്നെ പൌരുഷത്തോടെ പ്രവൎത്തിക്കുന്നതാണ് ശ്രേയസ്കരവും യശോവൎദ്ധനവുമെന്നും ഉപദേശിക്കുന്നു. അവസാനത്തിൽ ലഭിക്കാവുന്ന ജയത്തെ ഇഛിച്ച് പൌ രുഷത്തെ കൈക്കൊള്ളുവാനായി രാമായണവും, ഫലം നോക്കാതെ പൌരുഷവൃത്തിയിലുള്ള ഗുണത്തെ കാണി ച്ചതാണ് ആയതിനെ സ്വീകരിക്കുവാനായി ഭാരതവും ഉ പദേശിക്കുന്നു. രണ്ടു ദിവ്യകാവ്യങ്ങളും ഒരേ തത്വത്തെ തന്നെ ഉപദേശിച്ചുകാണുന്നതുകൊണ്ട് വളരെ സന്തോ ഷത്തിന്നും കൃതാൎത്ഥതക്കും കാരണമായിതീരുന്നുണ്ടു.

ഇനിയും മററൊരുതത്വം കർണ്ണന്റെ ജീവചരിത്ര ത്തിൽനിന്നു നമുക്ക ഗ്രഹിക്കുവാനായി കവി ഉദ്ദേശിച്ചി

ട്ടുള്ളതായി വിചാരിക്കേണ്ടിയിരിക്കുന്നു. അതായത് ഒരുവൻ എത്രതന്നെ ധർമ്മിഷ്ഠനായിരുന്നാലും ദോഷവാന്മാരായി അവന്നു സംസർഗ്ഗത്തിന്നിടവന്നാൽ, ദോഷവാന്മാർക്ക് കിട്ടുന്ന ശിക്ഷയുടെ ഒരു പങ്ക് ഇവനും അനുഭവിക്കേണ്ടിവരുമെന്നുള്ളതാണ്. "ഒരുത്തൻചെയ്തീടിന ദുഷ്കർമ്മത്തിന്റെ ഫലം പരക്കെയുള്ളവർ അനുഭവിച്ചീടുകെന്നേവരു" എന്നു ശ്രീവാത്മീകിമഹർഷി പ്രസ്താപിച്ചിട്ടുള്ളത എത്രയും വാസ്തവംതന്നെ എന്നു കണ്ണചരിത്രം നമുക്കു വീണ്ടും കാണിച്ചുതരുന്നു. ലോകരംഗത്തിൽ നിരപരാധികളായവർ എത്രയോപേർ ചുരുക്കം ചില ആളുകളുടെ ദുഷ്കർമ്മത്തിന്റെ ഫലം അനുഭവിക്കേണ്ടിവരുന്നതായി നാം ദിവസംപ്രതി കണ്ടുവരുന്നു. സംസർഗ്ഗംകൊണ്ടുണ്ടാകുന്ന ഫലങ്ങൾ നിസ്സാരങ്ങളായവയല്ല. ഈ മഹാതത്വത്തെ തന്നെയാണ് കണ്ണചരിത്രവും ഉദാഹരണപ്പെടുത്തുന്നത്.

ഇങ്ങിനേയും മററും പല വാസ്തവതത്വങ്ങളേയും തെളിയിക്കുന്നതിനായിട്ടാണ് ലോകരീതിയെ അനുസരിച്ചു കണ്ണനെ വ്യാസൻ ബലികഴിച്ചിട്ടുള്ളതു. അദ്ദേഹത്തിന്റെ അകാലമരണം, അദ്ദേഹത്തിന്റെ വൈശിഷ്ട്യത്തെ കുറക്കുന്നതിനേക്കാൾ അധികരിപ്പിക്കുകയാണു ചെയ്യുന്നത്. വ്യാസന്റെ ലോകപരിജ്ഞാനവും ആശ്ചര്യകരം തന്നെ. വ്യാസന്റെ പ്രത്യേകസൃഷ്ടിയായ കണ്ണൻ യാതൊരുഹാനിയും കൂടാതെ അപരിമിതമായ തേജസ്സോടുകൂടി നമ്മുടെ ഹൃദയകമലങ്ങളിൽ എന്നെന്നും വിലസട്ടെ!! ഭാഗ്ഗ്യവൽപ്രിയനായിതീർന്ന കണ്ണൻ, നമുക്കും പ്രീ

യശോജനമായിത്തന്നെ എന്നെന്നേക്കും വൎത്തിക്കട്ടെ!!! അദ്ദേഹത്തിന്റെ നിൎമ്മലമായ കീൎത്തി, സൂൎയ്യരശ്മികളുള്ള കാലത്തോളം അവയൊന്നിച്ചു ഭൂമിയിൽ പരിലസിച്ചു്, അധൎമ്മാന്ധകാരത്തെ ഇല്ലാതാക്കിത്തീൎക്കട്ടെ!!!! ആദിത്യഹൃദയത്തെ ജപിക്കുന്നവസരം കണ്ണനെ കൂടി ഓൎക്കേണമെന്നു വായനക്കാരോടു അപേക്ഷിച്ചുംകൊണ്ടു് ഈ പ്രബന്ധത്തെ മഹാജനസമക്ഷം വെച്ചുകൊള്ളുന്നു.

ശുഭം.

കേരള സാഹിത്യ
അക്കാദമി